
# യുക്തിവിചാരം

2001 ഏപ്രിൽ




ഈയിടെ അന്തർദേശീയമായി ആദർശവിവാഹിതരായ
പെർട്ടിയും രത്നയും (വാർത്ത 30-ാം പേജിൽ)

യുക്തിവാദപ്രചരണവേദി, തൃശ്ശൂർ - 680004

വില : 5 രൂപ

# യുക്തിവിചാരം

പുസ്തകം: 25 2001 ഏപ്രിൽ ലക്കം: 3

* കുറിപ്പുകൾ: താലിബാനെ തള്ളുക,
പ്രണയത്തിനെതിരേ!, നാം ഏതുനൂറ്റാണ്ടിൽ?,
സമൂഹത്തെ വഴിതെറ്റിക്കുന്ന മാധ്യമങ്ങൾ. — ജെ. വി.
* കിഴക്കിന്റെ വെളിച്ചത്തിലേക്ക് ഒരിക്കൽക്കൂടി - II
— എം. ജി. ശശിധരൻ, അന്നനാട്ട്
* ജിനോം ഘടനയുടെ കണ്ടെത്തൽ–മിഥ്യാഭിമാനത്തിന്റെയും
മേധാവിത്വത്തിന്റെയും കടപിഴകൽ!
— അഡ്വ: വർഗ്ഗീസ് വട്ടക്കാവ്
* ഭ്രൂണശാസ്ത്രവും സ്ത്രീജന്മം പുണ്യജന്മവും
ഹദീസ് വ്യാഖ്യാനങ്ങളും — പാർത്ഥിവൻ
* സ്ത്രീപീഡനം — ഡോ: ലാസർ തേർമഠം
* മനുഷ്യദൈവങ്ങളുടെ കാപട്യങ്ങൾ — പ്രദീപ്
* ലോക ഹ്യൂമനിസ്റ്റ് പ്രസ്ഥാനത്തിലെ കിഴക്കും
പടിഞ്ഞാറും തമ്മിലുള്ള ആദ്യത്തെ ആദർശ വിവാഹം — ഒ. ലേ
* ആദർശ കുടുംബം — ലവണം
* യൗസേബിയൂസിന്റെ സഭാ ചരിത്രത്തിലെ കന്യാമറിയം
— മാത്യു ഉുവയിൽ
* അന്ധമായ ഈ പ്രകൃതി — വി. വി.
* വാർത്തകളിൽനിന്ന്

## ചിന്താവിഷയം

മഹത്വം കാണേണ്ടതു് സത്യസന്ധമായി പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്തുകൊണ്ടു ജനങ്ങളെ സേവിക്കുന്നതിലാണു്. അല്ലാതെ അത്ഭുതം കാണിക്കുന്നതിലല്ല. അത്ഭുതങ്ങളെപ്പററി സംസാരിക്കുന്നവർ വഞ്ചകരോ വഞ്ചിതരോ ആണു്.'

— പ്രൊ: ഗോറ

കുറിപ്പുകൾ:- ജെ. പി.

# താലിബാനെ തളയ്ക്കുക

അഫ്ഗാനിസ്ഥാനിലെ നജീബുള്ളയുടെ ഭരണകൂടം തകർന്നു തരിപ്പണമായപ്പോൾ, പകരം അവിടെ രൂപംകൊണ്ടതു് മുസ്ലീം മതമൗലിക ഭരണകൂടമായിരുന്നു. സോവിയററ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടം തകർന്നപ്പോഴും, അവിടെയും രൂപംകൊണ്ടു. സ്വാതന്ത്ര്യരാഷ്ട്രങ്ങളിൽ പലതിലും മതമൗലികത ഉയിർത്തെഴുന്നേററതും വർഗ്ഗീയ ലഹളകൾ കൊട്ടുംപിരികൊണ്ടതും നാം കണ്ടുകഴിഞ്ഞതാണു്. യൂഗോസ്ലാവ്യയിലെ കമ്മ്യൂണിസ്ററ് ഭരണകൂടം തകർന്നപ്പോഴും നാമിതു കണ്ടിരുന്നു. കമ്മ്യൂസ്ററ് ഭരണകൂടങ്ങൾ തകരുന്നിടങ്ങളിലെല്ലാം മററു മതമൗലികതകൾ ഉയിർത്തെഴുന്നേൽക്കുന്നു. നജീബുള്ള ഭരണകൂടത്തിനു പകരംവന്ന താലിബാൻ ഭരണകൂടം, ‘പ്രവാചകനായ’ മുഹമ്മദിന്റെ യഥാർത്ഥ അനുയായികളാൽ നയിക്കപ്പെടുന്നതായിരുന്നു. വിവരവും വിദ്യാഭ്യാസവും നെറിവും മനുഷ്യത്വവും തൊട്ടുതീണ്ടിയിട്ടില്ലാത്ത മുഹമ്മദിന്റെ അനുയായികൾ താലിബാനിലെ സ്ത്രീകളുടെ മേൽ യാഥാസ്ഥിതിക മതനിയമങ്ങൾ അടിച്ചേല്പിച്ചു. സ്ത്രീകളെ വെറും ഉപഭോഗവസ്തുക്കളായി മാത്രം കണ്ടിരുന്ന മുഹമ്മദ് ‘പുരുഷനു വിളവിറക്കാനുള്ള നിലങ്ങളായിട്ടാണ്’’ സ്ത്രീകളെ വിശേഷിപ്പിച്ചിരുന്നതു്. താലിബാൻ ഭരണകൂടവും വ്യത്യസ്തമാകുക വയ്യല്ലോ. അവർ സ്ത്രീകൾക്കു് പർദ്ദ നിർബ്ബമാക്കി. താലിബാൻ ഭരണകൂടം ഒരു ‘പത്തു കല്പനകൾ’ തന്നെ പുറപ്പെടുവിച്ചു. പത്തു കല്പനകൾ നോക്കുക. “1. സ്ത്രീകൾ വീടിന്റെ പുറത്തിറങ്ങരുതു്. അഥവാ ഇറങ്ങിയാൽത്തന്നെ ആധുനിക വേഷങ്ങൾ ധരിക്കുകയോ ആഭരണങ്ങൾ അണിയുകയോ ചെയ്യരുതു്. 2. സ്ത്രീകൾ സമീപിക്കേണ്ടതു് സ്ത്രീഡോക്ടർമാരെയാണു്. പുരുഷഡോക്ടർ അനിവാര്യമായാൽ പരിശോധനാസമയത്തു് രോഗിയുടെ അടുത്ത ബന്ധു കൂടെയുണ്ടായിരിക്കണം. രോഗിയും ഡോക്ടറും ഇസ്ലാമിക ശിരോവസ്ത്രം ധരിച്ചിരിക്കണം. രോഗബാധിത ഭാഗങ്ങൾ മാത്രമേ ഡോക്ടർ കാണാനും പരിശോധിക്കാനും പാടുള്ളു. 3. താടി വടിക്കരുതു്. താടി വടിക്കുന്നവരെ ഒന്നരമാസത്തെ നിരീക്ഷണത്തിനുശേഷം അറസ്ററു ചെയ്യും. താടി നന്നായി വളരുന്നതുവരെ തടവിലിടും. 4. പ്രാവിനെയും മററു പക്ഷികളേയും വളർത്തുകയോ കളിപ്പിക്കുകയോ ചെയ്യരുതു്. ഇതു് ശ്രദ്ധയിൽ പെട്ടാൽ പത്തുദിവസത്തെ സാവകാശം നല്കും. വീണ്ടും തുടർന്നാൽ പക്ഷികളെ കൊല്ലും. 5. പട്ടം പറപ്പിക്കരുതു്. പട്ടങ്ങൾ വില്ക്കുന്ന കടകളുടെ പ്രവർത്തനം നിയമവിരുദ്ധമാണു്. 6. ചിത്രങ്ങളും പ്രതിമകളും

നിരോധിച്ചിരിക്കുന്നു. വാഹനങ്ങളിലോ കടകളിലോ മററുള്ള സ്ഥലങ്ങളിലോ ചിത്രപ്രദർശനം പാടില്ല. 7. ബ്രിട്ടീഷ്-അമേരിക്കൻ ഹെയർസ്റ്റൈൽ നിയമവിരുദ്ധമാണ്; മുടി നീട്ടി വളർത്തുന്നവരെ മതപോലീസ് പിടികൂടി തല മൊട്ടയടിക്കും. ഇതിൻെറ ചെലവ് കുററവാളി (മുടി വളർത്തിയ ആൾ) വഹിക്കണം. 8. സ്ത്രീകളുടെ വസ്ത്രങ്ങൾ ടെയ്ലർ അളവെടുത്തു തുന്നുന്നതു് ശിക്ഷാർഹമാണ്. സ്ത്രീകളോ, ഫാഷൻ മാസികകളോ തയ്യൽക്കടയിൽ കണ്ടാൽ ടെയ്ലറെ ജയിലിലടക്കും. 9. സ്ത്രീകൾ നിർബ്ബന്ധമായും പർദ്ദ ധരിച്ചിരിക്കണം. മുഖമോ കൈ, കാലുകളോ മററു ശരീരഭാഗങ്ങളോ പുറത്തു കാണാൻ പാടില്ല. 10. സ്ത്രീകൾ ഒരു കാരണവശാലും ജോലിക്കു പോകുവാൻ പാടുള്ളതല്ല. പുരുഷന്മാരോടൊപ്പം ജോലിചെയ്യുന്നതു് ശിക്ഷാർഹമാണ്.'' ഇത്ര അധമമായ കല്പനകൾ പുറപ്പെടുവിക്കാൻ മുഹമ്മദിൻെറ അനുയായികൾക്കല്ലാതെ മററാക്കു കഴിയും!

സൗന്ദര്യമത്സരങ്ങളെ നിരോധിക്കുന്ന ബി. ജെ. പി. യും ഇസ്ലാമിൻെറ അതേ പാത പിന്തുടരുവാനുള്ള ശ്രമമാണ് നടത്തുന്നതു്. ബാബ്റിമസ്ജിദ് എന്ന ചരിത്ര സ്മാരകം തച്ചുതകർത്ത ആർ. എസ്. എസും, ബി. ജെ. പിയും ശിവസേനയും ചെയ്ത അതേ വങ്കത്തരവും മൗഢ്യവുമാണ് ഇന്നു് രണ്ടായിരത്തിലേറെ വർഷങ്ങൾ പഴക്കവും ഇരുന്നൂറടിയോളം ഉയരവും ഒററക്കല്ലിൽ തീർത്തതുമായ ബുദ്ധപ്രതിമകൾ തകർക്കുന്നതിലൂടെ താലിബാൻ ഭരണകൂടവും ചെയ്യുന്നതു്. അഫ്ഗാനിസ്ഥാനിൽ ഇന്നു് ബുദ്ധമതക്കാരില്ല. 'ബഹുദൈവാരാധകരും വിഗ്രഹാരാധകരും (അവിശ്വാസികൾ) നികൃഷ്ടരാണ്. അവരെ മിത്രങ്ങളാക്കരുതു്. അവരുടെ കഴുത്തുകൾ വെട്ടുക. അവരെ കണ്ടിടത്തുവെച്ചുതന്നെ കൊല്ലുകയോ തടവിൽ പിടിക്കുകയോ ചെയ്യുക. അവരുടെ കൈക്കാലുകൾ വിപരീതമായി മുറിക്കുകയോ നാടുകടത്തുകയോ ചെയ്യുക' എന്നാണ് മുഹമ്മദ് പറഞ്ഞിരിക്കുന്നതു്. ക്രിസ്ത്യാനികളോടും യഹൂദരോടും മുഹമ്മദ് ചെയ്തിരുന്നതും ഇതായിരുന്നു. എത്രയെത്ര കുരിശുയുദ്ധങ്ങൾ. എത്രയായിരം യഹൂദരുടെ തലകൾ അരിഞ്ഞുതള്ളി. രണ്ടായിരത്തിഒന്നു് മാർച്ച് പതിനൊന്നിനു്, മുഹമ്മദിൻെറ അനുയായി സദ്ദാംഹുസൈൻ, യഹൂദരെ ഉന്മൂലനംചെയ്തു് ജറുസലേം മോചിപ്പിക്കാൻ ചാവേർപ്പടയെ നിയോഗിച്ചിരിക്കുന്നു. ലോകത്തിലൊരിടത്തും സമാധാനം തരില്ലെന്നു് ഈ മതം ശഠിക്കുന്നു. ബിൻലാദൻ എന്ന മതമൗലികവാദി താലിബാനിലിരുന്നു് ലോകമാകെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കാശ്മീരിൽ പോലും ലാദൻെറ കരങ്ങൾ പ്രവർത്തിക്കുന്നു. ഇത്തരത്തിലുള്ള ഒരു മതവും അതിൻെറ നിയമങ്ങളുമുള്ള താലിബാനിൽ ബുദ്ധമതമെന്നല്ല ഇസ്ലാമല്ലാതെ മറെറാരു മതവും ഉണ്ടാകില്ലല്ലോ? അതുകൊണ്ടു്

തന്നെ അവിടെ വിഗ്രഹാരാധന നടക്കുന്നില്ല. പിന്നെന്തിനാണ് ബുദ്ധപ്രതിമകൾ സ്തൂപാദികവസ്തുക്കൾ ഉപയോഗിച്ചു തകർത്തുകളയുന്നത്. എത്രയോ വർഷം പഴക്കമുള്ള ഒരു സംസ്കൃതിയുടെ ഭാഗമാണവ. അവ സംരക്ഷിക്കാൻ നൂറുകണക്കിനു രാജ്യങ്ങൾ തയ്യാറാണ്. അവക്കതു വിട്ടുകൊടുത്തുകൂടെ?

ബുദ്ധപ്രതിമകൾ, ഐക്യരാഷ്ട്രസഭയുടെ എതിർപ്പിനെ വകവെക്കാതെ തകർത്തു തരിപ്പണമാക്കിയ-സ്ത്രീകളെ കൃഷിസ്ഥലങ്ങൾമാത്രമാക്കിമാററിയ-താലിബാൻ ഭരണകൂടത്തിന്നെതിരെ മററു രാജ്യങ്ങൾ ഒന്നിക്കണം. എല്ലാത്തരത്തിലുമുള്ള ഉപരോധങ്ങളും ഒററപ്പെടുത്തലുകളും ഉണ്ടാകണം. മുസ്ലീം മതമൗലികതക്കെതിരെ ഇത്തരത്തിൽ ശക്തമായ ഒരു ചെറുത്തുനില്പുണ്ടാകുന്നില്ല എങ്കിൽ റുഷ്ദിമാരും തസ്ലീമ-നസ്രീൻമാരും ഇനിയും ക്രൂശിക്കപ്പെടും. ചേകന്നൂർ മൗലവിമാർ കൊല്ലപ്പെടും.

## പ്രണയത്തിന്നെതിരേ!

"വാലൻൈൻറൻസ് ദിനാഘോഷങ്ങൾക്കെതിരെ പ്രതികരിച്ച ശിവസേനാ പ്രവർത്തകർ തലസ്ഥാനത്തെ ആശംസാകാർഡ് വില്പനശാലകളും റസ്റ്റോറൻറുകളും ആക്രമിച്ചു പ്രമുഖ ഗ്രീററിങ്ങ് കാർഡ് നിർമ്മാതാക്കളായ ആർച്ചീസ്, ഹാൾമാക്ക് ഗാലറികളെ തെരഞ്ഞുപിടിച്ചായിരുന്നു ആക്രമണം. കരോൾബാഗ്, ദരിയാഗഞ്ച്, കമ്ലാനഗർ എന്നിവിടങ്ങളിലെ കടകൾ തകർത്ത ആക്രമികൾ കിഴക്കൻ ഡൽഹിയിലെ കടകൾ ബലം പ്രയോഗിച്ച് അടപ്പിച്ചു. വാലൻൈൻറൻസ് ദിനാഘോഷങ്ങൾ നടത്താനുദ്ദേശിച്ചിരുന്ന രണ്ടു ഹോട്ടലുകളും ശിവസൈനികരും സംഘടനയുടെ വിദ്യാർത്ഥി വിഭാഗമായ വിദ്യാർത്ഥി സേനയുടെ പ്രവർത്തകരും ചേർന്ന് ആക്രമിച്ചു. അക്രമങ്ങൾക്ക നേതൃത്വം നൽകിയതു് ശിവസേനയുടെ ഡൽഹി പ്രസിഡൻറ് ജയ്ഭഗവാൻ ഗോയൽ ആയിരുന്നു. ബോംബെയിലും നാസിക്കിലും ശിവസൈനികർ അനവധി ആശംസാകാർഡ് വിപണനശാലകൾ ആക്രമിച്ചു." (മലയാളമനോരമ 15-2-01) ശിവസേനയുടെ മുഖപത്രമായ 'സാമ്ന'യിൽ എഴുതിയ ലേഖനത്തിലൂടെ ബാൽതാക്കറെയാണ് ഇവരെ ഇളക്കിവിട്ടതു്. ആർഷസംസ്കാരത്തിൻെറ പേരും പറഞ്ഞ് ശിവസേനയും ഹിന്ദുജാഗ്രരൺ മഞ്ചും കൂടി ഉത്തരേന്ത്യയിൽ പരക്കെ വാലൻൈൻറൻ ദിനാഘോഷത്തിന്നെതിരെ ആക്രമണങ്ങൾ അഴിച്ചുവിട്ടിട്ട്, മതേതരത്വം വാതോരാതെ പ്രസംഗിക്കുന്ന ഒരു കക്ഷിയും ഇതിന്നെതിരെ ശബ്ദിച്ചുകണ്ടില്ല.

ക്ലൗഡിയസ് രണ്ടാമൻ റോം വാഴുന്നകാലം. ചെറുപ്പക്കാർ വിവാഹം കഴിച്ചാൽ അവർ സൈന്യത്തിൽ ചേരാൻ വിമുഖതകാട്ടു

ണിക്കമെന്നതിനാൽ യുവാക്കരം വിവാഹം കഴിക്കുന്നതു് അദ്ദേഹം നിരോധിച്ചു യുവാക്കരം പ്രണയിക്കുന്നതുപോലും കുററകരമായിക്കണ്ടു A D 270-ൽ ഭരണം നടത്തിയിരുന്ന ഈ രാജാവു്. പ്രണയം പ്രകൃതി സഹജമാണെന്നും, ജീവരാശിയുടെ നിലനിൽപ്പിനു് അതു് അത്യന്താപേക്ഷിതമാണെന്നും വിശ്വസിച്ചിരുന്ന വാലൻെൻറൻ (Valantine) എന്ന ഇററാലിയൻ പുരോഹിതൻതന്നെ ചക്രവത്തിയുടെ ഈ ഉത്തരവിനെതിരെ രംഗത്തുവന്നു യുവാക്കളെയും സൈനികരെയും അദ്ദേഹം രഹസ്യമായി വിവാഹം കഴിപ്പിച്ചു. പ്രണയത്തിൻെറ മഹത്വത്തെ കുറിച്ചു പഠിപ്പിച്ചു ഇതറിഞ്ഞ ചക്രവത്തി കോപാകുലനായി വാലൻെൻറനെ ജയിലിലിലടച്ചു. ജയിലിൽ കിടന്നു് അദ്ദേഹം ജയിലറുടെ മകളുമായി അടുപ്പത്തിലായി. അങ്ങിനെ A D 270 ഫെബ്രുവരി 14നു് അദ്ദേഹത്തെ വധിച്ചു. പ്രണയത്തിനുവേണ്ടി ജീവത്യാഗം ചെയ്ത വാലൻെൻറൻ എന്ന ഇററാലിയൻ പുരോഹിതൻെറ സ്മരണ നിലനിർത്താനും ജീവരാശിയുടെ നിലനില്പിൻെറ അടിസ്ഥാനമായ പ്രണയത്തിൻെറ മഹത്വം ഉയർത്തിപ്പിടിക്കാനുമാണു് ലോകമെമ്പാടും വാലൻെൻറൻദിനം ആഘോഷിക്കുന്നതു്. ഹിന്ദുവർഗ്ഗീയവാദികരം ആർഷസംസ്കൃതിയുടെ പേരിൽ വാലൻെൻറൻ ദിനാഘോഷം പാടില്ലെന്നു പറയുന്നതിൻെറ പിന്നിൽ വർഗ്ഗീയതയുടെ പരിവേഷമുണ്ടു്.

ശിവ-പാർവ്വതീ പ്രണയത്തിൻെറ നിറം പിടിപ്പിച്ച കഥകരം പുരാണങ്ങളിൽ പാടിപ്പുകഴ്ത്തുന്നതാണു് ആർഷസംസ്കാരം രാധയും ശ്രീകൃഷ്ണനുമായുള്ള പ്രണയത്തിൻെറ മഹത്വം വർണ്ണിക്കാനും ഇവർ മറക്കുന്നില്ല. ലൈംഗികതയെ പാപമായി കാണാത്ത – മഹത്വവല്കരിച്ച ഒരു സംസ്കാരമാണു് ആർഷസംസ്കാരം. കാമം മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗമായിരുന്നു- മഹത്തായ കലയായിരുന്നു. ക്ഷേത്രച്ചുമരുകളിലും മററും പച്ചയായ രതി ക്രീഡകരം ചിത്രീകരിച്ചിരിക്കുന്നു. ദേവദാസീ സമ്പ്രദായം നിലനിന്നിരുന്നു. ഇന്നും ഉത്തരേന്ത്യയിൽ ദേവദാസികരം ഉണ്ടു്. ദേവദാസി സമ്പ്രദായത്തിൻെറ സൃഷ്ടിയാണു് ബോംബെയിലെ ചുവന്നതെരുവുകരം താഴ്ന്നവിഭാഗങ്ങരംക്കു് മാറുമറയ്ക്കാനുള്ള അവകാശം പോലും ആർഷഭാരതത്തിലുണ്ടായിരുന്നില്ല. മാറുമറയ്ക്കാത്ത പെൺകുട്ടികളുടെ മുലകളുടെ സൗന്ദര്യം ആസ്വദിച്ചിരുന്നവരും അവരെ ആശ്വസിപ്പിച്ചിരുന്നവരുമായിരുന്നു ഉന്നതന്മാർ. നായർ ഭവനങ്ങളിലെ നമ്പൂതിരി ബാന്ധവങ്ങളുടെ കഥകളും ആരും മറന്നു കാണുകയില്ലല്ലോ. ലിംഗാരാധനയും യോനീ പൂജയും ഇന്നും കൊണ്ടുനടക്കുന്ന മറേറതു മതമുണ്ടു് ഈ ഭൂമിയിൽ. ഇത്രമേൽ അപരിഷ്കൃതമായ ആചാരങ്ങളും വൃത്തികേടുകളും പേറുന്ന ഒരു മതത്തിൻെറയും സംസ്കൃതിയുടെയും ചുമട്ടുകാരാണു്, ലോകത്തിലേക്കു് ഏററവും വൃത്തികെട്ട 'ആർഷസംസ്കാര'ത്തിൻെറ പേരും പറഞ്ഞു് ഇവിടെ തോന്ന്യാസങ്ങരം

കാട്ടിക്കൂട്ടുന്നതു്. ശിവസേനയുടെയും ഹിന്ദുജാഗ്രരൺ മഞ്ചിൻെറയും വിശ്വഹിന്ദു പരിഷത്തിൻെറയുമൊന്നും അഴിഞ്ഞാട്ടത്തിന്നെതിരെ കർശന നടപടികളെടുക്കാൻ അവരുടെതന്നെ ഭരണകൂടത്തിനെങ്ങിനെ കഴിയും? ഇവിടെ നാം ഇരുണ്ട യുഗത്തിലേക്കു വലിച്ചെറിയപ്പെടുന്നു.

## നാം ഏതു നൂററാണ്ടിൽ?

"പരവൂർ (കൊല്ലം) : സന്താനലബ്ധിക്കു് മന്ത്രവാദം നടത്താനെത്തിയയാൾ ഒരു കുടുംബത്തിലെ എല്ലാവർക്കും പൊടിനൽകി മയക്കി കിടത്തി സ്വർണ്ണാഭരണങ്ങൾ കവർന്നു. അബോധാവസ്ഥയിലായ അഞ്ചംഗകുടുംബത്തെ ആശുപത്രിയിലാക്കി. ഗൾഫിൽനിന്നു് അവധിക്കു വന്ന പരവൂർ കൊണ്ടാൽ തെക്കേ കാളിയഴികം അബ്ദുൽ ജബ്ബാറും (38) വീട്ടുകാരുമാണു് തട്ടിപ്പിന്നിരയായതു്. വിവാഹം നടന്നിട്ടു് 10 വർഷങ്ങൾ പിന്നിട്ട ജബ്ബാർ–നബീസത്തു് ദമ്പതികൾക്കു് സന്താനഭാഗ്യം കൈവരുന്നതിനാണു് പുനലൂർ സ്വദേശി അബ്ദുൾ റസാഖ് എന്നു് പരിചയപ്പെടുത്തിയ ആൾ മന്ത്രവാദി ചമഞ്ഞെത്തിയതു്. (മലയാളമനോരമ 14-2-01) മറെറാരു വാർത്ത "ചെർപ്പുളശ്ശേരി : ദുർമന്ത്രവാദം നടത്തിയെന്നാരോപിച്ചു് അയൽക്കാർ ഹരിജൻ സ്ത്രീയെ അടിച്ചുകൊന്നു വീടിനുമുന്നിലെ പന്തൽ തീയിട്ടു നശിപ്പിച്ചു. നെല്ലായ പഞ്ചായത്തിലെ മാരായമംഗലത്തു് നൂററാനിപ്പടിയിൽ മലയൻ സ്വാമിയുടെ ഭാര്യ കാളി (55) യാണു് വീട്ടുപടിക്കൽ വച്ചു് കൈക്കോട്ടുകൊണ്ടുള്ള അടിയേററു മരിച്ചതു്. മരുമകൾ സുശീലയെ മർദ്ദനമേററ നിലയിൽ ഗവ: ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടു്. അയൽവാസികളായ കുരുത്തിക്കുഴിയിൽ ഹുസൈയിൻ എന്ന വാപ്പുവിൻെറ മക്കൾ മുഹമ്മദ് എന്ന ഹനീഫയും ഇസ്മയിലും, മലയൻ സ്വാമിയുടെ കുടുംബവുമായി അന്ധവിശ്വാസം മൂലം കടുത്ത ശത്രുതയിലായിരുന്നുവത്രെ. ഹനീഫയുടെ ബാപ്പയും സഹോദരിയും മരിക്കാനിടയായതും വീട്ടിലെ മറെറല്ലാ അനിഷ്ടസംഭവങ്ങൾക്കും കാരണം മലയൻ സ്വാമിയും വീട്ടുകാരും ചെയ്യ ദുർമന്ത്രവാദങ്ങളാണെന്ന വിശ്വാസമാണു് ശത്രുതയ്ക്കു കാരണം. ഇതിനെച്ചൊല്ലി മാരായമംഗലം കെ. ടി. പടിയിൽവച്ചു് മലയൻ സ്വാമിയുമായി ഹനീഫയും ഇസ്മയിലും ഏററുമുട്ടിയിരുന്നുവത്രെ. നാട്ടുകാർ സ്വാമിയെ രക്ഷപ്പെടുത്തുകയായിരുന്നു.

12-2-01നു് വൈകീട്ടു് അക്രമികൾ വീട്ടുമുററത്തു് പുളി കുരുകളയുകയായിരുന്ന മലയൻെറ ഭാര്യ കാളിയെ പടിക്കലേക്കു വലിച്ചിഴച്ചുകൊണ്ടുപോയി കൈക്കോട്ടുകൊണ്ടു് തലയ്ക്കടിച്ചു കൊലപ്പെടുത്തുകയായിരുന്നു. വീടിനുചേർന്നുള്ള പന്തലും വയ്ക്കോൽ കൂനയും മണ്ണെ

ണ്ണൊഴിച്ച് തീവെച്ചാണ് അക്രമികൾ സ്ഥലം വിട്ടത്. വീടിന്നടുത്ത് അയ്യപ്പൻ കോവിലിലെ പൂജാരിയാണ് മലയൻ സ്വാമി.'' (മലയാളമനോരമ 14_2_01) ഈ രണ്ടു വാർത്തകളും വായിക്കുമ്പോൾ നാം ഒരു നിമിഷം ചിന്തിച്ചുപോകും. ഏതു നൂററാണ്ടിലാണ് നാം ജീവിക്കുന്നതെന്ന്. ഏററവും പ്രാകൃതമായ വിശ്വാസങ്ങളും ആചാരങ്ങളും ഇന്നും നിലനിൽക്കുന്ന മനസ്സുകളാണ് നമ്മുടെ ജനങ്ങളുടേത്. ആർഷ സംസ്കൃതിയുടെ ഈ മാലിന്യങ്ങൾ അടിച്ചുമാററി അവിടെ ശാസ്ത്രത്തിൻെറ വെള്ളി വെളിച്ചം കടത്തിവിടാൻ_ഇവരിൽ ഒരു സയൻറിഫിക് ടെമ്പർ വളർത്തിയെടുക്കാൻ കഴിയാതിരുന്നത് നമ്മുടെ ഭരണകൂടങ്ങളുടെ അലംഭാവംകൊണ്ടുതന്നെയാണ്. ജനങ്ങളിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കണമെന്ന ആഗ്രഹം ജവഹർലാൽനെഹ്റുവിന്നൊഴിച്ച് മറെറാരു ഭരണാധികാരിക്കും ഭരണകൂടത്തിനും ഉണ്ടായിരുന്നില്ല. ശാസ്ത്രീയ വിദ്യാഭ്യാസത്തിലൂടെ ജനമനസ്സുകളിൽനിന്ന് അന്ധവിശ്വാസങ്ങളെ ദൂരീകരിച്ചില്ലെങ്കിൽ ഇത്തരം നരബലികൾ എന്നും സംഭവിച്ചുകൊണ്ടിരിക്കും.

മുസ്ലീം സമുദായവും, പിന്നോക്ക ജാതികളുമൊക്കെ അന്ധവിശ്വാസങ്ങളുടെ നീരാളിപ്പിടുത്തത്തിലാണ്. വിദ്യാഭ്യാസത്തിൻെറ കുറവാണ് മുഖ്യകാരണം. സാമ്പത്തികമായ പിന്നോക്കാവസ്ഥയും വായനശീലത്തിൻെറ അഭാവവും മററ കാരണങ്ങളാണ്. മുസ്ലീമുകൾക്കിടയിൽ വായനാശീലം തീരെ കുറവാണ്. മതഗ്രന്ഥങ്ങളൊഴികെ മറെറാന്നും വായിക്കുന്ന പ്രവണത തീരെയില്ലെന്നുപറയാം. അതിലുപരി വളരെ ചെറുപ്പത്തിലെ തന്നെ ഓത്തുപള്ളി മൊല്ലാക്കയും മററും ജിന്നിൻെറയും ഹൂറിമാരുടെയുമൊക്കെ നിറംപിടിച്ച കഥകൾ കൊച്ചുമനസുകളിൽ അടിച്ചേല്പിക്കുന്നു. മദ്രസകളിൽ നിന്നും മററും ലഭിക്കുന്ന അന്ധമായ മതഭ്രാന്തും, നിറംപിടിപ്പിച്ച കഥകളും ഇവരെ അന്ധവിശ്വാസികളും മതഭ്രാന്തരുമാക്കിത്തീർക്കുന്നു.

പിന്നോക്ക ജാതിക്കാർക്കാകട്ടെ സാമ്പത്തിക പിന്നോക്കാവസ്ഥയും സാഹചര്യങ്ങളുമൊക്കെകൊണ്ട് ശരിയായി പഠിക്കാനോ, ശാസ്ത്രജ്ഞാനം ആർജ്ജിക്കാനോ കഴിയാതെ പോകുന്നു. കൂടാതെ പാരമ്പര്യമായി കൈമാറപ്പെട്ടുപോന്ന പ്രാകൃതവിശ്വാസങ്ങളിൽനിന്നും മനസ്സിനെ മോചിപ്പിക്കാനുതകുന്ന വിദ്യാഭ്യാസം സ്കൂളുകളിൽനിന്നും

With best compliments from :

ELITE SAREE HOUSE

M. O. Road, Trichur-680 003, Phone: 420995, 420963

അവർക്കു ലഭിക്കുന്നുമില്ല. ഇതിനൊക്കെ ശാശ്വതമായ ഒരു പരിഹാരം കാണാൻ കഴിവുററ ഭരണാധികാരികൾ എന്നു നമുക്കുണ്ടാകും? ഇല്ലെങ്കിൽ നാം എന്നും പ്രാകൃതയുഗത്തിന്നടിമകളായിത്തുടരും.

## സമൂഹത്തെ വഴിതെററിക്കുന്ന മാധ്യമങ്ങൾ

രണ്ടായിരം സെപ്റ്റംബർ എട്ടിൻെറ മലയാളം വാരികയിൽ ഡോ: പി. വി. ഔസേഫ് (?) എന്ന ഒരു വിദ്വാൻെറ 'ഒരു മഹാഭിഷഗ്വരൻ : ഓർമ്മക്കുറിപ്പ്' എന്നൊരുഗ്രൻ ലേഖനമുണ്ട്. അതിൽ പറയുന്ന ചില കാര്യങ്ങൾ തികച്ചും അടിസ്ഥാനരഹിതവും കല്പിതവുമാണ്. 'ഭ്രാന്തൻമൂസ്സ്' എന്നറിയപ്പെടുന്ന മഹാ ഭിഷഗ്വരൻ ഈ ഓമനപേരിലായത് അദ്ദേഹത്തിൻെറ ചികിത്സാവിധിയിലെ ഭ്രാന്തൻ ചികിത്സാരീതികൊണ്ടാണല്ലോ. ഒരിക്കൽ നെല്ലുവായിലെ ആറംത്തറയിൽ നനുത്ത പ്രഭാതത്തിൽ ഒരു രോഗി കവിൾവാർപ്പ് (വായിലെ കാൻസർ) എന്ന രോഗത്താൽ മൂസ്സിന്നരികിലെത്തി. പഴുത്ത് പൊട്ടിഒലിക്കുന്ന വ്രണത്തിലേക്ക് സൂക്ഷിച്ചുനോക്കി മൂസ്സിൻെറ ചികിത്സാ പരിപാടി ആരംഭിച്ചു. ഈ രോഗം ഭയങ്കരമാണ് എന്ന് രോഗിക്കും രോഗിയുടെ കൂടെ വന്നവക്കും എല്ലാം നന്നായി അറിയാം. പക്ഷെ, മൂസ്സ് ചിരിച്ചുകൊണ്ട് രോഗിയോട് പറഞ്ഞു: ഇത് വളരെ നിസ്സാര രോഗമാണ്. പറഞ്ഞപോലെ ചെയ്താൽ 41 ദിവസംകൊണ്ട് രോഗം മാറും. എന്തായിരുന്നു ചികിത്സ എന്നല്ലേ? 'നല്ലവണ്ണം നീറുള്ള (പുളിഉറുമ്പുള്ള) മാവിൽ കയറണം. പുളിഉറുമ്പിൻെറ കൂട് നില്ക്കുന്ന ചില്ലയിൽ കയറി ആ കൂട് പൊട്ടിച്ച് എടുക്കണം. എല്ലാ നീറും ആ കൂട്ടിൽനിന്നും പോയാൽ ആ കൂട് പതുക്കെ തിന്നണം. ഈ മരുന്ന് 41 ദിവസം കഴിച്ച് എൻെറ അരികിൽ വരുക രോഗം മാറിയിരിക്കും. ഈ ചികിത്സ ചിട്ടയായി 41 ദിനം അനുഷ്ഠിച്ചപ്പോൾ രോഗം പമ്പകടന്നു.' നല്ലവണ്ണം നീറുള്ള മാവിൽ 41 ദിവസം കയറാൻ ആളുണ്ടാവില്ല. ഏതാനും ദിവസം കൊണ്ട് ആള് മരിച്ചിരിക്കും. അപ്പോൾ രോഗവും സുഖപ്പെടും. നീറിൻെറ കൂടിരിക്കുന്ന ചില്ലയിലെത്തി കൂട് പൊട്ടിച്ചെടുത്ത് അതുമായി ഇറങ്ങുന്ന ഒരാളെ ഒന്നു സങ്കല്പിക്കാൻ കഴിയുമോ? ഔസേഫ് പറയുന്നതുപോലെ മാവിൻെറ ഇലയിൽ ക്ലോറോഫോമൊന്നുമില്ല. ക്ലോറോഫിൽ ആണ് എല്ലാ ഇലകളിലും കാണുന്നത്.

കാൻസർരോഗം ബാധിച്ച് അമല കാൻസർ ആശുപത്രിയിൽ റേഡിയേഷനു വിധേയനാക്കിയ ഒരു രോഗിയുടെ കഥ ഔസേഫ് വൈദ്യൻ പറയുന്നത് ശ്രദ്ധിക്കുക—റേഡിയേഷൻ മൂലം വായിലെ തൊലി പൂർണ്ണമായും പൊളിഞ്ഞുപോയി. ഭക്ഷണം ഒന്നും കഴിക്കാൻ പററാതായി. ശരീരം വളരെ ശോഷിച്ചു. സുഹൃത്തിനോട് ഈ

ഭ്രാന്തൻ ചികിത്സാവിധി പറഞ്ഞപ്പോൾ അയാൾക്ക വളരെ താല്പര്യമായി. ഞങ്ങൾ നീറുള്ള പുളിമാവിൽനിന്നു് പുളിഉറുമ്പിൻകൂട് പൊട്ടിച്ചു് അരച്ചു് ഈ രോഗിക്കു് വായിൽ പിടിക്കാനായി കൊടുത്തു. അത്ഭുതം. ഏഴുദിവസം കഴിഞ്ഞപ്പോൾ വായിൽ തൊലിവന്നു' റേഡിയേഷൻ മൂലമാണു് കാൻസർ കുറഞ്ഞതു്. അല്ലാതെ നീറിൻകൂട് അരച്ചു് വായിൽ കൊണ്ടതുകൊണ്ടല്ല. വായിൽ തൊലി വന്നതും അതുപോലെത്തന്നെ സ്വാഭാവികമായ ശാരീരിക പ്രക്രിയകൊണ്ടാണു്.

ഭ്രാന്തൻമൂസ്സു് ചികിത്സിച്ച മററൊരു രോഗിയുടെ കഥകൂടി ഔസേഫ് പറയുന്നുണ്ടു്—'ഈ രോഗി സിങ്കപ്പൂരിൽ ജോലി നോക്കുകയായിരുന്നു. അവിടെവെച്ചു് രോഗം തുടങ്ങി. ഭയങ്കര വായ്നാററം. ഒരാളുമായി സംസാരിക്കാനോ കൂടെയിരുന്നു് ഭക്ഷണം കഴിക്കാനോ ഇയാൾക്കാവില്ല. ഒരുവിധം ചികിത്സകളൊക്കെ നടത്തി സഹികെട്ടപ്പോൾ നാട്ടിലെത്തി. സഹികെട്ടുതന്നെയാണു് മൂസ്സിൻെറ അരികിലെത്തിയതു്. രോഗി വായ് തുറന്നപ്പോൾതന്നെ മൂസ്സിൻെറ വായിൽനിന്നും വന്നു–'പാപം കുറെ ചെയ്തു അല്ലേ? ഇനി പരിഹാരം ചെയ്താൽ രോഗം മാറും. എന്തു് ഔഷധവും കഴിക്കാൻ തയ്യാറായിവന്ന രോഗിയോടു് വീട്ടിൽപോയി പട്ടി നക്കിക്കുടിക്കുന്നതുപോലെ മുററത്തെ കുഴിയിൽ നിന്നു് എന്നും വെളുപ്പിനു ഭക്ഷണം കഴിക്കണം. കഴിയുന്നതും നാലാളെ കാണിച്ചിട്ടുവേണം.'

'രോഗി നന്നായി ഒന്നു വിയർത്തു. വീണ്ടും മൂസ്സിൻെറ നിർദ്ദേശം, മുററത്തെ കുഴിയിൽ ഇലവെക്കാം. ഈ നാക്കിലയിൽ ചൂടുള്ള പാൽപായസമാണു് നക്കിക്കുടിക്കാൻ ഒഴിക്കേണ്ടതു്. നക്കിത്തന്നെ 14 ദിവസം കഴിക്കണം. ഈശ്വരപ്രാർത്ഥനയും നന്നായിട്ടു വേണം.' ഈ ചികിത്സകൊണ്ടു് വായ്നാററം പൂർണ്ണമായും ഭേദമായിപോലും! വായിൽ എന്തെങ്കിലും തരത്തിലുള്ള രോഗാണുബാധയുണ്ടാകുന്നതുകൊണ്ടാണു് വായ്നാററമുണ്ടാകുന്നതു്. പല്ലുകളുടെ കേടു്, മോണപഴുപ്പു്, പല്ലിൻെറ റൂട്ടിലുണ്ടാകുന്ന രോഗബാധ എന്നിവയാണു് വായ്നാററത്തിനു കാരണം. അവസ്ഥു്. കാരണം കണ്ടെത്തി അതില്ലാതാക്കുകയാണു് ചികിത്സ. ചിലപ്പോൾ പല്ലുകൾ പറിച്ചുമാറേറണ്ടിവരും. ചിലപ്പോൾ ആൻറിബയോട്ടിക്കുകൾ കഴിച്ചാൽ മാത്രം മതിയാകും. അല്ലാതെ പാപം ചെയ്താൽ വായ്നാററം ഉണ്ടാകുകയോ, പരിഹാരം ചെയ്താൽ അതു മാറുകയോ ചെയ്യുകയില്ല. ഔസേഫ് പറയുന്ന കഥകളെല്ലാം വെറും കെട്ടുകഥകൾ തന്നെയാണു്. സ്വാനുഭവമായി ഔസേഫ് പറയുന്ന കൃമിബാധകഥയ്ക്കുള്ള ചികിത്സയും കല്പിതമാണു്. ഔസേഫിനു് ഒമ്പതാമത്തെ വയസ്സിൽ വയറുവേദന ഉണ്ടായപ്പോൾ ഡോ: ഡേവിഡു് കൊടുത്ത ആൻറിപ്പാറും, കമ്മത്തു കൊടുത്ത ഗന്ധവ്വ

# കിഴക്കിൻെറ വെളിച്ചത്തിലേക്ക് ഒരിക്കൽകൂടി-II

## എം. ജി ശശിധരൻ-അന്നനാട്

ധ്യാനത്തിൻ ഫലമായി ബുദ്ധനു് ലഭിച്ച നവീന ധർമ്മമാർഗ്ഗത്തെ 'ധർമ്മ ചക്രപ്രവർത്തനം' എന്ന പേരിലാണ് അറിയപ്പെട്ടതു്. ഇദ്ദേഹം ആദ്യമായി തൻെറ പഞ്ചവർഗ്ഗീയ ഭിക്ഷുക്കളോടാണ് ഉപദേശിച്ചതു് ധാർമ്മികനായ മനുഷ്യൻ ഒരിക്കലും രണ്ടു് സീമാന്തം വരെപോകരുതു് ഒന്നാമത്തേതു് കാമോപഭോഗങ്ങളിൽ സുഖമുണ്ടെന്നു് വിചാരിക്കുന്നതു്. ഇതു് ഹീനവും, ഗ്രാമ്യവും, സാമാന്യ ജനസേവിതവും, അനാര്യവും അനർത്ഥകരവും ആകുന്നു. രണ്ടാമത്തേത് ദേഹത്തെ ക്ലേശിപ്പിക്കുകയാകുന്നു. ഇതും ദുഃഖകരവും, അനാര്യവും, അനർത്ഥവാഹകവും ആകുന്നു. ഈ രണ്ടു് അന്തങ്ങളിൽ പോകാതെ ബുദ്ധൻ ജ്ഞാനചക്ഷുസ്സുണ്ടാക്കുന്നതും ഉപശമം, പ്രജ്ഞാ സംബോധം, നിർവാണം ഇവക്കു് കാരണമാകുന്നതും ആയ മധ്യമമാർഗ്ഗം കണ്ടുപിടിച്ചു. അവ സമ്യക്ദൃഷ്ടി, സമ്യക്സങ്കല്പം, സമ്യക്വാക്കു്, സമ്യക്കർമ്മം, സമ്യഗാജീവം, സമ്യക്വ്യായാമം, സമ്യക്സ്മൃതി, സമ്യക്സമാധി എന്നിങ്ങനെയുള്ള ആര്യഅഷ്ടാംഗമാർഗ്ഗമാകുന്നു.

ഇതിൽ ഒന്നാമത്തേത് സമ്യക്ദൃഷ്ടിയാകുന്നു. ഇതു് നാല് ആര്യസത്യങ്ങളുടെ ശരിയായ അറിവിനെകുറിക്കുന്നു. മനുഷ്യവർഗ്ഗത്തിൻെറ തീവ്രമായ ആഗ്രഹഫലമായി ലോകത്തിൽ മുഴുവൻ ദുഃഖം നിറഞ്ഞിരിക്കുന്നു. ഈ ആഗ്രഹനാശം

---

ഹസ്സാദി എരണ്ഡക തൈലമൊന്നും ഫലിച്ചില്ല. എന്നാൽ മൂസ്സു് കൊടുത്ത 'ഉണ്ടശക്കര' ഔസേഫിൻെറ വയറുവേദന പൂർണ്ണമായും ഭേദമാക്കിപോലും! 'എൻെറ വയററിലാകെ കൃമിയായിരുന്നു. അതിനു് ഇത്രനല്ല ഒരു ഔഷധം വേറെ ഇല്ലത്രേ. ഭ്രാന്തൻമൂസ്സിന്നൊഴികെ ആർക്കാണു് ഇത്തരത്തിൽ ഔഷധനിർണ്ണയം നടത്താനാവുന്നതു്' എന്നാണു് ഔസേഫ് പറയുന്നതു്. ഔസേഫിൻെറ വയററിലെ വിരബാധയായിരുന്നിരിക്കണം വയറുവേദനക്കു കാരണം. വിരബാധക്കു് ആൻറിപ്പാർതന്നെ ഔഷധം. ഉണ്ടശക്കരക്കു് ഒരിക്കലും വിരബാധയെ ഇല്ലാതാക്കാൻ കഴിയില്ല. കൃമി വൻകുടലിൽ അപ്പെൻറിക്സിലും ഗുദഭാഗത്തുമാണു് കാണുക. കൃമി വയറുവേദന ഉണ്ടാക്കുകയുമില്ല. അല്ലെങ്കിൽ ഔസേഫിൻെറ വയറുവേദന മാനസികമായിരിക്കണം. അങ്ങിനെയുള്ള വയറുവേദന മൂസ്സിൻെറ ശക്കർകൊണ്ടു മാറും. ഔസേഫ് ഈ ലേഖനത്തിൽ പറയുന്നതെല്ലാം ജനങ്ങളെ വഴിതെററിക്കാനായി മനഃപൂർവ്വം കെട്ടിച്ചമച്ച കഥകളാണു്. ഇവയിലൊന്നും ശാസ്ത്രീയതയോ സത്യസന്ധതയോ ഇല്ല. ഇത്തരം അശാസ്ത്രീയ കഥകൾ കൊട്ടിഘോഷിക്കുന്ന മലയാളംപോലുള്ള പ്രസിദ്ധീകരണങ്ങൾ സമൂഹത്തോടു് കടുത്ത വഞ്ചനയാണു് കാട്ടുന്നതു്. അവർ സമൂഹത്തെ മനഃപൂർവ്വം വഴിതെററിക്കാൻ കൂട്ടുനില്ക്കുകയാണു്.

ശാന്തിയേകൊണ്ടുവരും. സത്യവും പ്രേമവും സദാചരണവും സഹാനുഭൂതിയും പുലർത്തുന്ന ഈ അഷ്ടാംഗമാർഗ്ഗംതന്നെയാണു് ശാന്തിമാർഗ്ഗം. ഇത്തരത്തിലുള്ള സമ്യക്ദൃഷ്ടി മനുഷ്യവർഗ്ഗത്തിലുണ്ടാകും വരെ സ്വാർത്ഥതവെച്ചു പുലർത്തുന്നവർ കലഹപ്രിയരായിരിക്കും. ശാന്തിയും സമാധാനവും ലഭിക്കുകയുമില്ലതന്നെ.

സ്വന്തം ഐശ്വര്യവും അധികാരവും വർദ്ധിപ്പിക്കുന്നതിനുള്ള ആഗ്രഹം ഓരോരുത്തരിലുമുണ്ടായാൽ അതു് മററുള്ളവർക്കും അയാൾക്കുംതന്നെ ഹാനികരമായിരിക്കും. അതുകൊണ്ടു് കാമോപഭോഗങ്ങളിൽ ബന്ധിതരാകാതെ മററുള്ളവരോടു് മൈത്രി പുലർത്തുന്നതും അവരുടെ സുഖസമാധാനങ്ങളിൽ താല്പര്യം ഉളവാക്കുന്നതുമായ 'ശുദ്ധസങ്കല്പം' വെച്ചുപുലർത്തുന്നതും ഉചിതമായിരിക്കും.

അസത്യസംഭാഷണം, ശകാരം, അനാവശ്യമായ പരാതിപറച്ചിലുകൾ എന്നിവ സമുദായ ബന്ധങ്ങൾക്കു് വിഘാതം സൃഷ്ടിച്ചു് കലഹങ്ങൾ ഉണ്ടാക്കി പരസ്പര ഹിംസക്കു് വഴിവെക്കുമെന്നുള്ളതിനാൽ സത്യവും മിതവും പ്രിയങ്കരവുമായ ഭാഷണം നാം ചെയ്യേണ്ടതാകുന്നു. ഇതാണു് സമ്യക്‌വാക്യം എന്നതുകൊണ്ടു ഉദ്ദേശിക്കുന്നതു്.

ജീവഹിംസ, മോഷണം, വ്യഭിചാരം എന്നിവ സമുദായത്തിനു് വലിയ ഹാനിവരുത്തുമെന്നതിനാൽ അവയിൽ നിന്നെല്ലാം പിൻമാറി ജനത്തിനു് മംഗളം വരുത്തുന്ന കർമ്മങ്ങൾ അനുഷ്ഠിക്കണം. ഇതിനെ 'സമ്യക്‌കർമ്മം' എന്നതു കൊണ്ടു് ഉദ്ദേശിക്കുന്നു.

'സമ്യക്കായ ആജീവം' എന്നാൽ സമുദായത്തിനു് അപായം വരത്തക്ക രീതിയിൽ ഒരാൾ ഉപജീവനം നടത്തുക എന്നതാണു്. ഉദാഹരണത്തിനു് ഒരു ഗൃഹസ്ഥാശ്രമി മദ്യവ്യയം, മൃഗങ്ങളുടെ ക്രയവിക്രയം എന്നിവയിൽ ഇടപെടാതിരിക്കുകയാണു്. ഇതിൽ നിന്നെല്ലാം പിൻമാറി ശുദ്ധവും നിഷ്കപടവുമായ തൊഴിൽ കൊണ്ടു് ഉപജീവനം നടത്തുകയാണു് ഉത്തമം.

യാതൊരു ദുർവിചാരങ്ങളും മനസ്സിൽ കടക്കാൻ ഇടകൊടുക്കാതിരിക്കുക. ഏതെങ്കിലും ദുർവിചാരം മനസ്സിലുണ്ടെങ്കിൽ അതിനെ നിശ്ശേഷം നശിപ്പിക്കുക. ഏതെങ്കിലും സദ്‌വിചാരം മനസിലില്ലെങ്കിൽ അതിനെ ഉണ്ടാക്കാനായി യത്നിക്കുക. ഉള്ള സദ്‌വിചാരങ്ങളെ വർദ്ധിപ്പിക്കാനും പൂർണ്ണമാക്കാനും പ്രയത്നിക്കുക. ഇപ്രകാരമുള്ള നാലു് മാനസിക പ്രയത്നങ്ങളെ 'സമ്യക് വ്യായാമം' എന്നു് പറയുന്നു. (ശാരീരിക വ്യായാമവുമായി ഇതിനു് യാതൊരു ബന്ധവുമില്ലെന്നും മനസ്സിലാക്കണം)

ശരീരം അശുദ്ധ പദാർത്ഥങ്ങളാൽ നിമ്മിതമാണെന്ന ബോധം ഉണർത്തുക. സ്വന്തം മനസ്സിനെ ശരിയായി നിരീക്ഷിക്കുക. ഇന്ദ്രിയങ്ങൾ ഇന്ദ്രിയ വിഷയങ്ങൾ എന്നിവകളിൽ നിന്നെല്ലാം ഏതെല്ലാം ബന്ധങ്ങൾ ഉണ്ടാകുന്നോ അതെല്ലാം നശിപ്പിക്കുന്നതെങ്ങിനെയെന്നും മററുമുള്ള മാനസിക ധമ്മങ്ങളെപ്പററി ശരിയായി ആലോചിക്കുക. എന്നീ കാര്യങ്ങളാണു് സമ്യക്‌സ്മൃതിയിൽ പ്പെടുന്നതു്.

തന്റെ ശരീരത്തിലോ, മൃതശരീരത്തിലോ, മൈത്രി, കരുണ തുടങ്ങിയ മനോവൃത്തികളിലോ, ഭൂമി, ജലം, തേജസ്സ് മുതലായ പദാർത്ഥങ്ങളിലോ ചിത്തത്തെ ഏകാഗ്രമാക്കി നാലുവിധം ധ്യാനങ്ങൾ അനുഷ്ഠിക്കുന്നതിനെ 'സമ്യക്സമാധി' എന്നും പറയുന്നു.

ഇതെല്ലാം സാമാന്യജനങ്ങളിൽ പ്രചരിപ്പിക്കണമെന്ന ഉദ്ദേശത്തോടെ ബുദ്ധൻ സംഘം സ്ഥാപിച്ചു. ഒരിക്കൽ ബുദ്ധൻ ഭിക്ഷാടനം ചെയ്തുകൊണ്ട് ഭരദ്വാജ ബ്രാഹ്മണന്റെ വയലിലെത്തി. അവിടെ ബ്രാഹ്മണൻ തന്റെ വേലക്കാർക്ക് ഭക്ഷണം കൊടുക്കുകയായിരുന്നു. ഭിക്ഷക്കായി നിൽക്കുന്ന ബുദ്ധനെക്കണ്ട് ബ്രാഹ്മണൻ പറഞ്ഞു – ''എന്നെപ്പോലെ നിങ്ങളും വയലിൽ ഉഴുതും നട്ടും ധാന്യം ശേഖരിച്ച് ഊണ് കഴിക്കുക. ഭിക്ഷയാചിക്കുന്നതെന്തിന്?'' ബുദ്ധൻ പറഞ്ഞു;

''ഞാനും ഒരു കൃഷിക്കാരനാണ്. ശ്രദ്ധയാകുന്ന വിത്താണ് ഞാൻ വിതക്കുന്നത്. അതിൽ തപസ്സാകുന്ന (പ്രയത്നം) മഴപ്പെയ്യുന്നു. എന്റെ കലപ്പപ്രജ്ഞയാകുന്നു. പാപം ചെയ്യുന്നതിലുള്ള ലജ്ജ അതിന്റെ പിടിയും ചിത്തം കയറും, സ്മൃതി ജാകരൂകത) കലപ്പയുടെ അലകുമാകുന്നു, കായികവും വാചീകവുമായി ഞാൻ സംയമനം പാലിക്കുന്നു. ആഹാരത്തെ നിയന്ത്രിച്ച് സത്യത്തെ ചേർത്ത് മനോദോഷങ്ങളെ ഞാൻ നിശ്ശേഷം നശിപ്പിക്കുന്നു. എന്റെ വിശ്രമം സംതൃപ്തിയത്രെ. എന്റെ കാള ഉത്സാഹമാകുന്നു. ദുഃഖിക്കാൻ ഇടവരാത്തദിക്കിലേക്കാണ് എന്റെ വാഹനം സഞ്ചരിക്കുന്നത്.'' ഉപദേശങ്ങളുടെ അർത്ഥം മനസിലായ ബ്രാഹ്മണൻ ബുദ്ധ ശിഷ്യനായി മാറി എന്നതാണ് ചരിത്രം.

മററു മതങ്ങളിലൊന്നുപോലും ആത്മാവിനെ നിഷേധിക്കുന്നില്ല. എന്നാൽ അനാത്മവാദം ബുദ്ധമതത്തിന്റെ ലക്ഷണമാകുന്നു എന്നുള്ളതാണതിന്റെ പ്രത്യേകത. മനുഷ്യരെ രക്ഷിക്കുക, നിത്യവും നിരതിശയവുമായ ഒരു പദവിയിൽ എത്തിക്കുക എന്നതാണ് പൊതുവേ മതങ്ങളുടെ പ്രഖ്യാപിതലക്ഷ്യം. ഈ പദവി അനുഭവിക്കേണ്ടതു് നശ്വരമായ ശരീരമോ മനസ്സോ അല്ലെന്ന് നിശ്ചയം. ഇവയിൽ നിന്നും ഭിന്നമായി കാലപ്പകർച്ച കൊണ്ട് ഒരു കോട്ടവും തട്ടാതെ നിലകൊള്ളുന്ന ഒരു ഘടകം മനുഷ്യന്റെ തനിരൂപമായി കൂടിയേ തീരൂ. അതിനു നൽകിയിട്ടുള്ള പേരത്രെ ആത്മാവെന്നുള്ളതു്. പലതരത്തിലുള്ള അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും കാരണം വെറും കാല്പനീകമായ ഒരാത്മതത്വത്തിൽ മനുഷ്യർ കാണിക്കുന്ന പക്ഷപാതം തന്നെ. സാങ്കല്പീകമായ ആത്മതത്വത്തിലുള്ള വിശ്വാസവും അതു് കാത്ത്പോററുന്നതിലുള്ള യത്നങ്ങളുമാണ് ദുഃഖങ്ങൾക്കുള്ള കാരണം. (ഈ വിഷയം മിലിന്ദ പ്രശ്നത്തിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്)

പഞ്ചസ്കന്ധങ്ങൾക്കാകെക്കൂടി വ്യവഹാര ഭാഷയിൽ പ്രവചിച്ചിരിക്കുന്ന പേരത്രെ ആത്മാവെന്നുള്ളതു്. അതിൽക്കവിഞ്ഞ് അതിഭൗതികമായ സത്ത ആത്മതത്വത്തിനില്ല. സാർവ്വത്രികമായ നിയമങ്ങൾക്ക് വിശേഷിച്ചും അനിത്യതക്ക് അധീനമല്ലാത്ത ഒരു ഘടകവും മനുഷ്യനിൽ ഇല്ലതന്നെ. മനുഷ്യനിൽ ആത്മതത്വമില്ലെങ്കിൽ കർമ്മാനുകൂലമായ ഫലമനുഭവിക്കുവാനും പുനർജന്മമെടുക്കു

വാനം ആരുമില്ല തന്നെ വെറും അജ്ഞാനവും വ്യാമോഹവും കൊണ്ടാകുന്നു മനുഷ്യർ സ്വതന്ത്രമായ ആത്മതത്വത്തിൽ വിശ്വസിക്കുന്നത്. വെറും അഹന്തയിൽ മനസ്സ് ഒട്ടുന്നു സ്വർഗ്ഗസുഖങ്ങൾ അനുഭവിക്കുന്നതിനുള്ള ഉത്കടമായ അഭിലാഷമാണിതിനു കാരണം. ഈ താത്കാലികമായ അഹന്തയെ നിത്യമായ ആത്മതത്വമായി തെററിദ്ധരിക്കുന്നു എന്നു മാത്രം. ഇഹലോക ജീവിതം ആകെക്കൂടി ദുഃഖത്തിൻെറ കരയില്ലാത്ത ഒരു പരപ്പ് മാത്രമാകുന്നു പക്ഷെ ഈ ദുഃഖരാശിയെ തൻേറതെന്നു അഭിമാനിച്ച് നരകിക്കുന്ന ഒരു സ്ഥിരമായ ഘടകം, ആത്മാവൊട്ടില്ലതാനും. നിമിഷംതോറും ഉദിച്ചും നശിച്ചും കൊണ്ടിരിക്കുന്ന സ്കന്ധങ്ങളെ ആത്മാവെന്നു തെററിദ്ധരിക്കുന്നു എന്നുള്ളതു തന്നെയാണു ദുഃഖാനുഭൂതിയുടെ കർമ്മം

ചരിത്രത്തിലെ സംഘടിത മതങ്ങളിൽ ഒന്നാം സ്ഥാനം ബുദ്ധമതത്തിനാണു. പ്രായോഗികതലത്തിൽ സാമൂഹിക ബന്ധങ്ങൾക്കു ആചാരക്രമങ്ങൾ ഉണ്ടാക്കുകയാണു ബുദ്ധൻ ചെയ്തതു. വിധിയിലും വിശ്വാസത്തിലുമല്ല മറിച്ച് മനുഷ്യപുരോഗതിയായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. നന്മയുടെ മഹത്വം ബുദ്ധനോളം മനസ്സിലാക്കിയിട്ടുള്ളവർ ലോകചരിത്രത്തിൽ ചുരുങ്ങും. അദ്ദേഹം പറയുന്നു— ''ഈ സംസാരത്തിൽ ഈർഷ്യ ഈർഷ്യകൊണ്ടൊരിക്കലും ശാന്തമായിട്ടില്ല. ഈർഷ്യയെ പ്രേമം കൊണ്ടുമാത്രമേ ശമിപ്പിക്കാനാകൂ. വിജയം വിദ്വേഷത്തെ ജനിപ്പിക്കുന്നു കാരണം പരാജിതർ അസന്തുഷ്ടരാണു. ഒരാൾക്കു യുദ്ധത്തിൽ ഒരായിരം ആളെ ജയിക്കാം, എന്നാൽ തന്നത്താൻ ജയിക്കുന്നവനാണു വിജയി. മനുഷ്യർ ക്രോധത്തെ ദയകൊണ്ടും പാപത്തെ പുണ്യംകൊണ്ടും ജയിക്കട്ടെ ഒരാൾ ആണ ജാതിക്കാരനോ ബ്രാഹ്മണനോ ആകുന്നതു ജനനം കൊണ്ടല്ല; അയാളുടെ ആചാരം കൊണ്ടുതന്നെയാണു. നിങ്ങളുടെ സൽപ്രവൃത്തികളെ ഒളിപ്പിക്കുക, നിങ്ങൾ ചെയ്ത പാപങ്ങളെ ലോകസമക്ഷം ഏററു പറയുക.'' മാനവികതയിലൂന്നിക്കൊണ്ടുള്ള ഈ ധീര പ്രസ്താവനകൾ ഭാരതത്തിൽ മാത്രമല്ല വിദേശങ്ങളിലും പ്രതിദ്ധ്വനിച്ചു

ഈശ്വരാസ്ഥിത്വത്തെ പൂർണ്ണമായി നിഷേധിച്ച മതമായിരുന്നു ബുദ്ധമതം. ഒന്നും തന്നെ അനശ്വരമല്ലെന്നും എല്ലാം മാററത്തിനു വിധേയമാണെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു. കർമ്മത്തിൻെറ അടിസ്ഥാനത്തിലെ ഇവിടെ എന്തും സംഭവിക്കൂ ഇതിനെ ഉപോൽബലകമാക്കിയേ ലോകത്തിലെ ദുഃഖത്തിൻെറ അടിസ്ഥാനം മനസ്സിലാക്കാനാകൂ മനുഷ്യകർമ്മങ്ങളിൽ അന്തർലീനമായ ശക്തി കൊണ്ടോ മററുപ്രവർത്തനങ്ങളുടെ സ്വാധീനത്താലോ ആയിരിക്കും ഉചിതമായ ഫലം ഉണ്ടാകൂ എന്ന തത്വം ഭാരതീയ നിരീശ്വരവാദ സിദ്ധാന്തത്തിൻെറ അടിസ്ഥാനമാണു. സാംഖ്യവും മീമാംസയും അവരുടെ ദാശ്നികചർച്ചകളിൽ ഈശ്വരസങ്കല്പത്തെ നിരാകരിച്ചതു ഈ ആശയത്തിലൂന്നിനിന്നുകൊണ്ടാണു. അശ്വഘോഷനെപ്പോലുള്ള ബുദ്ധമതാചാര്യന്മാർ ബുദ്ധമതത്തിലെ നിരീശ്വരവാദ സിദ്ധാന്തങ്ങൾ വിപുലപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിൻെറ ബുദ്ധചരിത്തത്തിൽ ഈശ്വരാസ്ഥിത്വത്തെ നിരാകരിച്ചുകൊണ്ടെഴുതുന്നു:-

' ഈശ്വരോയ ദി സത്യം ചേത്
വിചിത്സാകഥം ഭാവേത്
ദുർവദേത് നവിപത്തൗച
നാന്യാൻ ദേവാം ശ്ച പൂജയേത്തു്."

ഈശ്വരൻ സത്യമായിരുന്നെങ്കിൽ അദ്ദേഹത്തേക്കുറിച്ച് സംശയിക്കുകയില്ലായിരുന്നു. കഷ്ടകാലങ്ങളിൽ ജനങ്ങരം ഈശ്വരനെ ശപിക്കുകയോ മററുദൈവങ്ങളെ ആരാധിക്കുകയോ ചെയ്യുകില്ലായിരുന്നു.

''ഈശ്വരേപ്സിത കർമ്മാണി
മാനവ: കുരുതേ യദി
സ ഏവ ഫലഭോക്താസ്യാത്
ന നര: ഫലഭാഗ്ഭവേത്."

ഈശ്വരൻെറ താത്പര്യമനുസരിച്ചാണു് മനുഷ്യർ കർമ്മം ചെയ്യുന്നതെങ്കിൽ അതിൻെറ ഫലമനുഭവിക്കുന്നതു് ഈശ്വരനായിരിക്കും. മനുഷ്യർ ഫലമനുഭവിക്കേണ്ടിവരികയില്ല.

''ഐശ്വരം ചോദിദം വിശ്വം
ഭവേന്നേ ത്ഥം വ്യവസ്ഥിതം
ദ: ഖൈർ നാഭിഭ വേദ്കശ്ചിത്
സനായോ നിംനസംപ്രജേത്."

ലോകം ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ടതായിരുന്നെങ്കിൽ ഇതുപോലൊരവസ്ഥ ഉണ്ടാകുമായിരുന്നില്ല യാതൊരാളും ദുഃഖിക്കുകയോ പല ജന്മങ്ങളെടുക്കുകയോ ചെയ്യുമായിരുന്നില്ല. (-ബുദ്ധചരിതം xvii -19-29)

ബുദ്ധമതത്തിൽ പൊതുവേ രണ്ടു് ശാഖകരം ഉള്ളതായാണറിവു്. ഹീനയാനവും മഹായാനവും. ബുദ്ധൻ സ്ഥാപിച്ച ധർമ്മത്തിൻെറ വ്യാഖ്യാന ഭേദങ്ങളാകുന്നു മഹായാനത്തിൻെറ ആവിർഭാവത്തിനുള്ള കാരണം. ഗ്രന്ഥങ്ങരം അധികവും പാലീഭാഷയിലാണു്.

പാലിയിൽ കണ്ടുകിട്ടിയിട്ടുള്ള ഹീനയാന ഗ്രന്ഥങ്ങളെ പൊതുവേ മൂന്നു് ഭാഗങ്ങളായി തിരിച്ച് ഓരോന്നിനും പിടികങ്ങരം എന്നു് നാമകരണം ചെയ്തിരിക്കുന്നു. അപ്രകാരം മൂന്നു് പിടികങ്ങരം എന്നർത്ഥമുള്ള ത്രിപിടികങ്ങരം എന്നാണു് ഹീനയാന ഗ്രന്ഥങ്ങളുടെ ഒന്നിച്ചുള്ള പേർ.

1) വിനയപിടികം
2) സുത്തപിടികം
3) അഭിധമ്മപിടികം

ബുദ്ധഭിക്ഷുക്കളുടെ ദൈനംദിന ജീവിതത്തിൻെറ എല്ലാവശങ്ങളേയും സമഗ്രമായി നിയന്ത്രിക്കുന്ന നിയമങ്ങളുടെ ഒരു വിശാലമായ കലവറയായി വിനയപിടികത്തെ കണക്കാക്കുന്നു. വിനയപിടികത്തെ മൂന്നു് ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1) സുത്തവിഭംഗം 2) ഖണ്ഡകം 3) പരിവാരം. ഇതിൽ സുത്തവിഭംഗത്തിനു് രണ്ടു് ഉപവിഭാഗങ്ങളുണ്ട്. ഭിക്ഖുവിഭംഗവും ഭിക്ഖുനീവിഭം

ഗവും. ഖണ്ഡകത്തിൻെറ ഉപവിഭാഗങ്ങളാണ് മഹാവർഗ്ഗവും ചുല്ലവർഗ്ഗവും.

സുത്തപിടികത്തിൽ ബുദ്ധധർമ്മത്തിൻെറ താത്വിക ഉള്ളടക്കങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥസമുച്ചയങ്ങൾ ഉൾപ്പെടുന്നു. സുത്തപിടികത്തെ അഞ്ച് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1) ദീർഘനികായം 2) മജ്ഝിമനികായം 3) അംഗുത്തരീയനികായം 4) സംയുക്തനികായം 5) ഖുദ്ദകനികായം. ദീർഘനികായത്തിൽ 34 സംവാദങ്ങൾക്കുപുറമേ സഹജാലം, സാമഞ്ഞഫലം മുതലായ പ്രസിദ്ധങ്ങളായ സൂത്തങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. മത്സിമനികായത്തിൽ 152 സംവാദങ്ങളും കഥോപകഥകളും ഉൾക്കൊള്ളുന്നു. അംഗുത്തരീയനികായത്തിൽ 11 അവാന്തരവിഭാഗങ്ങളിലായി 2300 സുത്തങ്ങൾ ഉൾക്കൊള്ളുന്നു. സംയുക്തനികായത്തിൽ 56 സമുച്ചയങ്ങളിലായി 2889 സുത്തങ്ങൾ ഉൾക്കൊള്ളുന്നു. ഖുദ്ദകനികായത്തെ രണ്ടു ഭാഗങ്ങളായിതിരിച്ച് ഒന്നിൽ 4 ഗ്രന്ഥങ്ങളും രണ്ടാം വിഭാഗത്തിൽ 9 ഗ്രന്ഥങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഒന്നാം ഭാഗത്തെ ഗ്രന്ഥങ്ങൾ-ധർമ്മപദം, സുത്തനിപാദം, ഥേരഗാഥ, ഥേരീഗാഥ എന്നിവയും രണ്ടാം വിഭാഗത്തിലെ ഗ്രന്ഥങ്ങൾ ഇതിവൃത്തകം. വിമാനവത്ഥു, പേതവത്സു, ജാതകങ്ങൾ, നിദ്ദേസം, പടിസംഭിദാമഗ്ഗം, അപദാനം, ബുദ്ധവംശം. ചരിയാപിടികം എന്നിവയുമാകുന്നു.

അഭിധർമ്മപിടികത്തിൽ മനശ്ശാസ്ത്രപരമായ ബുദ്ധധർമ്മ സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്നു. ഇതിനെ ഏഴ് ഉപ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ധർമ്മസംഗണി, വിഭംഗം, കഥാവത്സു, പുഗ്ഗല പഞ്ഞത്തി, ധാതുകഥ, യമകം, പത്ഥാനം. ഇവയിൽ ധമ്മസംഗണിയിൽ മനസ്സിൻെറ അവസ്ഥാഭേദങ്ങളെപ്പററിപ്പറയുന്നു. കഥാവത്സുവിൽ 252 അവസിദ്ധാന്തങ്ങളുടെ പ്രത്യാഖ്യാനമാകുന്നു വിഷയം. പുഗ്ഗലപഞ്ഞത്തിൽ ബുദ്ധചര്യയിൽ പേര് കേട്ടവരെ വാഴ്ത്തുന്നു ധാതുകഥ യമകം, പത്ഥാനം എന്നിവകളിൽ മനശ്ശാസ്ത്രസംബന്ധമായ ലഘുഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്നു. ഇത്രയും ഹീനയാനഗ്രന്ഥസമുച്ചയങ്ങളാകുന്നു.

ക്രിസ്തുവിനു മുൻപ് ഒന്നാം ശതകത്തിൽ ഡിംഹാലീ സുഭാഷയിൽ രചിച്ചതും പിന്നീട് പാലിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതുമായ ത്രിപീടിക വ്യാഖ്യാന ഗ്രന്ഥങ്ങൾ, മിലിന്ദ പഞ്ഹം (മിലിന്ദ പ്രശ്നം), വിശുദ്ധിമാർഗ്ഗം എന്നിവ മഹായാന ഗ്രന്ഥസമുച്ചയങ്ങളാകുന്നു. ബൗദ്ധപണ്ഡിതനായ ബുദ്ധഘോഷനാണ് വിശുദ്ധിമാർഗ്ഗത്തിൻെറ കർത്താവ്. ഇതിൽ ബുദ്ധധർമ്മത്തിൻെറ പ്രായോഗികപദ്ധതികൾ പ്രാമാണികവും, സമഗ്രവുമായി വർണ്ണിക്കുന്നു.

ബുദ്ധൻെറ പരിനിർവ്വാണ ശേഷം അനുയായികൾ വഴിപിരിയുകയും ദർശനങ്ങളിൽ വെള്ളം ചേർക്കപ്പെടുകയുമുണ്ടായി ഒടുവിൽ ശൂന്യവാദിയായ നാഗാർജ്ജുനനിലെത്തിയപ്പോഴേക്കും ബൗദ്ധദർശനം പൂർണ്ണമായി ഉപനിഷത് ദർശനത്തിൻെറ ഭാഗമായി മാറുകയായിരുന്നു. ആര്യന്മാരുടെ ബോധപൂർവ്വമായ തീരുമാനപ്രകാരം മുൻപ് ഭാരതത്തിലുണ്ടായിരുന്ന പല ബുദ്ധക്ഷേത്രങ്ങളും വിഹാരങ്ങളും നശിപ്പിക്കപ്പെടുകയും ശേഷിക്കുന്നവ ഹൈന്ദവക്ഷേത്രങ്ങളായി മാററപ്പെടുക

# ജീനോം ഘടനയുടെ കണ്ടെത്തൽ - മിഥ്യാഭിമാനത്തിന്റെയും മേധാവിത്വത്തിന്റെയും കടപിഴുകൽ!

### അഡ്വ: വർഗീസ് വട്ടക്കാവ് M A, L L.B.

ഈയടുത്തദിവസം 'ഹ്യൂമൻ ജിനോം' ഗവേഷണത്തിലേർപ്പെട്ടിരുന്ന ലോകത്തിലെ പ്രമുഖരായ അഞ്ചുശാസ്ത്രജ്ഞന്മാർ വാഷിംടൺ, ലണ്ടൻ, പാരീസ്, ബർലിൻ, ടോക്യോ എന്നീ നഗരങ്ങളിൽനിന്ന്, ഒരേ സമയത്തു് ചരിത്രപ്രഖ്യാതമായ ഒരു പ്രസ്സ് കോൺഫറൻസ് നടത്തുകയുണ്ടായി. അതിൽ അവർ പ്രഖ്യാപിച്ചു; എല്ലാവരും ഒരുപോലെതന്നെ:— 1) മനുഷ്യവർഗ്ഗം ആകമാനം ആഫ്രിക്കൻ വംശജരാണ്; വിവിധ മനുഷ്യവർഗ്ഗങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസമൊന്നുമില്ല. 99 9%വും മനുഷ്യരുടെ ജീനുകൾ ഒന്നുതന്നെയാണ്! 2) ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തത്തെ ശക്തിയായി പിൻതാങ്ങുന്നതാണ് ജന്തുവർഗ്ഗങ്ങളുടെ ഡി. എൻ. എ ജിനോം ഘടനയിൽ കാണാൻ കഴിയുന്നതു്. മനുഷ്യനും മററു ജീവികളും (ജന്തുക്കളും) തമ്മിലുള്ള ഘടനാവ്യത്യാസം വളരെ ചെറിയ അളവിൽ മാത്രമുള്ളതാണ്. മനുഷ്യന് വർഗ്ഗപരമായി, മററു ജന്തുക്കളിൽനിന്ന് ശ്രേഷ്ഠൻ എന്നഭിമാനിക്കാൻ ഏറെയൊന്നുമില്ല! (മനുഷ്യനു 30 ആയിരം ജീനുകളാണുള്ളതെങ്കിൽ ഏററവും ചെറിയ ഈച്ചയിൽ അതു് 23 ആയിരമുണ്ട്.)

ഈ പുതിയ ശാസ്ത്രീയ ഗവേഷണഫലവെളിപ്പെടുത്തലുകളെ ലോകമതങ്ങളും മററുപിൻതിരിപ്പൻ താല്പര്യസങ്കേതങ്ങളും എങ്ങനെയാണ് വിശദീകരിക്കുന്നതെന്നോ, വ്യാഖ്യാനിക്കുന്നതെന്നോ കണ്ടറിയേണ്ടിയിരിക്കുന്നു! അതേതായാലും, പരമപ്രധാനമായ ഒരു വസ്തുത സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു:-

1) ലോകത്തെവിടെയും മുഴങ്ങികേൾക്കുന്ന മനുഷ്യാവകാശരോദനത്തിന് വ്യക്തമായ സാദൃശ്യമുണ്ട്. (അതിനാൽ അവയ്ക്ക് ഐക്യസാദ്ധ്യതയുമുണ്ട്) മനുഷ്യൻ എവിടെയെല്ലാം ജീവിച്ചിരുന്നാലും അവർ എല്ലാവരും ഒരേ സമൂഹം തന്നെ! അവരുടെ വികാരവിചാരങ്ങൾക്ക് ഐക്യരൂപ്യമുണ്ട്, അതിനാൽ, മാനവികതക്ക് അന്തർദേശീയ പ്രാധാന്യമുണ്ട്। 2) മതങ്ങളുദ്ഘോഷിക്കുന്ന മനുഷ്യ

---

യുമാണുണ്ടായതു്. ബുദ്ധമതം അഹിംസാത്മകമായിരുന്നതിനാൽ കയ്യൂക്കുള്ളവർ കാര്യക്കാരാകുകയായിരുന്നു. (തീർന്നു)

**റഫറൻസ് ഗ്രന്ഥങ്ങൾ:-**

1) ഗൗതമ ബുദ്ധൻ ജീവിതവും ദർശനവും-ഡോ: ധർമ്മരാജ് അടാട്ട്,
2) ഭഗവാൻ ബുദ്ധൻ- ധർമ്മാനന്ദ കൊസാംബി
3) ഡിസ്ക്കവറി ഓഫ് ഇന്ത്യ-ജവഹർലാൽ നെഹ്റു.
4) ബുദ്ധമതം- എ. ജി. കൃഷ്ണവാര്യർ
5 ബുദ്ധചരിതം-അശ്വഘോഷൻ.
6)) വിജ്ഞാനകൈരളി-കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്.

സൃഷ്ടികഥകൾ, ശാസ്ത്രീയ സ്വഭാവമുള്ള വികാര വിചാരങ്ങൾക്കുമുമ്പിൽ വെറും 'യക്ഷികഥകൾ' മാത്രം! മനുഷ്യനെ മണ്ണിൽനിന്നു മെനഞ്ഞെടുത്ത യഹോവയും, ദുഷ്ട നിഗ്രഹത്തിനായി മനുഷ്യനായവതരിച്ച ഇൻഡ്യൻ ഈശ്വരന്മാരും മുഹമ്മദ്നബിക്കു ഖുർആൻ 'ഡിക്റേറററ്' ചെയ്ത അല്ലാഹുവും ഒരുപോലെ ദുർബ്ബല കിരാത മനസ്സുകളുടെ വികല ഒവളിപാടുകൾ മാത്രം!

3) ലോകത്തെവിടെയുമുള്ള ഏതു മതവും മനുഷ്യപുരോഗതിക്കും മാനവികതാ വികസനത്തിനും ഒരുപോലെ പ്രാതികൂല്യം സൃഷ്ടിക്കുന്ന ചൂഷണോപാധികളുടെ സംഘടിതമായ കേന്ദ്രീകരണമാണ് — അവ നിക്ഷിപ്ത താല്പര്യങ്ങളുടെ വഞ്ചനാകേന്ദ്രങ്ങളാണ്. 4) വർഗ്ഗീയതയും വർഗ്ഗമേധാവിത്വവും വെറും സ്വാർത്ഥതയിൽനിന്നു ഉടലെടുത്തതാണ്. ഇന്ത്യയിൽ കുടിയേറിയ മദ്ധ്യേഷ്യൻ വർഗ്ഗക്കാരായ ആര്യന്മാർ അന്നത്തെ ഇന്ത്യക്കാരെ കീഴടക്കി ചൂഷണം ചെയ്തു തങ്ങളുടെ മേധാവിത്വം നിലനിർത്തുന്നതിനായി ചാതുർവർണ്ണ്യം ആവിഷ്ക്കരിച്ച്, അവർ പ്രത്യേക പുരോഹിതശ്രേഷ്ഠവർഗ്ഗമാണെന്നു തെററിധരിപ്പിച്ച് ജനവഞ്ചന നടത്തുകയായിരുന്നുവെന്നും ആര്യബ്രാഹ്മണനും ചണ്ഡാളനും പഴയ ആഫ്രിക്കൻ പിഗ്മിയുടെയോ, നീഗ്രോയുടേയോ വംശത്തിൽനിന്നു പിരിഞ്ഞ് രണ്ടു സാഹചര്യത്തിൽനിന്നു ഒരുമിച്ചു വന്നവരാണ്. അവരിൽ ഒരാൾ മറെറയാളെക്കാൾ അല്പവും ശ്രേഷ്ഠനല്ലായെന്നും—വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഇൻന്ത്യയിലെ വർണ്ണവ്യവസ്ഥയുടെ അനുകരണമായി ജർമ്മനിയിൽ അഡോൾഫ് ഹിററ്ലറും കൂട്ടരും ആവിഷ്ക്കരിച്ച ആര്യമേധാവിത്വവാദമായ നാസ്സിസം വെറും ജനവഞ്ചനയുടെ കൗശലവേദാന്തമായിരുന്നു എന്നു കാണാം. (ഇന്നു ഇന്ത്യയിൽ ചാതുർവർണ്യാത്മകമായ ഹിന്ദു വലതുപക്ഷശക്തിയും ജർമ്മനിയിൽ 'നിയോനാസ്സിസം' (പുതിയനാസ്സിസം) പ്രാബല്യം പ്രാപിച്ചിരിക്കുന്നുവെന്ന വസ്തുത് ഇവിടെ വിസ്മരിക്കുന്നില്ല ) ജാതിവ്യവസ്ഥയെ, അതായതു ജാതിയുടെ പേരിലോ മതത്തിൻെറ പേരിലോ ഉള്ള ഏതു സാമൂഹ്യ രാഷ്ട്രീയ സംവിധാനത്തെയും അംഗീകരിക്കുവാനോ, സഹിഷ്ണുതയോടേ വീക്ഷിക്കുവാനോ ആത്മാഭിമാനമുള്ള ഒരു ഭാരതീയനോ, ഒരു ജർമ്മൻകാരനോ കഴിയുന്നതല്ല സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ മാനവികതയുടെ മാനദണ്ഡമാണു ശാസ്ത്രീയവും അനുയോജ്യവുമെന്നു കാപട്യമില്ലാത്ത ഏതൊരു വ്യക്തിയും സമ്മതിക്കുന്നതാണ്. ഫ്യൂഡൽ പാരമ്പര്യങ്ങളെ പാടേ പരിത്യജിക്കുവാൻ മനുഷ്യസമതയുടെ 'ജീനോം ഘടന' ആഹ്വാനം ചെയ്യുന്നുണ്ട്—'വെള്ളക്കാരൻെറ അപ്പാർത്തീഡ് പോളിസി' യിലെ വർണ്ണവിവേചനം വെറും സ്വാർത്ഥതയും 'പ്രാദേശികവാദ'വും ചൂഷണാത്മകവുമാണ്. കാശ്മീരിലെ 'പണ്ഡിററും' ബലൂചിസ്ഥാനിലെ പത്താൻ 'ഖാനും' ഹിന്ദുവും മുസൽമാനും പാർസിയും ക്രൈസ്തവനും ദ്രാവിഡനുമെല്ലാം ഒരേ വർഗ്ഗക്കാർതന്നെ! (ആരും ആരേക്കാളും ശ്രേഷ്ഠനല്ല. ഹീനനുമല്ല!) 5) മനുഷ്യനെ സൃഷ്ടിച്ച ദൈവം നിലംപതിച്ചിരിക്കുന്നു—മനുഷ്യൻ ഒരു 'സൃഷ്ടി'യല്ല. പരിണാമഫലവ്യക്തിയാണ്! മററു ജന്തുവർഗ്ഗങ്ങളും മനുഷ്യനും തമ്മിലുള്ള ബന്ധം സാഹോദര്യത്തിൻേറതാണ്. ൦

# ഭ്രൂണശാസ്ത്രവും
# സ്ത്രീജൻമം പുണ്യജൻമവും
# ഹദീസ് വ്യാഖ്യാനങ്ങളും

## പാർത്ഥിവൻ

ജമാഅത്തെ ഇസ്‌ലാമിയുടെ വനിതാവിംഗ് കേരളത്തിലങ്ങോളമിങ്ങോളം കഴിഞ്ഞ ജനുവരി-ഫെബ്രുവരി മാസങ്ങളിൽ വനിതാ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. ‘‘സ്ത്രീജന്മം പാപമോ’’ എന്ന വിഷയമായിരുന്നു അവരുടെ ചർച്ചാവിഷയം സ്ത്രീജന്മം പാപമല്ലെന്നും ഭ്രൂണഹത്യയും സ്ത്രീപീഡനവുമാണ് പാപമെന്നും അവർ ഇസ്‌ലാമിക ദൃഷ്ട്യാ ഖുർആൻ വ്യാഖ്യാനിച്ചു സമർത്ഥിച്ചു. അതുകൊണ്ട് നമുക്ക് ജനിക്കുന്നത് പെൺകുഞ്ഞാണെങ്കിൽ ഭ്രൂണഹത്യ ചെയ്യുന്നത് തടയണമെന്നും അവർ വാദിച്ചു യഥാർത്ഥത്തിൽ മുസ്‌ലീം സമുദായത്തിൽ ജനിക്കുന്ന പെൺകുഞ്ഞ് മററു സമുദായത്തിൽ ജനിക്കുന്ന പെൺകുഞ്ഞിനേക്കാൾ പീഡനങ്ങൾ അനുഭവിക്കുന്നുണ്ടെന്നു പറഞ്ഞാൽ അവർ അംഗീകരിച്ചു തരില്ല. പുരുഷനു സ്ത്രീകളേക്കാൾ കൂടുതൽ അവകാശങ്ങളുണ്ടെന്നും അവർ വീടിനു പുറത്തുപോയി ജോലിയെടുക്കുന്നത് ഭൂഷണമല്ലെന്നും അവകാശപ്പെടുന്ന ശരീഅത്ത് നിയമങ്ങൾവെച്ചു നോക്കുകയാണെങ്കിൽ മുസ്‌ലീം സമുദായത്തിൽ ജനിക്കുന്ന സ്ത്രീജന്മം പുണ്യജന്മമല്ലെന്ന്തന്നെയാണ് വ്യക്തമാക്കുന്നത്.

ഭ്രൂണഹത്യ മുസ്‌ലീങ്ങൾക്ക് പാപമായി കാണാൻ കഴിയുന്നത് അതു് ഇസ്‌ലാമിക നിയമങ്ങൾക്ക് എതിരായതുകൊണ്ടാണ്. ഭ്രൂണദശയിലിരിക്കുന്ന ഒരു ജീവനെ നശിപ്പിക്കുന്നതുകൊണ്ടാണ് ഭ്രൂണഹത്യ പാപമായി അവർക്കു മാറുന്നത്. അങ്ങിനെ നോക്കുകയാണെങ്കിൽ ഒരു നേരത്തെ ലൈംഗികബന്ധത്തിൽ പുറത്തു വരുന്ന ജീവനുള്ള ലക്ഷക്കണക്കിനു പുരുഷബീജങ്ങൾ മരിക്കുന്നുണ്ട്. അതിലൊന്നേ ഭ്രൂണവുമായി ചേർന്ന് ഗർഭപാത്രത്തിൽ കുഞ്ഞായി രൂപം കൊള്ളുന്നുള്ളൂ. മരിച്ചുപോകുന്ന മററുള്ള പുരുഷബീജങ്ങൾക്കെല്ലാം ഓരോ ഭ്രൂണവുമായി യോജിക്കാൻ അവസരം കിട്ടിയിരുന്നുവെങ്കിൽ അവയെല്ലാം മനുഷ്യക്കുഞ്ഞുങ്ങളായി വളർന്നു വരുമായിരുന്നു. അവസരം ലഭിക്കാത്തതുകൊണ്ട് മാത്രമാണ് കോടിക്കണക്കിനു പുരുഷബീജങ്ങളൊക്കെ ദിവസംതോറും ഇവിടെ മരിച്ചുവീഴുന്നത്. ഗർഭനിരോധന മാർഗ്ഗങ്ങളൊന്നും ഇല്ലാതിരുന്ന കാലത്ത് സ്ത്രീകൾ ഗർഭം ധരിക്കാതിരിക്കാൻ വേണ്ടി സ്ത്രീകളുമായി ബന്ധപ്പെടുമ്പോൾ ഇന്ദ്രിയം പുറപ്പെടുന്ന സന്ദർഭത്തിൽ പുരുഷലിംഗം പുറത്തെടുക്കുന്നതിനാണ് ‘അസ്‌ൽ’ ചെയ്യുക എന്ന് അറബിയിൽ പറയുന്നത്. ഇതിനെക്കുറിച്ച് മുസ്‌ലിമിൽ വിവരിക്കുന്നതിങ്ങനെയാണ്.

‘യുദ്ധങ്ങളിൽ തടവുകാരായി പിടിച്ച് അടിമസ്ത്രീകളാക്കിയവർ ധാരാളമുണ്ടായിരുന്നു. മുസ്‌ലീം പടയാളികൾ വീട്ടിൽനിന്ന് അകന്ന് കുറച്ചധികം

ദിവസങ്ങളോം കഴിച്ചുകൂട്ടേണ്ടിവന്നതുകൊണ്ട് ലൈംഗികബന്ധത്തിലേർപ്പെടാത്തതുകൊണ്ട് വളരെ വിഷമിച്ചിരുന്നു. അതുകൊണ്ട് പിടിക്കപ്പെട്ട അടിമസ്ത്രീകളുമായി അവർക്ക് ബന്ധപ്പെടേണ്ടിവന്നു. എന്നാൽ അവർ ഗർഭംധരിക്കുന്നതവർക്ക് ഇഷ്ടമായിരുന്നില്ല. കാരണം, ആ സ്ത്രീകൾ ഗർഭിണികളായാൽ അവരെ വില്ക്കാൻ പററില്ല. അതുകൊണ്ടവർ 'അസ്ൽ' മാർഗ്ഗം സ്വീകരിച്ചു. ഇതിനെക്കുറിച്ച് നബിയോട്ട് സംശയം ചോദിച്ചപ്പോൾ നബി പറഞ്ഞത് ഇങ്ങിനെയാണ്: നിങ്ങൾ അങ്ങിനെ ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും ഒരുപോലെയാണ്. അല്ലാഹു സൃഷ്ടിക്കാൻ ഉദ്ദേശിച്ചതു് സൃഷ്ടിക്കുകതന്നെ ചെയ്യും. നിങ്ങളെന്തൊക്കെ ചെയ്താലും ഒരു ഫലവുമില്ല. അല്ലാഹു ഈ ഭൂമുഖത്തു് സൃഷ്ടിക്കാനുദ്ദേശിച്ച മനുഷ്യർ നിങ്ങൾ 'അസ്ൽ' ചെയ്താലും ചെയ്തില്ലെങ്കിലും ജനിക്കുകതന്നെ ചെയ്യും.'

ഇങ്ങിനെ 'അസ്ൽ' നടത്തിയിട്ടും ഒരു അടിമസ്ത്രീ ഗർഭംധരിച്ചപ്പോൾ നബി പറഞ്ഞതിങ്ങനെയാണ്: 'അസ്ൽ' ചെയ്താലും അല്ലാഹു നിശ്ചയിച്ചതു് സംഭവിക്കുകതന്നെ ചെയ്യുമെന്നു് പറഞ്ഞതു് സത്യമായില്ലേ?

ഈ നബിവചനത്തെ പിടിച്ച് മുസ്ലീം പറയുന്നതാണ് രസകരമായിട്ടുള്ളതു്; നബിയുടെ ഈ പ്രവചനം സത്യമായിതീർന്നതു്തന്നെ നബി അല്ലാഹുവിൻെറ പ്രവാചകനാണെന്നുള്ളതിന്നു് വ്യക്തമായ തെളിവാണെന്നാണ്! 1680-ാം നമ്പ്ര് (മുസ്ലീം) ഹദീസ് വ്യാഖ്യാനിച്ചുകൊണ്ട് കെ. അലവി മൗലവിയുടെ അവകാശവാദമാണതു്. നബിയുടെ ശാസ്ത്രജ്ഞാനം അല്ലാഹു പറഞ്ഞുകൊട്ടത്തതാണ്. ചിലക്ക് കോങ്കണ്ണുണ്ടാകുന്നതിനെക്കുറിച്ചുള്ള നബിയുടെ ശാസ്ത്രവിജ്ഞാനം വിവരിക്കുന്നതിങ്ങിനെയാണ്. 'ഒരാൾ തൻെറ ഭാര്യയുമായി സഹവസിക്കുമ്പോൾ പിന്നിലൂടെ മുൻവശം ഉപയോഗപ്പെടുത്തി ബന്ധപ്പെട്ട് ഉണ്ടാകുന്ന കുട്ടികൾ കോങ്കണ്ണ് ഉള്ളവരായിരിക്കും.' (1669, 1670) (മുസ്ലീം)

ഇനി ഭാര്യയുമായി ബന്ധപ്പെടുമ്പോൾ പ്രാർത്ഥിച്ചില്ലെങ്കിൽ അവർക്കുണ്ടാകാൻപോകുന്ന കുട്ടികൾ ദുർമാർഗ്ഗികളായി തീരുമെന്നാണ് നബി പറയുന്നതു്. അതിങ്ങിനെയാണ്: 'നിങ്ങളാരെങ്കിലും തൻെറ ഭാര്യയുമായി സഹവസിക്കുവാൻ ആരംഭിക്കുമ്പോൾ 'അല്ലാഹുവിൻെറ തിരുനാമത്തിൽ, അല്ലാഹുവെ, നീ ഞങ്ങളിൽനിന്നും പിശാചിനെ ദൂരെയാക്കേണമേ, നീ ഞങ്ങൾക്ക് നൽകുന്ന സന്താനത്തിൽനിന്നും പിശാചിനെ ദൂരെയാക്കേണമേ' എന്നു് പ്രാർത്ഥിക്കുകയാണെങ്കിൽ ആ സന്ദർഭത്തിൽ അവർക്ക് ഒരു ശിശു വിധിക്കപ്പെടുകയാണെങ്കിൽ ആ ശിശുവിനെ ഒരിക്കലും പിശാച് ഉപദ്രവിക്കുകയില്ല.'

ഇത്തരം ഹദീസുകളെയൊക്കെ അടിസ്ഥാനമാക്കിയാണ് പരിഷ്ക്കരണവാദികളെന്നു് സ്വയം അവകാശപ്പെടുന്ന ജമാഅത്തെ ഇസ്ലാമിക്കാർ ഭ്രൂണഹത്യയെ പിടിച്ച് സ്ത്രീ ജന്മം പുണ്യജന്മമാണെന്നു് സമർത്ഥിക്കാൻ ശ്രമിക്കുന്നതു്. കാലഹരണപ്പെട്ട ഹദീസുകളെ സംബന്ധിച്ച് മുസ്ലീംകളിന്നു് പറയുന്നതു്

അവയെല്ലാം പ്രമാണയോഗ്യമല്ലാത്ത ഹദീസുകളാണെന്നാണ്. ഖുർആൻ സൂക്തങ്ങളെ വിശദമായി വ്യാഖ്യാനിക്കാനാണ് ഹദീസുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വ്യാഖ്യാനങ്ങളിൽ ഭൂരിപക്ഷവും കാലത്തെ അതിജീവിക്കാൻ കഴിയാതെ വന്നത് തന്നെ ഖുർആനിക ആശയങ്ങളുടെ അശാസ്ത്രീയ വീക്ഷണം കൊണ്ടാണ്. അതല്ലെങ്കിൽ ഇത്തരം വ്യാഖ്യാനങ്ങൾ അല്ലാഹുവിന്റേയും നബിയുടേയും പേരിൽ വരുമ്പോൾ അതെല്ലാം തെററാണെന്ന് തിരുത്തികൊടുക്കാൻ അല്ലാഹുവിന്നും ബാധ്യതയുണ്ട്. ഇക്കാര്യം പറയുമ്പോൾ പറമ്പൻ തയ്യൻ എന്നൊരു പക്ഷിയുടെ കഥയാണ് ഓർമ വരുന്നത്. കാലു നീളമുള്ള ഈ പക്ഷി ഉറങ്ങുമ്പോൾ അതിന്റെ കാലുകൾ രണ്ടും ആകാശത്തിലേക്ക് ഉയർത്തി പിടിച്ചാണത്രെ കിടക്കാറുള്ളത്. ആകാശം ഭൂമിയിലേക്ക് പൊട്ടിച്ചിതറി വീഴുമ്പോൾ പക്ഷിയുടെ കാലുകൾകൊണ്ട് താങ്ങിനിർത്തി അപകടം ഒഴിവാക്കാനാണത്രെ അതങ്ങിനെ ചെയ്യുന്നത്. യാഥാസ്ഥിക ചിന്താഗതിക്കാരും പറമ്പൻ തയ്യന്റെ പാരമ്പര്യമാണ് സ്വീകരിച്ചുവരുന്നതെന്നാണ് ഇവരുടെ പ്രവർത്തനങ്ങളൊക്കെ വ്യക്തമാക്കുന്നത്.

ഖുർആനിലും നബിവചനങ്ങളിലും പഴയകാലത്തെ ഇതര ഇസ്ലാം മത ഗ്രന്ഥങ്ങളിലും വന്ന കാര്യങ്ങളെല്ലാം ദൈവികമാണെന്നും അതിനാൽ ഇതുവരെ വെളിച്ചം കണ്ട ശാസ്ത്രവിജ്ഞാനങ്ങൾ മുൻകാലത്ത്തന്നെ ഖുർആനിലും നബി വചനങ്ങളിലും ഉൾകൊണ്ടിട്ടുണ്ടെന്നും ഇതുവരെ വെളിച്ചം കണ്ടിട്ടില്ലാത്തതും ഭാവിയിൽ മനുഷ്യകുലം കണ്ടെത്തിയേക്കാൻ ഇടയുള്ളതുമായ എല്ലാ വിജ്ഞാനങ്ങളും ഖുർആനിലും നബിവചനങ്ങളിലും ഒളിഞ്ഞുകിടപ്പുണ്ടെന്നും വാദിക്കുന്ന അനേകം പ്രസിദ്ധീകരണങ്ങൾ ഇസ്ലാംമത പ്രചാരകർ വിപണിയിലിറക്കിയിട്ടുണ്ട്. റഷാദ് ഖലീഫ എന്നൊരാൾ ഖുർആനിൽ ചില ഗണിതാത്ഭുതങ്ങളുണ്ടെന്ന് പറഞ്ഞ് ഒരിക്കൽ രംഗപ്രവേശം ചെയ്യുകയുണ്ടായി. കമ്പ്യൂട്ടറിന്റെ സഹായത്താൽ അദ്ദേഹം കണ്ടെത്തിയ ഗണിത സൂത്രം എന്ന നിലയിൽ ഖുർആനിലെ അക്ഷരങ്ങളുടേയും വചനങ്ങളുടേയും അദ്ധ്യായങ്ങളുടേയും എണ്ണവും 19 എന്ന് അക്കവും കൂട്ടി യോജിപ്പിച്ച് അവയെല്ലാം 19ഓ, 19ന്റെ ഗുണിതങ്ങളോ ആണെന്നു് അയാൾ പറഞ്ഞുണ്ടാക്കി. മുസ്ലീം പ്രചാരകർ കുറെകാലം ഇതും പൊക്കിപിടിച്ചു നടന്നു. എന്നാൽ ഗണിതം പലയിടത്തും ഒക്കാതെ വന്നതോടെ റഷാദിനെയും അയാളുടെ ഗണിതത്തേയും അവർ കയ്യൊഴിച്ചു. എന്നാൽ മോറിസ് ബുക്കായിയുടെ കണ്ടുപിടുത്തങ്ങൾക്കും അയാളെ അനുകരിച്ച് മററു ചിലർ നടത്തിയ കണ്ടുപിടുത്തങ്ങൾക്കും ഇപ്പോഴും നല്ല മാർക്കററാണ്. അദ്ദേഹത്തെ അനുകരിച്ച് സൗദി അറേബിയയിലെ ഡോ: മുഹമ്മദാലി അൽബാർ എഴുതിയ 'Human Development as Revealed in the Holy Qur'an and Hadith' എന്ന കൃതിയുടെ മലയാള പരിഭാഷ 'ഭ്രൂണശാസ്ത്രം ഖുർആനിലും ഹദീസിലും' എന്ന പേരിൽ ജമാഅത്തെ ഇസ്ലാമിയുടെ ഐ. പി. എച്ച്. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡോ: മോറീസ് ബുക്കായ് പറയുന്നത് ഇതുവരെയുള്ള ഖുർആൻ വ്യാഖ്യാ

# സ്ത്രീ പീഡനം

## ഡോ: ലാസർ തേർമഠം

ജീവജാലങ്ങൾക്ക് പൊതുവെയുള്ള സ്വഭാവമാണ് തന്നിൽ താഴ്ന്നവയോട് മേധാവിത്വം പ്രകടിപ്പിക്കുക എന്നുള്ളത്. ഈ ദു:സ്വഭാവം മനുഷ്യർ കൂടുതൽ പ്രകടമാക്കുന്നത് സ്ത്രീയുടെ മേൽ പുരുഷൻ കുതിര കയറിക്കൊണ്ടാണ്.

സാമൂഹ്യ ജീവിതത്തിന്റെ എല്ലാ തുറകളിൽ നിന്നും സ്ത്രീയെ മാററിനിർത്തിക്കൊണ്ട് പുരുഷന്റെ ആധിപത്യത്തിൽ സ്ത്രീക്ക് കഴിഞ്ഞുകൂടണമെന്ന വ്യവസ്ഥിതിയ്ക്കു് കഴിഞ്ഞ നൂററാണ്ടോടുകൂടിയാണ് മാററം വരാൻ തുടങ്ങിയത്. താത്രിക്കുട്ടി എന്ന ബ്രാഹ്മണസ്ത്രീയെ 64 ശ്രേഷ്ഠ പുരുഷന്മാരാണ് കൈവശം വെച്ചനുഭവിച്ചത് എങ്കിലും, ലൈംഗീക പീഡനത്തിന്റെ പേരിൽ താത്രിക്കുട്ടി പരാതിപ്പെട്ടിരുന്നില്ല. നമ്പൂതിരിയുടെ തടങ്കലിൽ നിന്ന് പുറത്തുചാടി കള്ളക്കളിക്ക് കൂട്ടുനിന്നതിന്റെ പേരിൽ പിടിക്കപ്പെടുകയാണുണ്ടായത്. പീഡനം, 'സ്മാർത്ത വിചാരം' എന്ന നമ്പൂതിരി പുരുഷമേധാവിത്വ നിയമസംഹിതയുടെ പേരിലായിരുന്നു. പാഞ്ചാലിയുടെ ഉടുതുണിയഴിച്ച് ആർത്തട്ടഹസിക്കുന്ന കൗരവ സംസ്കാരത്തിന്റെ പൈതൃകം പുരുഷന്റെ സിരകളിൽ എല്ലാ കാലത്തും ഉണ്ടായിരുന്നു. പുരാതന കേരളത്തിലെ സ്ത്രീകൾക്ക് പുരുഷന്റെ തണലിൽ അടങ്ങിയൊതുങ്ങി ജീവിക്കാൻ കഴിയുമായിരുന്നതുകൊണ്ട്, വീട്ടിൽ നിന്ന് പുറത്തേക്കിറങ്ങേണ്ട ആവശ്യമേയില്ലായിരുന്നു. പുരുഷന്മാരുടെ ലൈംഗീക ദാഹശമനത്തിനും അവരുടെ കുഞ്ഞുങ്ങളെ പ്രസവിക്കേണ്ടതിനും വേണ്ടിയാണ് സ്ത്രീകൾ എന്നറിയാവുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ പുരുഷന്മാർക്ക് ലൈംഗീക പീഡനം ഏല്പിക്കേണ്ട ആവശ്യവുമില്ലായിരുന്നു. വർഗ്ഗ ശത്രുതയുടെ പേരിലായിരുന്നു അക്കാലത്ത് സ്ത്രീകൾ ആക്രമിക്കപ്പെട്ടിരുന്നത്. ഏകപത്നീ-വ്രതവും, ഏകഭർതൃത്വവും നിഷ്കർഷിച്ചിട്ടില്ലാത്ത അക്കാലത്ത്, വിവാഹത്തിനു പുറത്തുള്ള ലൈംഗീകദാഹശമനം സദാചാരവിരുദ്ധമായിരുന്നില്ല. അതിലേർപ്പെടുവാൻ സ്ത്രീകൾക്ക് ഒട്ടും സങ്കോചവുമുണ്ടായിരുന്നില്ല ഏക പത്നീവ്രതവും

---

താക്കൾക്കും പരിഭാഷകർക്കും. ഖുർആൻ വാക്യങ്ങളുടെ ശരിയായ ഉദ്ദേശവും ഖുർആനിലുപയോഗിച്ച പദങ്ങളുടെ ശരിയായ അർത്ഥവും അറിയാത്തതുകൊണ്ടും അവർക്ക് ശാസ്ത്രബോധമില്ലാത്തതുകൊണ്ടുമാണ് അവർ ഇന്ന് കാണുംവിധം ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും എഴുതാൻ ഇടവന്നതെന്നും ഖുർആൻ പരിഭാഷകളിലും വ്യാഖ്യാനങ്ങളിലും അങ്ങിനെയാണ് ശാസ്ത്രവിരുദ്ധമായി ചിലതു സ്ഥാനംപിടിച്ചതെന്നും അതിനാൽ അദ്ദേഹം പറയുന്നതരം അർത്ഥം പറഞ്ഞാലും അദ്ദേഹം നൽകുന്ന വ്യാഖ്യാനങ്ങൾ സ്വീകരിച്ചാലും എല്ലാം ശാസ്ത്രീയമായി തീരുകയും ഖുർആനിന്റെ മഹത്വം കൂടുതൽ വെളിപ്പെടുകയും ചെയ്യുമെന്നുമാണ് അദ്ദേഹം സ്വപ്നം കാണുന്നത്. ഇതെത്രത്തോളം സത്യമാണെന്ന് ഖുർആനും, ഹദീസും ശാസ്ത്രീയ വീക്ഷണത്തിൽ പഠിക്കുന്ന ഏതൊരാൾക്കും വ്യക്തമാകും.

ഏക ഭർത്തൃത്വവും സ്ഥായിയായിക്കഴിഞ്ഞ ഇന്നത്തെ സമൂഹത്തിൽ ലൈംഗീക ബന്ധവും വിവാഹത്തിനുള്ളിൽ സാധിക്കണമെന്നാണ് സദാചാരം. ഇതു് നടക്കാതെ പോകുന്നതുകൊണ്ടാണ് ലൈംഗിക പീഡനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതു് ഒരു പെൺപട്ടിയെ വളഞ്ഞുവെച്ച് എട്ടുപത്ത് ആൺപട്ടികൾ ആരവമിട്ട് പീഡിപ്പിക്കുന്നതുപോലെയുള്ള സ്വഭാവം ആണുങ്ങൾ ഇക്കാലത്താണ് കൂടുതൽ പ്രകടമാക്കുന്നതു്. മനുഷ്യരുടെ സ്വഭാവത്തേക്കാൾ മികച്ചതാണ് പട്ടിയുടെ സ്വഭാവം. ഏതെങ്കിലുമൊരാൺ പട്ടി, പെൺപട്ടിയെ വരുതിയിൽ പെടുത്തിയാൽ മററെല്ലാ ആൺപട്ടികളും ഒഴിഞ്ഞുപോകുമായിരുന്നു. പക്ഷേ, ഒരു പെണ്ണിനെ തന്നെ, അവൾ അവശയാകുന്നതുവരെ പല പുരുഷന്മാരും മാറി മാറി പീഡിപ്പിക്കുക എന്നതു് മനുഷ്യവർഗ്ഗത്തിൻെറ പ്രത്യേകമായുള്ള ഒരു ക്രൂരവിനോദമാണ്.

പുരുഷനു തുല്യം സ്ത്രീകൾം സ്വാതന്ത്ര്യം ആകാമെന്ന കാലഘട്ടത്തിലാണ് നാമിപ്പോൾ ജീവിക്കുന്നതു്. കുടുംബങ്ങളിൽ ധനാഗമ മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ട് വിവാഹിതരാകാൻ കഴിയില്ലെന്നു് വിശ്വസിക്കുന്ന അനേകം പെൺകുട്ടികൾ നമ്മുടെ നാട്ടിലുണ്ട്. ഭർത്താക്കന്മാരാൽ പീഡിപ്പിക്കപ്പെടുന്ന അനേകം ഭാര്യമാരുണ്ട്. പണം സമ്പാദിക്കണമെന്ന മോഹം സ്ത്രീകൾം പുരുഷനും ഇന്നു് ഒരുപോലെയാണ്. പണം വേണമെന്ന പ്രലോഭനത്തിൻെറ പേരിൽ ലൈംഗീക പീഡനം ഏററുവാങ്ങുന്ന സ്ത്രീകൾ, പരാതിപ്പെടാത്തവരാണ് അധികവും. സ്ത്രീകളെ വിററ് കാശുണ്ടാക്കാൻ നടക്കുന്ന പുരുഷന്മാരുടെ വലയിൽ കുടുങ്ങിയ പെൺകുട്ടികളാണ് പീഡനകഥകൾ സമൂഹമദ്ധ്യത്തിലേക്ക് കൊണ്ടുവരുന്നതു്. രക്ഷാകർത്താക്കളുടെ സൂക്ഷ്മതക്കുറവുകൊണ്ടുകൂടിയാണ് ഇ ഛർ പീഡനങ്ങൾക്ക് കരുക്കളാകേണ്ടിവരുന്നതു്.

വിവാഹബന്ധത്തിനുമുമ്പ് സ്ത്രീയുമായി ബന്ധപ്പെടുന്നതു് സദാചാരവിരുദ്ധമായി കരുതുന്ന ഒരു സാമൂഹ്യ സാഹചര്യത്തിൽ ജീവിക്കുന്ന കൗമാരപ്രായക്കാരായ പുരുഷന്മാരും, സ്വന്തം പത്നിയിൽ കൂടി മാത്രം ലൈംഗീകസംതൃപ്തി തേടിക്കൊള്ളണമെന്നു് മനസ്സിൽ ധ്യാനിച്ചു നടക്കുന്ന അസംതൃപ്തരായ ഭർത്താക്കന്മാരും ധാരാളമുള്ള ഈ വ്യവസ്ഥിതിയിൽ, ഒരു പെൺകുട്ടിയെ പിടികിട്ടിയാൽ അവിടെ നടക്കുന്നതു് പുരുന്മാരുടെ പീഡനമായിരിക്കും എന്നുള്ളതിനു് സംശയമില്ല. നേരെ ധരിച്ചു് ആസ്വദിച്ചുകൊണ്ടുള്ള ലൈംഗിക സംതൃപ്തി ഒന്നു വേറേയാണ്.

സ്ത്രീയെ സ്നേഹിച്ചുവശത്താക്കി ലൈംഗികാനുഭൂതിയുടെ ആഴത്തിലിറങ്ങിച്ചെല്ലാൻ സാധിക്കാത്ത പുരുഷൻ, പുരുഷത്വമുള്ളവനാണെന്നു് പറഞ്ഞു നട

മനസ്സിനിണങ്ങിയ വസ്ത്രങ്ങൾക്ക്

**ഫേഷൻ ഫേബ്രിക്സ്**

**തൃശൂർ**

ക്കുന്നതിൽ വലിയ കാര്യമില്ല. പുരുഷത്വം അതിന്റെ യഥാർത്ഥവഴിയിൽ പ്രയോഗിക്കാൻ ശ്രമിക്കാത്ത പുരുഷന്മാരാണ് ലൈംഗിക പീഡനം പെൺകുട്ടികളിലേല്പിച്ച് വെളുക്കാൻ തേച്ചത് പാണ്ടാക്കിക്കളയുന്നത്. ഒരു പുതിയ ലൈംഗിക സംസ്കാരം പ്രചരിപ്പിച്ച് പുരുഷന്മാരെ പ്രബുദ്ധരാക്കുകയേ ഇതിനു നിവാരണ മാർഗ്ഗമായി നിർദ്ദേശിക്കാനുള്ളു. വിവാഹിതരാകുന്ന യുവതീയുവാക്കൾക്ക് ഇരുവരുടേയും സഹകരണത്തോടെ അവർക്ക് ലൈംഗിക സംതൃപ്തി കൈവരുത്താനാകുമോ എന്നും അതിനുള്ള ലൈംഗിക വിജ്ഞാനം അവർ ആർജ്ജിച്ചിട്ടുണ്ടോ എന്നും, പരിശോധിക്കാൻ മിനക്കെടാത്ത ഇന്നത്തെ വ്യവസ്ഥിതിയിൽ വിവാഹബന്ധങ്ങൾക്കപ്പുറത്തുള്ള ലൈംഗീക പീഡനം വ്യാപകമായാൽ കുററപ്പെടുത്തേണ്ടത് വ്യക്തികളേയോ, വ്യവസ്ഥിതിയേയോ?

ലൈംഗിക പീഡനത്തിന്റെ പേരിൽ പാവപ്പെട്ട പുരുഷന്മാർ പോലീസ് സ്റ്റേഷനിൽ വെച്ച് അവഹേളിക്കപ്പെടാൻ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾ നൽകുന്ന ഏതു പരാതിയും അന്വേഷണ വിധേയമാക്കണമെന്ന് ഇപ്പോൾ നിയമമുണ്ടായിരിക്കേ, തിരക്കുള്ള ബസ്സിൽ തൊട്ടുരുമ്മിനിന്നു എന്ന കാരണത്താൽ പോലും പുരുഷനെതിരെ സ്ത്രീകൾക്ക് സ്റ്റേഷനിൽ പരാതി നല്കാനാകും, നിർദ്ദോഷിയായേക്കാവുന്ന പുരുഷൻ അവഹേളിക്കപ്പെടാനും ഇടയാകും. ഈ നീക്കത്തിനെതിരെ ഇപ്പോഴേ തടയിടേണ്ടതാണെന്നു തോന്നുന്നു.

പെണ്ണിന്റെ ഗന്ധമേററാൽ പോലും സ്ഖലിച്ചുപോകുന്ന പാവം പുരുഷന്മാരുണ്ട്. ഈയിടെ ബസ്സിൽ വെച്ചുനടന്ന ലൈംഗിക പീഡനത്തിനു ഉത്തരവാദിയായ ഒരു പുരുഷനെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തിരക്കുള്ള ബസ്സുകളിലും മററും ആണും പെണ്ണും ഒന്നിച്ചുയാത്രചെയ്യുമ്പോൾ മുട്ടിയുരസ്സലുകൾ സർവ്വസാധാരണമാണ്. ഈ സന്ദർഭങ്ങളിൽ ഏതെങ്കിലും സ്ത്രീയുടെ മാർദ്ദവവും സുഗന്ധവും ഏതെങ്കിലും പുരുഷന്മാരിൽ ഉത്തേജനം ഉണ്ടാക്കിയെന്നും വരാം. മനഃപൂർവ്വമായിരിക്കണമെന്നില്ല. പേടിച്ചരണ്ട് അറിയാതെ മൂത്രമൊഴിക്കുന്ന കുട്ടികളെ പോലെ, തിരക്കിന്നിടയിൽപ്പെടുന്ന ചില പുരുഷന്മാർക്ക് സ്ഖലിച്ചുപോയെന്നും വരും. ഛർദ്ദിയുടെ അവശിഷ്ടങ്ങൾ സാരിയിൽ വീണാൽ കഴുകിക്കളയാൻ ഔദാര്യം കാണിക്കാറുള്ള സ്ത്രീകൾക്ക് ശുക്ലാംശത്തോട് ഇത്രയേറെ വിരോധം തോന്നാനിടയാകുന്നത്, സമൂഹം അവരിലേല്പിച്ച ആഘാതം മൂലമാണ്. ശുക്ലം അതിവിശിഷ്ടമാണെന്നാണ് പുരാണങ്ങൾ പറയുന്നത്. മോഹിനിവേഷം പൂണ്ട മഹാവിഷ്ണുവിനെ പുണർന്ന ശിവന്റെ ശുക്ലം ഭൂമിയിൽ വീണതാണ് സ്വർണ്ണവും വെള്ളിയുമായി ഭൂമിയിൽ ഉറച്ചുപോയതെന്ന് ഒരു ഐതിഹ്യം പറയുന്നത്. ലിംഗപൂജ ശുക്ലവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഉദ്ധരിച്ച ലിംഗത്തേയാണ് ഭക്തർ ആരാധിക്കുന്നത്. ആ നിലയ്ക്ക് അല്പം ശുക്ലം സാരിയിൽ വീണു എന്നുവെച്ച് ഒരു പാവം പുരുഷൻ ശിക്ഷിക്കപ്പെടുന്നത് പുരുഷപീഡനമാകുകയില്ലേ എന്നാലോചിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം അറുത്തുമുറിച്ചുകളയുന്ന വിധത്തിൽ സ്ത്രീപീഡനക്കേസുകൾ ഉണ്ടാക്കരുതെന്നാണ് സ്ത്രീജനങ്ങളോട് എന്റെ അഭ്യർത്ഥന. ○

# മനുഷ്യ ദൈവങ്ങളുടെ കാപട്യങ്ങൾ

പ്രദീപ്

മനുഷ്യദൈവങ്ങൾക്ക് ഏററവും വളക്കൂറുള്ള മണ്ണാണ് ഇന്ത്യ. മുപ്പത്തിമുക്കോടി ദൈവങ്ങളെ ആരാധിക്കുന്ന ഇന്ത്യക്കാർക്ക് വ്യക്തിപൂജയും മനുഷ്യദൈവഭക്തിയും, അനഭിലഷണീയമായി തോന്നുകയില്ല. സെമിററിക്ക് മതങ്ങൾക്കുപോലും രക്ഷപ്പെടാൻ കഴിയാത്തവിധത്തിൽ അപഭ്രംശം സംഭവിച്ച ദൈവസങ്കല്പങ്ങളുടെ കാര്യത്തിൽ ഇന്ത്യയുടെ ചരിത്രം. ഉദാരതയുടെ മാനങ്ങളാർജ്ജിക്കുയും, വ്യക്തിയെയും പ്രപഞ്ചഘടകങ്ങളെയും ദൈവത്തിന്റെതന്നെ അംശങ്ങളായി സങ്കൽപിക്കുകയും ചെയ്യുകയാണ് എന്ന് അഭിനവ ഹൈന്ദവവാദികൾ പറയാറുണ്ട്. ആധുനിക ഇന്ത്യയിൽ ശാസ്ത്രബോധത്തിന്റെ വെളിച്ചത്തെ വെല്ലുവിളിച്ചുകൊണ്ട് തീവ്രമായ ഒരു മനോരോഗമായി ഇനിയും ആൾദൈവങ്ങളിലുള്ള വിശ്വാസം പ്രചരിച്ചുവരികയാണ്. പ്രബുദ്ധരും, വിദ്യാസമ്പന്നരും എന്ന് ധരിക്കപ്പെടുന്ന ഭാരതീയരെപ്പോലും അടിമപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ള മൂന്ന് ആൾദൈവങ്ങൾ ഇന്നിപ്പോൾ ഇന്ത്യയിൽ മാധ്യമങ്ങളിലും ദുർബ്ബല മനസ്സുകളിലും നിറഞ്ഞുനില്ക്കുകയാണ്. 1) പുട്ടപർത്തിയിലെ സത്യസായിബാബ 2) കേരളത്തിലെ അമൃതാനന്ദമയി 3) ആർട്ട് ഓഫ് ലിവിങ്ങിന്റെ പ്രചാരകനായ ശ്രീ ശ്രീ രവിശങ്കർ. ഈ മൂന്നു ആൾദൈവങ്ങളും ഇന്ത്യൻ ജനതയുടെ പ്രബുദ്ധതയിലേക്കുള്ള പ്രയാണത്തിൽ തടസ്സങ്ങളായി വർത്തിച്ചുവരികയാണ്. കാപട്യങ്ങള


First G. M. P. in Ayurveda

**SITARAM**

AYURVEDA PHARMACY (L)

TRICHUR

LOVE
NATURE
TRUST
SITARAM

★ SINCE 1921 ★

LOVE
NATURE
TRUST
SITARAM

ഭാരതത്തിലെ പ്രഥമ GMP
ആയുർവേദ കമ്പനി

**സീതാറാം**

ആയുർവേദ ഫാർമസി (ലി)

തൃശൂർ

ആരോഗ്യ സംരക്ഷണത്തിൽ സീതാറാം എന്നെന്നും
ജനങ്ങൾക്കൊപ്പം.

ടെയും, കള്ളത്തരങ്ങളുടെയും ആർഷ സംസ്കാരത്തിന് വല്ല നന്മയുമുണ്ടെങ്കിൽ അതിനെ തകർക്കുന്ന തരത്തിലുള്ള കുബുദ്ധിയുടെയും ആൾരൂപങ്ങളാണീ മൂവരും.

ഈ മനുഷ്യദൈവങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുമ്പോൾ ചില സാമ്യതകൾ തിരിച്ചറിയുവാൻ കഴിയും 1) ദൈവത്തിന്റെ ഈ കാലഘട്ടത്തിലെ അവതാരങ്ങളാണ് തങ്ങളെന്ന് അനുയായികളെക്കൊണ്ട് പറയിക്കുന്നതിൽ ഇവർക്ക് മനഃശാസ്ത്രപരമായി സാധിച്ചിരിക്കുന്നു. 2) തങ്ങൾ ജാതി-മത ചിന്തകൾക്ക് പരിഗണന കല്പിക്കുന്നവരല്ലെന്ന് വരുത്തിത്തീർക്കാനും, എല്ലാമതസ്ഥർക്കും തങ്ങൾ ഒരേപോലെ സ്വീകാര്യനാണെന്ന് സ്ഥാപിക്കാനും ഇവർ ശ്രമിക്കുന്നു. 3) അതേസമയം ഹൈന്ദവ ആചാരങ്ങളും, രീതികളും, പ്രാർത്ഥനകളും, ഭജനകളും ഇവർ അനുശാസിക്കുന്നു, നടപ്പിലാക്കിവരുന്നു. 4) അവസരം കിട്ടുമ്പോഴെല്ലാം ഭൂരിപക്ഷമായ ഹിന്ദുക്കളുടെ ആദ്ധ്യാത്മിക സരണിയിലാണ് തങ്ങൾ എന്ന് സ്ഥാപിക്കാനിവർ ഉത്സാഹിച്ചുവരുന്നു.

സത്യസായിബാബയുടെ ഭക്തരുടെ കൂട്ടത്തിൽ മുസ്ലീംകളും ഉണ്ടെന്നു പറയാറുണ്ട്. പക്ഷെ, ഹിന്ദുക്കൾക്കൊഴിച്ച് മററ് ഒരു മതസ്ഥർക്കും ബാബയെ അവതാരമായി കാണാൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. കൃഷ്ണന്റെയും ശിവന്റെയും സമ്മിശ്ര അവതാരമാണ് താനെന്ന് സായിബാബ ഒരു കാലത്തു് പറഞ്ഞിരുന്നുവല്ലോ കൃഷ്ണനെയും, ശിവനെയും അംഗീകരിക്കുവാൻ മുസ്ലീംകൾക്കും ക്രിസ്ത്യാനികൾക്കും സാധിക്കുന്നതെങ്ങനെ? മുസ്ലീം-ക്രൈസ്തവനാമധാരികൾ സായിബാബയെ അംഗീകരിക്കുന്നുണ്ടാവാം. പക്ഷെ അത്തരക്കാർ തങ്ങളുടെ മതത്തെ പൂർണ്ണമായും കയ്യൊഴിച്ചവരായിരിക്കാതെ വയ്യ.

സായിബാബയെ ആദ്ധ്യാത്മികതയുടെ പ്രതിരൂപമായി അംഗീകരിക്കാൻ യഥാർത്ഥ മുസ്ലീം-ക്രൈസ്തവ വിശ്വാസികൾക്ക് സാധിക്കില്ല. സായിബാബ തന്നെ സന്ദർശിക്കാനെത്തിയ മൂന്ന് വിദേശികളുടെ ലൈംഗികാവയവങ്ങൾകൊണ്ട് കളിച്ച കളികൾ സമീപകാലത്ത് 'ഇന്ത്യാ ററുഡേ' റിപ്പോർട്ട് ചെയ്തിരുന്നുവല്ലോ. മലയാളത്തിലെ 'ദേശീയ പത്രമുത്തശ്ശിയായ' ഒരു മാധ്യമം അതിനെ ചെറുക്കാനെന്നവ്യാജേന ഒരു മറുപടിയും പ്രസിദ്ധീകരിച്ചിരുന്നു. വിമർശിതമായ കാര്യങ്ങൾ തീരെ സ്പർശിക്കാതെ തന്നെ. ആൾദൈവങ്ങളെ വളർത്തിക്കൊണ്ടുവരുന്ന വൻകിട പത്രങ്ങളാണ് യഥാർത്ഥത്തിൽ സമൂഹം അകപ്പെട്ടുകിടക്കുന്ന മാലിന്യങ്ങൾ വിശുദ്ധീകരിക്കുന്ന യഥാർത്ഥ ദുർബുദ്ധികൾ എന്ന് തിരിച്ചറിയുവാൻ ഇത്തരം അനുഭവങ്ങൾ ധാരാളമാണല്ലോ. എന്നാൽ ഇന്ത്യാ ററുഡേ പോലെ വലിയ ഒരു പത്രമാദ്ധ്യമം റിപ്പോർട്ട് ചെയ്ത സംഭവങ്ങൾ മനസ്സിലാക്കി സായിബാബയെ തിരസ്കരിക്കുവാൻ ഇന്ത്യക്കാർക്കായില്ല എന്നതാണ് പരമാർത്ഥം. ഇതിന് കാരണം ശിവന്റെയും കൃഷ്ണന്റെയും മൈഥുന-കാമലീലകൾ മനസ്സിലേററിനടക്കുന്ന ഭാരതീയന്റെ മാനസികമായ തരംതാഴ്ചയല്ലാതെ മറെറാന്നുമല്ല.

ജാതി-മതഭേദങ്ങളില്ലാത്ത 'അമ്മയെന്ന്' വിശേഷിപ്പിക്കപ്പെടുന്ന അമൃതാനന്ദമയിയുടെ പൊതു പരിപാടികൾക്ക് തികച്ചും ഹൈന്ദവികമായ ഛായയാ

ണ്ട് ഉള്ളത്. ഭജനയും, പൂജയും, ആരാധനാ-പ്രാർത്ഥനാ രീതികളമെല്ലാം തികച്ചും ഹൈന്ദവികം തന്നെ. എന്നിട്ടും ഇതര മതസ്ഥരെക്കൂടി കബളിപ്പിക്കുന്നതിനു വേണ്ടി ഇവർ സർവ്വമതസ്നേഹത്തിന്റെ കപ്പായമണിയുകയും ചെയ്യുന്നു. ഒരു മതത്തിന്റെയോ ജാതിയുടെയോ വക്താവല്ല താനെന്ന് അവർ ഉറച്ച് വിശ്വസിക്കുന്നുവെങ്കിൽ വേണ്ടിയിരുന്നത് എല്ലാ മതങ്ങളിൽനിന്നും മതരീതികളിൽ നിന്നും ഭിന്നമായ ഒരു പ്രാർത്ഥനാരീതി ആവിഷ്ക്കരിക്കുകയും കണ്ടെത്തുകയുമായിരുന്നു. സമ്പത്തിനെയും, സ്ഥാപനവൽക്കരണത്തിന്റെയും മാത്രമായ താൽപര്യങ്ങളെയും ലാക്കാക്കി നീങ്ങുന്ന കാപട്യത്തിന്റെ കറുത്ത രൂപമാണ് ഒരു വലിയ വിഭാഗം കേരളീയർ അമ്മയായും ദേവിയായും കൊണ്ടാടുന്ന അമൃതാനന്ദമയി എന്നതിന് അവരുടെ പ്രവർത്തനങ്ങളേക്കാൾ വലിയ തെളിവുകൾ ആവശ്യമില്ല. അമൃതാനന്ദമയി നടത്തുന്ന വിവിധ സാമൂഹ്യ പ്രവർത്തനങ്ങളുടെയെല്ലാം ഗുണമനുഭവിക്കുന്നതും സഹായങ്ങൾക്കായി അവരുടെ മിഷൻ ട്രസ്റ്റുകൾ തെരഞ്ഞെടുക്കുന്നതും ഹിന്ദുക്കളെ മാത്രമാണ് എന്ന യാഥാർത്ഥ്യവും നമുക്ക് മുമ്പിലുണ്ട്. ജനപിന്തുണയുടെ കാര്യത്തിൽ ജാതി-മത രാഹിത്യം അംഗീകരിക്കയും പ്രവർത്തനങ്ങളിലും നിലപാടുകളിലും ഇടപെടലുകളിലും ഹൈന്ദവതാല്പര്യങ്ങളെ താലോലിക്കുകയുമാണിവർ ചെയ്തുവരുന്നത്. കാപട്യത്തിന്റെയും ഇരട്ടത്താപ്പിന്റെയും കാര്യത്തിൽ ആർട്ട് ഓഫ് ലിവിങ്ങിന്റെ ആചാര്യനായ രവിശങ്കർ ഇവരേക്കാൾ ഒരുപടി മുന്നിലാണെന്നും പറയാതെ വയ്യ. 'ഗുരുദേവ്' എന്നു അനുയായികൾ വിശേഷിപ്പിക്കുന്ന രവിശങ്കർ തന്റെ പ്രസ്ഥാനം മത-ജാതി പരിഗണനകൾക്ക് അതീതമാണെന്ന് അടിക്കടി ആവർത്തിക്കുകയും ഏതാനും വർഷങ്ങൾക്കുമുമ്പുവരെ മതസാഹോദര്യം തെളിയിക്കുന്നതിനുവേണ്ടി എല്ലാമതങ്ങളുടെയും ആചാര്യ നേതൃത്വത്തെ തന്റെ പൊതു പരിപാടികളിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കയും ചെയ്തിരുന്നയാളാണ്. മുസ്ലീം മൗലവിമാരും ക്രൈസ്തവ അച്ചന്മാരും രവിശങ്കറിന്റെ പൊതു പരിപാടികളിൽ പ്രാസംഗികരായി പങ്കെടുക്കുന്നത് കണ്ടിട്ടുണ്ട്. എന്നാൽ ഇതേ രവിശങ്കർതന്നെ ഇപ്പോൾ ഹിന്ദുവർഗ്ഗീയ വാദികളുടെ ആരാധ്യ കഥാപാത്രമായി അവതരിച്ചിരിക്കുകയാണ്. ഇത്തവണത്തെ കുംഭമേളയിൽ രവിശങ്കർ എത്തുകയും, അയോദ്ധ്യയിൽ രാമക്ഷേത്രം നിർമ്മിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യാനായി വിശ്വഹിന്ദു പരിഷത്ത് കുംഭമേള സ്ഥലത്ത് വിളിച്ചുചേർത്ത ഹൈന്ദവ സന്ന്യാസിമാരുടെ യോഗമായ 'ധർമ്മ സൻസദിൽ' പങ്കെടുക്കുകയും ചെയ്യുകയുണ്ടായി. ആ സന്ദർഭത്തിൽ സർവ്വമതസമന്വയത്തിന്റെ വാക്താവെന്ന് സ്വയം വിശേഷിപ്പിക്കുന്ന രവിശങ്കർ നടത്തിയ അഭിപ്രായപ്രകടനം അതിന്റെ രൂക്ഷമായ ഫാസിസ്റ്റ് ഹൈന്ദവ സ്വഭാവം കൊണ്ട് ശ്രദ്ധേയമായതും, മാധ്യമങ്ങൾ അതീവ പ്രാധാന്യത്തോടെ ഉദ്ധരിച്ചിരുന്നതുമാണ്.

അയോധ്യയിലെ രാമക്ഷേത്ര നിർമ്മാണം ഹിന്ദുക്കളുടെ ധാർമ്മികവും, ദേശീയവുമായ ഒരാവശ്യമാണ് എന്ന് ഹിന്ദു സന്യാസിമാരുടെ യോഗത്തിൽ പറഞ്ഞുകൊണ്ടാവാം, ഇപ്പോൾ രവിശങ്കർ ഹിന്ദുമതവേദികളിലെ സ്ഥിരം

ക്ഷണിതാവായി മാറിയിരിക്കയാണ്. കഴിഞ്ഞമാസം പെരുകോൽപ്പുഴയിൽ നടന്ന ഹിന്ദുമത സമ്മേളനം ഉൽഘാടനം ചെയ്തത് ഇതേ രവിശങ്കർ തന്നെയായിരുന്നു. ഇന്ത്യയിലെ ഹിന്ദു സംഘടനകൾക്കിപ്പോൾ പ്രിയങ്കരനായി മാറിക്കഴിഞ്ഞിരിക്കുന്ന കാപട്യത്തിൻെറ മൂർത്തീരൂപമായ ഈ സദ്ഗുരു എന്നിട്ടും സർവ മത സമന്വയത്തിൻെറ വാക്താവാണെന്ന് കേരളത്തിലെ ചിലർ പറയുമ്പോൾ ആ കാപട്യത്തെ വിശേഷിപ്പിക്കാൻ വാക്കുകൾ അശക്തമായിത്തീരുകയാണ് ചെയ്യുന്നത്. സുദർശനക്രിയയും, യോഗശാസ്ത്രത്തിലെ കപടതന്ത്രങ്ങളും ഉപയോഗിച്ച് ആധുനിക മനുഷ്യൻെറ വിഭ്രാന്തികളെ വശത്താക്കിയെടുത്ത് കൊണ്ടിരിക്കുന്ന ശ്രീ രവിശങ്കറിന് ഹൈന്ദവ പാരമ്പര്യത്തിൻെറ പാതയിൽ നിന്ന് വേറിട്ടുനിന്നുകൊണ്ട് തൻെറ ആശയങ്ങൾ പ്രചരിപ്പിക്കുവാനുള്ള ആത്മധൈര്യമോ ആദർശശക്തിയോ ഇല്ല എന്നതും മറെറാരു പരമാർത്ഥമാണ്. മതകീയമായ യാഥാർത്ഥ്യങ്ങൾ മലകൾപോലെ ഉയർന്നു നിൽക്കുന്ന ഒരു സമൂഹമാണ് ഇന്ത്യയുടേത്. സന്ത്തുക്കാറാമിൻെറ ഒരു ഉപമ കടമെടുത്ത് പറയുകയാണെങ്കിൽ ''ഇന്ത്യയിലെ ഓരോ ജാതിയും ഓരോ പർവതമാണ്. ഒന്നിൽ നിന്നിറങ്ങി മറെറാന്നിലേക്ക് കയറണമെങ്കിൽ നന്നായ ക്ലേശം ആവശ്യമാണ്.''

ഹൈന്ദവ-മുസ്ലീം-ക്രൈസ്തവ മതകീയ യാഥാർത്ഥ്യങ്ങൾ ഉയർന്നു നിൽക്കുന്ന ഇന്ത്യൻ സമൂഹത്തിൽ സമന്വയത്തിൻെറയും സാർവത്രികതയുടെയും പ്രചാരകരാകാൻ ആഗ്രഹിക്കുന്നവർ യഥാർത്ഥത്തിൽ ചെയ്യേണ്ടത് എല്ലാമതകീയ രീതികളിൽ നിന്നുമുള്ള പൂർണ്ണമായ മോചനത്തിന് ശ്രമിക്കുകയാണ്. എന്നാൽ രവിശങ്കറാവട്ടെ, അമൃതാനന്ദമയിയാവട്ടെ, സായിബാബയാവട്ടെ എല്ലാ മനുഷ്യദൈവങ്ങളും ചെയ്യുവരുന്നത് കഴിയുന്നത്ര കാര്യങ്ങളിൽ ഹൈന്ദവതയെ ഉപയോഗപ്പെടുത്തുവാനാണ്. ഇതാണവരുടെ പ്രവർത്തനങ്ങളെ കപടമാക്കി മാററുന്നതും. ഏതെങ്കിലും ഒരു മതത്തെയും [illegible] രീതിയെയും കഴിയുന്നത്ര അംഗീകരിച്ചുകൊണ്ട് മതങ്ങൾക്കിടയിൽ [illegible]മന്ന് ധരിക്കുന്നവർ എത്രവലിയ ചിന്തകരോ ദാർശനികരോ ആയാലും അവരെല്ലാം വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് ജീവിക്കുന്നത് എന്നു പറയാതെവയ്യ. ഒരു മതത്തിൻെറ അവസാനത്തെ ആണിവേരും പറിഞ്ഞില്ലാതാവണമെന്ന് ആഗ്രഹിക്കാതെ വേറൊരു മതവിശ്വാസിക്ക് തൻെറ മതത്തിൽ ആത്മാർത്ഥത ഉദിക്കുന്നില്ല. എങ്കിൽ സാമുദായിക. മത സൗഹാർദ്ദത്തിൻെറ പ്രവാചകന്മാർ കപടന്മാരല്ലെന്ന് പറയുന്നത് എങ്ങനെയാണ്? ഹിന്ദുത്വവും ഇസ്ലാമും അഗ്നിയും

**വാങ്ങുക ! വായിക്കുക !! പ്രചരിപ്പിക്കുക !!!**

കഴിഞ്ഞ 25 കൊല്ലമായി ഒററലക്കം മുടക്കം വരുത്താതെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന യുക്തിവാദികളുടെ താത്വികമാസിക

**യുക്തിവിചാരം**

ഒററകോപ്പി 5 ക. വാർഷികവരിസംഖ്യ : 50 ക. 3 കൊല്ലം: 120 ക.

ആവശ്യപ്പെടുക:- യുക്തിവിചാരം, കുററിപ്പുഴ നഗർ, തൃശ്ശൂർ-680 004

ജലവുംപോലെ പരസ്പരവിരുദ്ധമാണു്. ഹിന്ദു-മുസ്ലിം സങ്കരവർഗ്ഗത്തെക്കുറിച്ചു് സ്വപ്നങ്ങൾ മെനയുവാൻ കഴിയും. പക്ഷേ ആ സ്വപ്നങ്ങൾക്കു് പ്രാവർത്തികരൂപം നൽകുവാൻ വളരെ പ്രയാസമായിരിക്കും.

ആർട്ട് ഓഫ് ലിവിങ്ങിന്റെ കേരള ചാപ്റ്റർ പ്രസിദ്ധീകരിക്കുന്ന 'ഋഷിമുഖ്'' മാസികയുടെ ഫെബ്രുവരി ലക്കത്തിൽ അവർ നടത്തിവരുന്ന കോഴ്സുകളുടെയും പരിപാടികളുടെയും തുടക്കത്തിൽ ഉപയോഗിച്ചുവരുന്ന ഹിന്ദുഭക്തിഗാനങ്ങളെക്കുറിച്ചു് അതു് ഹൈന്ദവികമല്ല, ഒരു മതത്തിനും പ്രാധാന്യം കല്പിക്കുന്നില്ലെന്നു് പറയുന്ന പ്രസ്ഥാനത്തിനു് ഇതു് യോജിച്ചതാണോ എന്ന ന്യായമായ സംശയത്തിനു് മറുപടി നൽകപ്പെട്ടിരിക്കുന്നതു് ഈ പ്രസ്ഥാനത്തിന്റെ കപടമുഖം തുറന്നു കാട്ടുന്ന വിധത്തിൽ തന്നെയാണു്. പാട്ടു് കേട്ടാൽ മതിയെന്നും, അതു് ഹൈന്ദവികമാണോ അല്ലയോ എന്നു് ചിന്തിക്കേണ്ടതില്ലെന്നുമാണു് മറുപടി. ഹൈന്ദവികമായ സാംസ്കാരിക പ്രതീകങ്ങളെയും സാങ്കേതിക രീതികളെയും മററു മതസ്ഥർക്കുമേൽ ഗൂഢമായി അടിച്ചേൽപ്പിക്കാനാണു് ശ്രീ. രവിശങ്കർ ശ്രമിച്ചുവരുന്നതു് എന്ന സംശയം നേരത്തെതന്നെ ചിലർ പ്രകടിപ്പിച്ചിരുന്നതാണു്. ഇപ്പോൾ ഒരു ഭാഗത്തു് സാർവമതതത്വശാസ്ത്രം പറയുകയും മറുഭാഗത്തു് ഹിന്ദുമത സംഘടനകളുടെ പരിപാടികളിൽ സ്ഥിരം വിശിഷ്ടാതിഥിയായി പങ്കെടുക്കുകയും ചെയ്യുന്നതിലൂടെ രവിശങ്കർ ആ സംശയത്തെ ഒന്നുകൂടി ബലപ്പെടുത്തിയിരിക്കുകയാണു്. കപട ദൈവങ്ങൾക്കും കപടഭക്തിയും വളക്കൂറുള്ള ആർഷഭാരതത്തിൽ ഇത്തരം നാടകങ്ങൾ അരങ്ങേറുക സ്വാഭാവികമാണു്. സനാതന ഭാരതത്തിന്റെ പാരമ്പര്യവും ഇതിഹാസങ്ങളിലെ പാഠങ്ങളും അതാണല്ലോ.

മനുഷ്യദൈവങ്ങളോടുള്ള ഇന്ത്യക്കാരന്റെ ഭക്തി വിടാതെ നിലനിത്തുന്നതിൽ ഹിന്ദുസംഘടനകൾ കാണിക്കുന്ന താല്പര്യത്തിനു് ഒരു മറുവശം കൂടിയുണ്ടു്. ആധുനിക ശാസ്ത്ര-സാംസ്കാരിക ബോധത്തിന്റെ കുത്തൊഴുക്കിൽ ഹൈന്ദവിക മതകീയ പ്രതീകങ്ങൾ ഒലിച്ചുപോകാതിരിക്കാൻ മാജിക്കും, മനഃശാസ്ത്രവും, കയ്യടക്കങ്ങളും വശമുള്ള ആധുനിക അവതാരങ്ങൾ ആവശ്യമാണു്, അത്തരം അവതാരങ്ങൾ നടത്തുന്ന അധാർമ്മികതകളും അനാശാസ്യ പ്രവർത്തനങ്ങളും കണ്ടില്ലെന്നു് നടിക്കാൻ പുരാണകഥകളിലെ ''മഹത്തായ ആർഷ ഭാരത സംസ്കാരത്തിന്റെ പ്രതീകങ്ങളായ'' ലൈംഗിക കാമകേളികളുടെ വർണ്ണനകളുണ്ടു്. ശിവനും പാർവതിയും നടത്തിയ യുഗങ്ങൾ നീണ്ടുനിന്ന മൈഥുന പ്രക്രിയ വിവരിക്കുന്ന ''മഹാശിവപുരറണം'' പോലുള്ള ഗ്രന്ഥങ്ങൾക്കു് ഇപ്പോൾ വൻപ്രചാരമാണു് ലഭിച്ചുവരുന്നതു്, ഭക്തിയും ഞരമ്പുരോഗവും കൂടിക്കുഴഞ്ഞു് വിഭ്രമാവസ്ഥയിലെത്തിയിരിക്കുന്ന രോഗഗ്രസ്ഥമായ ആധുനിക മതവിശ്വാസികളുടെ മനസ്സിനു് ഇത്തരം പുരാണകഥകളിലെ ലൈംഗിക വർണ്ണനകളിൽ താല്പര്യം വർദ്ധിക്കുകയെന്നതു് തികച്ചും സ്വാഭാവികമാണു്. ഭക്തി വിളയുന്നിടങ്ങളിൽ ലൈംഗിക അരാചകത്വം സ്വാഭാവികമാണു് എന്ന പാഠം വിസ്മരിക്കാവുന്നതല്ല. ഹൈന്ദവ ആദ്ധ്യാത്മികവാദത്തിന്റെ വാക്താക്കൾ തികഞ്ഞ അധർമ്മികളായിരിക്കേണ്ടതുണ്ടു് എന്നതു് ഒരു പ്രകൃതി നിയമമാണെന്നു് തോന്നുന്നു.

# ലോകഹ്യൂമനിസ്റ്റ് പ്രസ്ഥാനത്തിലെ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ആദ്യത്തെ ആദർശ വിവാഹം

ലോകനാസ്തിക പ്രസ്ഥാന നേതാവായ ശ്രീ ലവണത്തിന്റെ ദത്തുപുത്രിയായ മിസ്. രത്നയും ഫിൻലൻറിലെ നാസ്തികനും ഹ്യൂമനിസ്റ്റുമായ മി. പെർട്ടി ഏ. ഒ. ഹോളോപെയ്നനുമായുള്ള വിവാഹം 2000 ഡിസംബർ 26ന് നാഗപ്പൂരിനടുത്തുള്ള സേവാഗ്രാമിലെ മഹാത്മാഗാന്ധി ആശ്രമത്തിൽ വെച്ചു നടന്നു. ഒരു പക്ഷേ ഒരിന്ത്യൻ ഹ്യൂമനിസ്റ്റും ഒരു പടിഞ്ഞാറൻ രാജ്യത്തെ ഹ്യൂമനിസ്റ്റും തമ്മിൽ നടക്കുന്ന ആദ്യത്തെ വിവാഹവുമാണിതു്. എന്തുതന്നെയായാലും അഖില ലോകാടിസ്ഥാനത്തിലുള്ള നാസ്തിക-ഹ്യൂമനിസ്റ്റ് പ്രസ്ഥാനത്തിലെ പുരോഗതിയുടെ പുതിയൊരു നാഴികക്കല്ലാണിതെന്നതിൽ സംശയമില്ല.

മഹാത്മാഗാന്ധിയുടെ ആശ്രമത്തിൽ വെച്ചായിരുന്നു ഈ വിവാഹം നടന്നതു് എന്നതും ഏറെ പ്രാധാന്യമർഹിക്കുന്നു. 1944-46-ൽ ഇതേ ആശ്രമത്തിൽ വെച്ചുതന്നെയാണു് ലവണത്തിന്റെ പിതാവും പ്രശസ്ത നാസ്തികനുമായിരുന്ന ഗോറ നാസ്തിക്യത്തെപ്പററി ഗാന്ധിജിയുമായി ഒരു സംവാദത്തിൽ ഏർപ്പെട്ടതു്. 'ഒരു നാസ്തികൻ ഗാന്ധിയോടൊപ്പം' എന്ന നാസ്തിക കേന്ദ്രം പ്രസിദ്ധീകരണം ഈ ഗാന്ധി-ഗോറ സംവാദത്തെപ്പററിയുള്ളതാണ്. സംഭാഷണത്തിനിടയിൽ ഗാന്ധി ഗോറയോടു പറഞ്ഞ ഒരു വാചകം വളരെ പ്രധാനപ്പെട്ടതാണ്. 'എന്റെ ദൈവ വിശ്വാസം ശരിയാണെന്നോ നിങ്ങളുടെ നിരീശ്വരവാദം തെററാണെന്നോ എനിക്കു പറയാനാവില്ല. രണ്ടും നടത്തുന്നതു് സത്യാന്വേഷണമാണ്.' 20-ാം നൂററാണ്ടിലെ പ്രമുഖ ചിന്തകരിലൊരാളായ ഗാന്ധിയുടെ ഈ അഭിപ്രായ പ്രകടനം നിരീശ്വരവാദത്തിനുള്ള ഒരംഗീകാരമായിരുന്നു. വിശ്വാസികളും അവിശ്വാസികളും സത്യാന്വേഷകരാണെന്നു് പരസ്യമായി പ്രസ്താവിക്കുകയും അംഗീകരിക്കുകയുമാണല്ലോ ഇതിലൂടെ അദ്ദേഹം ചെയ്തതു്.

ഗോറയുടെ മൂത്ത മകൾ മനോരമയുടെ വിവാഹവും ഗാന്ധിയുടെ ആശ്രമത്തിൽ വെച്ചാണു നടന്നതു്. ഇന്ത്യയിൽ അന്നും ഇന്നും അയിത്ത ജാതിക്കാരനായി തൊട്ടുതീണ്ടാൻ വയ്യാത്തവനായി കഴിയുന്നവർക്ക്, മാനുഷികവും സാമൂഹ്യവുമായ ഒരംഗീകാരമെന്ന നിലയിൽ ഒരു പിന്നോക്കക്കാരനാണ് മകളെ വിവാഹം കഴിച്ചുകൊടുക്കുന്നതെന്നു് ഗോറ പറഞ്ഞപ്പോൾ ആ വിവാഹം നടത്തിക്കൊടുക്കാൻ ഗാന്ധി സന്നദ്ധനായി. ഹിന്ദുമതാചാരപ്രകാരം വിവാഹം നടത്തുന്നതിന് എതിരായിരുന്നു ഗോറ. അതുകൊണ്ടു് ദൈവത്തിന്റെ പേരിലല്ല സത്യത്തിന്റെ പേരിൽ വിവാഹം നടത്തിക്കൊടുക്കാൻ അവസരത്തിനൊത്തുയർന്നു് ഗാന്ധി സമ്മതിക്കുകയായിരുന്നു. വിശ്വാസികൾക്കും അവിശ്വാസികൾക്കും

ഒരുമിച്ചു നില്ക്കാവുന്ന ഒരു സംഗമസ്ഥാനമായി സത്യത്തെ പ്രതിഷ്ഠിച്ച് ലോകത്തിനു് ഒരു മാതൃകയാവുകയുമായിരുന്നു ഇതിലൂടെ ഗാന്ധി ചെയ്തതു്. 1948 ജനുവരി 30നു് ഒരു ഹിന്ദുമത ഭ്രാന്തനാൽ കൊല്ലപ്പെട്ടതുകൊണ്ടു് ഈ ആദർശം ഏറെ പ്രാവർത്തികമാക്കാൻ അദ്ദേഹത്തിനായില്ല. എങ്കിലും അർജ്ജുൻ റാവുവും മനോരമയുമായുള്ള വിവാഹം സേവാഗ്രാം ആശ്രമത്തിൽ വെച്ച് തന്നെ നടന്നു. 1947 മാർച്ച് പതിമൂന്നിനു്. ഗാന്ധിയുടെ ആഗ്രഹപ്രകാരം ചടങ്ങിൽ ഈശ്വരനെക്കുറിച്ചുള്ള പരാമർശനം ഒന്നും തന്നെ ഉണ്ടായിരുന്നുമില്ല. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി നെഹറു തന്റെ സാന്നിദ്ധ്യം കൊണ്ടു് ഈ സംഭവത്തെ സമ്പന്നമാക്കുകയും വധൂവരന്മാരെ അനുമോദിക്കുകയും ചെയ്യുകയുണ്ടായി. അതിനുശേഷം നിരീശ്വരന്മാരേയും നിരീശ്വരവാദത്തേയും കുറിച്ച് ഗാന്ധിയന്മാരിലുണ്ടായിരുന്ന മതിപ്പ് വർദ്ധിക്കുകയും ഗാന്ധിയൻ പ്രസ്ഥാനം ഗോറയേയും കുടുംബത്തേയും തുറന്ന മനസ്സോടെയും ബഹുമാനത്തോടെയും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തുപോരുകയും ചെയ്യുന്നു.

വീണ്ടും 1960-ൽ ലവണവും ഹേമലതയുമായുള്ള വിവാഹവും സേവാഗ്രാമിൽ വെച്ച് നടന്നു. മനുഷ്യസമത്വം, സാമൂഹ്യനീതി എന്നിവയിലൂന്നി മതപരമായ യാതൊരു ചടങ്ങുകളും കൂടാതെയാണു് ഈ വിവാഹവും നടന്നതു്. തെലുങ്കുഭാഷയിലെ പ്രമുഖ ഹ്യൂമനിസ്റ്റ് കവിയായിരുന്ന ജോഷ്വയുടെ മകളാണു് ഹേമലത, ഇന്ത്യയിലെ ഗാന്ധിയൻ കുടുംബവും സേവാഗ്രാം ആശ്രമവും ഒരിക്കൽകൂടി ഇത്തരമൊരു ആദർശ പ്രചോദിതമായ സംഭവത്തിനു സാക്ഷ്യം വഹിക്കുകയും ലവണത്തെ പ്രോത്സാഹിപ്പിക്കുകയുമുണ്ടായി. ലവണത്തിന്റെ ജ്യേഷ്ഠപുത്രിയും അദ്ദേഹത്തിന്റെ 'ആദർശ കുടുംബ'ത്തിലെ അംഗവുമായ രത്നയുടെ വിവാഹമായിരുന്നു ഇക്കുറി ഇതേ ആശ്രമത്തിൽ വെച്ച് നടന്നത്. വർഗം, മതം, ജാതി, ദേശീയത തുടങ്ങിയ എല്ലാ അതിരുകളേയും സങ്കുചിത ചിന്താഗതികളേയും, മനുഷ്യനും മനുഷ്യനുമായുള്ള വിഭാഗീയതകളേയും അതിജീവിച്ചുകൊണ്ടുള്ള ഒന്നായിരുന്നു ഈ മഹത്സംഭവം. ഈ പുതിയ പരീക്ഷണത്തിന്റെ പിന്നിൽ മുഴുവൻ ഗാന്ധിയൻ സമൂഹവും ഒന്നായി അണിനിരക്കുകയും ചെയ്തു.

ഗാന്ധിയുടെ ഡോക്ടറും മുൻ കേന്ദ്ര ആരോഗ്യമന്ത്രിയുമായ എൺപത്തിയാറുകാരി ഡോ: സുശീല നയ്യാർ ആയിരുന്നു ഈ വിവാഹത്തിന്റെ നടത്തിപ്പുകാരിയായി രംഗത്തു വന്നതു്. പ്രസിദ്ധ ഗാന്ധിയനും 92 വയസ്സുകാരനുമായ സിദ്ധരാജ് ധഡ്ഡ മതപരമായ യാതൊരു കർമ്മങ്ങളുമില്ലാത്ത ഈ ചടങ്ങിന്റെ മുഖ്യകാർമ്മികനുമായി. ഗാന്ധിയന്മാർ, നിരീശ്വരവാദികൾ, യുക്തിവാദികൾ, ഹ്യൂമനിസ്റ്റുകൾ, സാമൂഹ്യപ്രവർത്തകർ എന്നിങ്ങനെ ഇരുനൂറോളം പേർ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും നിന്നുമായി ഈ മഹത്ചടങ്ങിൽ സാക്ഷ്യംവഹിക്കാനെത്തി. ഗോറ കുടുംബത്തിന്റെയും ലവണത്തിന്റെയും സ്നേഹിതരും സഹപ്രവർത്തകരുമായ അനേകർ അമേരിക്ക, കാനഡ, ജർമ്മനി, ബ്രിട്ടൺ എന്നിവിടങ്ങളിൽ നിന്നും ഈ അപൂർവ്വ സന്ദർഭത്തിനു ദൃക്സാക്ഷികളായി.

ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽ നിന്നും അനുമോദന സന്ദേശങ്ങൾ ഈ സാർവലൗകിക സന്ദർഭത്തിന് മംഗളാശംസകളർപ്പിച്ചു. മതം, ദേശീയത എന്നിവയുടെയൊക്കെ അതിരുകളെ അതിജീവിച്ചുകൊണ്ടുള്ള, ഒരു ലോകമാനവിക സമൂഹത്തെ സൃഷ്ടിക്കാനുള്ള ഇത്തരം അനേകമനേകം വിവാഹങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്. പെർററി ഹോളോ പെയ്നൻ കിഴക്കൻ ഫിൻലൻറ്കാരനാണ്. താംപെയർ സർവ്വകലാശാലയിൽ നിന്നും സാമൂഹ്യശാസ്ത്രത്തിലും മനഃശാസ്ത്രത്തിലും ബിരുദാനന്തരബിരുദങ്ങൾ നേടിയിട്ടുണ്ട് ഇദ്ദേഹം. തുടർന്ന് വിവിധ വിഷയങ്ങളിൽ ഡിപ്ലോമകളും ഡിഗ്രികളും നേടിയിട്ടുമുണ്ട്. ജയിൽപ്പുള്ളികൾ മദ്യപാനികൾ, മയക്കമരുന്നുകൾക്കടിമകളായവർ എന്നിവക്കിടയിൽ ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സ്വീഡനിലേയും ഫിൻലൻറിലേയും നിരീശ്വര, മാനവികതാ വാദി പ്രവർത്തനങ്ങളിൽ സജീവപങ്കാളിയാണിദ്ദേഹം. മുംബായ് ഉൾപ്പടെ വിവിധ ലോക ഹ്യൂമനിസ്ററ് സമ്മേളനങ്ങളിലും സംബന്ധിച്ചിട്ടുണ്ട് പെർററി. 1996-ൽ വിജയവാഡയിൽ നടന്ന ലോക നിരീശ്വരസമ്മേളനത്തിലും സംബന്ധിച്ചിട്ടുള്ള ഇദ്ദേഹം ഇപ്പോൾ ഫിനിഷ് പത്രത്തിനുവേണ്ടി സ്റേറാക്ക്ഹോമിൽ പ്രവർത്തിക്കുന്നു. പെർററി പിന്നീടും പലവട്ടം ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്.

വിജയവാഡയിലെ ഒരിടത്തരം കുടുംബത്തിൽ പിറന്ന പെൺകുട്ടിയാണ് രത്ന. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വിജയവാഡയിലെ നിരീശ്വര കേന്ദ്രം നടത്തുന്ന പ്രസ്സിൽ ഒരു ജോലിക്കാരിയായി എത്തിയ രത്ന പിന്നീട് അവിടെ വരുന്നവരെ പരിശീലിപ്പിക്കാൻ തുടങ്ങി. പ്രൈവററായും തപാൽ വഴിയും വിദ്യാഭ്യാസം തുടർന്ന ഈ പെൺകുട്ടി സോഷ്യോളജിയിൽ ബിരുദാനന്തരബിരുദവും പരിസ്ഥിതിശാസ്ത്രത്തിൽ ഡിപ്ലോമയും നേടി. വിജയവാഡ നാസ്തികകേന്ദ്രത്തിൻെറ കൊടിക്കീഴിൽ നടക്കുന്ന വിവിധ സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സജീവമായ സാന്നിദ്ധ്യവും പങ്കാളിത്തവും ഈ പെൺകുട്ടിക്കുണ്ട്. ലവണത്തോടൊപ്പം 1993-ൽ ബർളിനിൽവെച്ച നടന്ന യൂറോപ്യൻ ഹ്യൂമനിസ്ററ് കോൺഗ്രസ്സിൽ രത്ന പങ്കെടുത്തിട്ടുണ്ട്. പിന്നീട് യൂറോപ്പിലും, ബ്രിട്ടണിലും സഞ്ചരിക്കുകയുമുണ്ടായിട്ടുണ്ട്. ലവണത്തിൻെറ സഹായി എന്ന നിലയിൽ രത്ന നാസ്തികകേന്ദ്രത്തിൽ പ്രവർത്തിക്കുകയും ഗാന്ധിയൻ പ്രസ്ഥാന പ്രവർത്തകൻ എന്ന നിലയിൽ നടത്തിയ യാത്രകളിൽ അദ്ദേഹത്തോടൊപ്പം ഇന്ത്യയിലെമ്പാടും സഞ്ചരിക്കുകയുമുണ്ടായിട്ടുണ്ട്. സ്ററുവരാട്ടുപുരം ക്രിമിനലുകളുടെ പുനരുത്ഥാന പ്രവർത്തനങ്ങളിലും രത്നക്ക് സജീവ പങ്കാളിത്തമുണ്ടായിരുന്നു.

അപൂർവ്വമാണെങ്കിലും സംഭവിക്കുന്ന അനുകരണീയമായ ഇത്തരം കാര്യങ്ങൾ സമാന ചിന്താഗതിക്കാർക്ക് ആവേശവും പ്രത്യാശയും പകർന്നുനല്കും, തീർച്ച.

O

# ആദർശ കുടുംബം

## ലവണം

(വിജയവാഡ നാസ്തികകേന്ദ്രം ഡയറക്ടർ ശ്രീ. ലവണം നടത്തിയ പരീക്ഷണത്തെപ്പററി)

എനിക്ക മക്കളില്ല. അതുകൊണ്ടുതന്നെ ഒരു പരീക്ഷണം നടത്താൻ ഞാൻ മുതിർന്നു. രണ്ടുപെൺകുട്ടികളെ ഞാൻ ദത്തെടുത്തു. രണ്ടുപേരും രണ്ടു സ്ഥലങ്ങളിൽ നിന്നുള്ള വിഭിന്ന കുടുംബ-സാമൂഹ്യ സാഹചര്യങ്ങളിൽ ജനിച്ചുവളർന്നവരും വിഭിന്ന ജാതികളിൽ പെട്ടവരും ആയിരുന്നു.

ദില്ലിയിൽ നിന്നുള്ള മാലതി ഉയർന്ന മദ്ധ്യവർത്തി കുടുംബത്തിൽ ജനിച്ചു വളർന്ന ബ്രാഹ്മണ യുവതി. ദില്ലി സർവ്വകലാശാലയിൽ സാമൂഹ്യപ്രവർത്തനത്തിൽ ഉപരിപഠനവും ഗവേഷണവും നടത്തിയവൾ. വളരെ ബുദ്ധിമതി. ഞാനുമായി കണ്ടുമുട്ടുന്നതിനുമുമ്പ് ഇന്ത്യയിലെ ഏററവും ഉയർന്ന സർക്കാരുദ്യോഗത്തിനുവേണ്ടി ഐ. എ. എസ്. പരീക്ഷക്കുപോകാനായിരുന്നു പരിപാടി. എന്നെ കണ്ടുമുട്ടിയതിനുശേഷം ആ ആഗ്രഹം ഉപേക്ഷിച്ച് അവൾ എന്നോടൊപ്പം പ്രവർത്തനങ്ങളിൽ പങ്കാളിയായി.

രത്ന വിജയവാഡക്കാരി തന്നെ. നഗരപ്രാന്തത്തിൽ താഴ്ന്ന ഇടത്തരം കുടുംബത്തിൽ പിറന്നവൾ, താഴ്ന്ന വൈശ്യജാതിക്കാരിയും. ഉന്നത വിദ്യാഭ്യാസത്തിനൊന്നും കുട്ടിക്ക് അവസരം കിട്ടിയുമില്ല. അതുകൊണ്ട് ഞങ്ങളുടെ പ്രസ്സിൽ ജോലി ചെയ്യാനെത്തിയതായിരുന്നു അവൾ. 1983-ൽ രത്ന വന്നു ചേർന്നപ്പോൾ മാലതി 1987 ലാണെത്തിയത്. അവളുടെ സാന്നിദ്ധ്യം രത്നയിൽ വലിയ സ്വാധീനം ചെലുത്തി. മാലതിയുടെ സ്വാധീനം മൂലം പ്രൈവററായി പഠനം തുടരാനും രത്ന തയ്യാറായി. തപാൽവഴി പഠനം തുടർന്ന രത്ന സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും പരിസ്ഥിതി ശാസ്ത്രത്തിൽ ബിരുദാനന്തര ഡിപ്ലോമയും സമ്പാദിച്ചു.

എല്ലാ അർത്ഥത്തിലും സ്ത്രീ സ്വാതന്ത്ര്യത്തെപ്പററി തികച്ചും ബോധവതിയായിരുന്നു മാലതിയെങ്കിൽ ഒരു ശരാശരിക്കാരി മാത്രമായിരുന്നു രത്ന. നാസ്തിക കേന്ദ്രത്തിലെ ചുററുപാടുകളും, ജീവിതവും, മാലതിയുടെ സ്വാധീനവും രത്നയിൽ മാററത്തിൻെറ വിത്തുകൾ വിതച്ചു. ക്രമേണ അവൾ സ്വാതന്ത്ര്യബോധമുള്ളവളും, പരമ്പരാഗത രീതികളെ ചോദ്യം ചെയ്യാൻ കഴിവുള്ളവളുമായി വളർന്നു.

എന്നോടൊപ്പം ഉത്സാഹപൂർവ്വം വിദേശപര്യടനങ്ങൾ നടത്താനും അപ്പോഴൊക്കെയും അവളുടെ കഴിവുകൾ പ്രകടിപ്പിക്കാനും മാലതിക്ക കഴിഞ്ഞു. അവളെപ്പോലെ രത്നയേയും വിദേശ പര്യടനങ്ങൾക്ക ഞാൻ കൊണ്ടുപോകണമെന്നു മാലതി എന്നോടാവശ്യപ്പെടുകയും അതിന് അവൾ രത്നയെ ഒരുക്കുകയും ചെയ്തു. അതിനകം ലോകത്തിൻെറ വിവിധഭാഗങ്ങളിലുള്ള നാസ്തികരും ഹ്യൂമനിസ്ററുകളുമായി മാലതി സ്വന്തം നിലയിലും ബന്ധപ്പെട്ടു തുടങ്ങിയിരുന്നു.

പല വൈദേശിക സമ്മേളനങ്ങളിലേക്കും ലോകനേതാക്കൾക്കൊപ്പം മാലതിയും ക്ഷണിക്കപ്പെടുക പതിവായി.

1992-ൽ ആംസ്റ്റർ ഡാമിൽ നടന്ന ഇൻറർനാഷണൽ ഹ്യൂമനിസ്റ്റ് കോൺഗ്രസ്സിൽ ലോകപ്രശസ്തരായ പ്രൊ: പോൾ കർട്സ്, പ്രൊ; അലക്സാണ്ടർ, പ്രൊഫ: ടിൽമാൻ എന്നിവരോടൊപ്പം മാലതിയും പങ്കെടുത്തു. ആ സന്ദർഭത്തിൽ രത്നയുടെയും വിദേശയാത്രക്ക് മാലതി വഴിയൊരുക്കുകയും ലവണത്തോടൊപ്പം രത്ന വിദേശയാത്രക്ക് വരുമ്പോൾ വേണ്ട എല്ലാ സഹായ സഹകരണങ്ങളും നല്കണമെന്ന് അവരോട് അഭ്യർത്ഥിക്കുകയും ചെയ്തു. അങ്ങിനെ ആദ്യമായി 1993-ൽ എന്നോടൊപ്പം വിദേശയാത്രചെയ്ത് ബർളിൻ ഹ്യൂമനിസ്റ്റ് കോൺഗ്രസ്സിൽ പങ്കെടുത്ത രത്ന പിന്നീട് മൂന്നുമാസം നീണ്ടുനിന്ന ഒരു വിദേശ പര്യടനവും എൻെറയൊപ്പം നടത്തുകയുണ്ടായി. ജർമ്മനി, ഫിൻലൻറ്, സ്വീഡൻ, നോർവേ, ഡൻമാർക്ക്, ഹോളണ്ട്, ബൽജിയം, ബ്രിട്ടൻ തുടങ്ങിയ സ്ഥലങ്ങളിലും ഞങ്ങൾ സഞ്ചരിച്ചു. ഇംഗ്ലീഷുഭാഷയിൽ പ്രാവീണ്യം കുറവായിരുന്ന രത്നക്ക് വേണ്ടുവോളം അനുഭവപരിചയം നേടാൻ കഴിഞ്ഞിരുന്നു. പത്തുകൊല്ലക്കാലം എൻെറ സഹോദരി മൈത്രിയുടെ മേൽനോട്ടത്തിൽ പ്രസ്സുജോലിയിലും നടത്തിപ്പിലും പ്രാവീണ്യം നേടാനവൾക്ക് കഴിഞ്ഞു. നാസ്തികകേന്ദ്രത്തിൽ ആശ്വാസം തേടിയെത്തുന്ന സ്ത്രീകളുടെ മുഖ്യ ഉപദേഷ്ടാവുമായിരുന്നു മൈത്രി. അവരുടെ കീഴിലുള്ള പഠനവും പ്രവർത്തനങ്ങളും രത്നയെ വളർത്തിയെടുക്കുന്നതിൽ വലിയ പങ്കുവഹിച്ചു. പിന്നീട് നടന്ന വിദേശയാത്രകളിൽ അതുകൊണ്ടുതന്നെ ബന്ധപ്പെടുന്നവരുമായി ആശയവിനിമയം നടത്താനും അപകർഷതാബോധമൊന്നുമില്ലാതെ പെരുമാറാനും അവൾക്കാവുകയും ചെയ്തു അത്തരം വിദേശയാത്രകൾക്കുശേഷം വേണ്ടത്ര സ്വതന്ത്രയാവുകയും ആത്മധൈര്യം സമ്പാദിക്കുകയും ചെയ്ത രത്ന പിന്നീട് എന്നോടൊപ്പം സജീവമായി കർമ്മരംഗത്തിറങ്ങുകയും ചെയ്യുകയുണ്ടായി.

ഈ സംഭവങ്ങൾ എന്നിലേല്പിച്ച സ്വാധീനം ഈ രണ്ടു പെൺകുട്ടികളേയും എൻെറ സാമൂഹ്യ സന്താനങ്ങളായി അംഗീകരിക്കാനും എന്നെ നിർബ്ബന്ധിതനാക്കി. നിയമപരമായി ഇവരെ ദത്തെടുക്കുന്നതിനു പകരം എൻെറ സാമൂഹ്യ സന്തതികളായി ഇവരെ അംഗീകരിക്കുകയും അതിലൂടെ ആദർശത്തിൽ അധിഷ്ഠിതമായ ഒരു സോദ്ദേശ കുടുംബസൃഷ്ടിക്ക് തുടക്കം കുറിക്കുകയുമാണുണ്ടായതു്. അന്തർദേശീയ ആദർശ കുടുംബമെന്ന എൻെറ സങ്കല്പം. ഈ വാക്കുകൾ തന്നെ ഇതിനുമുമ്പ് ആരെങ്കിലും ഉപയോഗിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. എന്നാൽ ഞാനാ വാക്കുപയോഗിക്കുന്നു. സാധാരണയായി കുടുംബമെന്നു പറയുമ്പോൾ രക്തബന്ധമുള്ളവർ എന്നാണ് എല്ലാവരും കരുതുന്നതു്. അത്തരം ചുററുപാടുകളിൽ രക്ഷകർത്താക്കൾക്ക് തങ്ങളുടെ കുട്ടികളെ തെരഞ്ഞെടുക്കാനാവുകകില്ല. കുട്ടികൾക്ക് രക്ഷിതാക്കളെ കണ്ടെത്താനും കഴിയില്ല. സഹോദരീ സഹോദരന്മാർക്ക് പരസ്പരം ഒരു തെരഞ്ഞെടുപ്പിനും അവസരം ലഭിക്കുന്നില്ല. അതുപോലെതന്നെയാണ് അമ്മാവന്മാർ, അമ്മായിമാർ, മരുമകൻ, മരുമകൾ

എന്നിവരുടെ കാര്യവും ജനനം ഒരു യാദൃശ്ചികതയാണ്. അതുകൊണ്ടുതന്നെ രക്തബന്ധങ്ങളും യാദൃശ്ചികമായിട്ടുണ്ടാവുന്നു. വെള്ളത്തേക്കാൾ കട്ടിയുണ്ട് രക്തത്തിന് എന്നതുപോലെതന്നെ ആദർശബോധത്തിന് രക്തത്തേക്കാൾ കട്ടിയുണ്ട് എന്ന് ഞാൻ കരുതുന്നു. ഇവിടെ നമുക്ക് നമ്മുടെ രക്ഷകർത്താക്കളെ തെരഞ്ഞെടുക്കാൻ കഴിയുന്നു; നമ്മുടെ കുട്ടികളെ കണ്ടെത്താനും. അങ്ങിനെ രക്തബന്ധമൊന്നും കൂടാതെ തന്നെ നമുക്ക് സ്വയമൊരു കുടുംബം സൃഷ്ടിക്കാനും സാധ്യമാകുന്നു ഇതു് ബോധപൂർവ്വം ചെയ്യാൻ, സ്വയം തെരഞ്ഞെടുക്കാൻ കഴിയുന്നതുകൊണ്ട് ഞാനതിനെ സാർവ്വദേശീയ കുടുംബം (International family) എന്നു വിളിക്കുന്നു.

എന്റെ അടുക്കൽ എത്തിപ്പെടുന്നതുവരെ മാലതിക്കും രത്നക്കും പരസ്പരം അറിയാമായിരുന്നില്ല. എന്നാൽ യാതൊരുവിധ നിർബ്ബന്ധവും കൂടാതെതന്നെ സ്വയം ഞാൻ അവരെ എന്റെ മക്കളായി അംഗീകരിക്കുകയായിരുന്നു. അതുപോലെ തന്നെ അവരിരുവരും എന്നെ അവരുടെ രക്ഷകർത്താവായി യാതൊരു വിധ പരപ്രേരണയും കൂടാതെ സ്വയം സ്വീകരിക്കുകയുമാണുണ്ടായതു്. ഒരു പക്ഷേ ലോകത്തിലെ തന്നെ ആദ്യത്തെ ആദർശ കുടുംബം ഞങ്ങളുടേതാണ്. ഇത്തരം ആദർശസമൂഹങ്ങൾ പണ്ടുമുണ്ടായിട്ടുണ്ട്. മതവിശ്വാസം, വിപ്ലവാവേശം, ആദർശബോധം, പ്രതിരോധാവശ്യം എന്നിവയായിരുന്നു അവക്കു പണ്ട് പ്രേരണ നൽകിയതു്. 1994-ൽ സമ്യ ദത്ത എന്ന ബംഗാളിയെ വിവാഹം ചെയ്ത മാലതി ഇപ്പോൾ ഭർത്താവിനോടൊപ്പം ഡൽഹിയിൽ കഴിയുന്നു. അവർക്ക് ഇപ്പോൾ നാലുവയസ്സായ ഒരു മകനുമുണ്ട്. മാലതിയുടെ ഭർത്താവ് സൗമ്യ എന്റെ ആദർശ കുടുംബമെന്ന ആശയത്തെ അംഗീകരിക്കുകയും, പൂർണ്ണമായി അതിനെ പിന്താങ്ങുകയും ചെയ്യുന്നു.

ഇപ്പോൾ രത്നയും പെർട്ടി ഹോളോപൈനനും ഡിസംബർ 26-ന് സേവാഗ്രാമിൽവെച്ച് വിവാഹിതരായി. ഇപ്പോൾ പെർട്ടിയും ഈ ആശയത്തെ അനുകൂലിക്കുകയും പിന്താങ്ങുകയും ചെയ്യുന്നുണ്ട്. മാലതിയും രത്നയും വിവിധ ജാതികളിൽ ജനിച്ച, വ്യത്യസ്ത സാഹചര്യങ്ങളിൽ വളന്ന കുട്ടികളായിരുന്നെങ്കിലും ഈ ആദർശ കുടുംബത്തിൽ അവർ സ്വന്തം സഹോദരിമാരെപ്പോലെ ജീവിക്കുകയും പരസ്പരം പെരുമാറുകയും ചെയ്യുന്നു. മാലതിയുടെയും രത്നയുടെയും കുടുംബങ്ങളും ഞങ്ങൾ ചേർന്നുണ്ടാക്കിയ ഈ ആദർശ കുടുംബത്തെയും, അവരുടെ അച്ഛനായി എന്നേയും അംഗീകരിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും പുതിയ ധീരമായ ഒരു പരീക്ഷണമാണ്; പത്തുകൊല്ലം മുമ്പ് ആരംഭിച്ച ധീരനൂതന പരീക്ഷണം!

ഈ പരീക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ ചില ചെറുപ്പക്കാരും ഞങ്ങളുടെ ആദർശകുടുംബത്തിൽ ചേരാനുദ്ദേശിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം ആദർശ കുടുംബങ്ങൾ-പൊതുവായ തത്വങ്ങളിലും ആദർശങ്ങളിലും സമാനതകളുള്ളവർ ഒരുമിച്ച് അണിനിരന്ന് പുതിയൊരു സാമൂഹ്യസംസ്കാരവും സമ്പ്രദായവും സൃഷ്ടിക്കേണ്ടതുമുണ്ട്. ഇത്രയും കാലം ഞങ്ങൾ മാത്രം,

# യൗസേബീയുസിന്റെ സഭാ ചരിത്രത്തിലെ കന്യാമറിയം

## മാത്യു തൂവയിൽ

2001 മാർച്ച് ലക്കം യുക്തിവിചാരം മാസികയിൽ ജെ. എക്സ്. തണത്ത എഴുതിയ 'പരിശുദ്ധമറിയം കന്യകയായിരുന്നില്ല' എന്ന ലേഖനമാണ് ഇപ്പോൾ ഈ കുറിപ്പെഴുതാൻ കാരണം. 'യൗസേബീയുസിന്റെ സഭാ ചരിത്രത്തിലെ മറിയത്തെക്കുറിച്ചാണ് ഈ കുറിപ്പ്.' ഗ്രന്ഥകാരന്റെ 'ഭാഷയിൽ' തന്നെ കുറിക്കട്ടെ, യേശു എന്ന ദൈവത്തിന്റെ മാതാവായ മറിയത്തിന്റെ കഥ.

ജോസഫ് നസ്രത്തിലെ ഒരു ആശാരിയായിരുന്നു അവൻ വിവാഹം ചെയ്തു ഏഴു മക്കളെ ജനിപ്പിച്ചു വിശുദ്ധ ഏവൻഗേലിയോനിൽ (സുവിശേഷത്തിൽ) പറഞ്ഞിരിക്കുന്ന യാക്കോബ്, യൂസി, ശെമവുൻ, യൂദാ എന്നിവരായിരുന്നു ജോസഫിന്റെ ആദ്യഭാര്യയിൽ ജനിച്ച പുത്രന്മാർ ഇവരെ കൂടാതെ ജോസഫിന് മൂന്നു പെൺമക്കൾകൂടിയുണ്ടായിരുന്നു ജോസഫിന്റെ ആദ്യഭാര്യ മരിച്ചതിനുശേഷം അവൻ വെടിപ്പില്ല, പരിപാകതയില്ല, ജീവിച്ചുപോന്നു മറിയത്തിന്റെ പിതാവിന്റെ പേരു് ഹേലി എന്നായിരുന്നു യൊയാക്കിം എന്നും യൂനാക്കിർ എന്ന പേരുകളിലും അവൻ അറിയപ്പെട്ടിരുന്നു മറിയത്തിന്റെ മാതാവിന്റെ പേരു് ഹന്നാ എന്നായിരുന്നു. ദീന എന്നും അവളെ വിളിച്ചിരുന്നു ഹന്നാ വന്ധ്യയായിരുന്നു. ഈ അവസ്ഥ അവൾക്കും അവളുടെ ഭർത്താവിനും നിന്ദക്കും പരിഹാസത്തിനും കാരണമാക്കിയിരുന്നു. ഒരവസരത്തിൽ അവർ ദൈവത്തിന്നു് കാഴ്ചയണപ്പാൻ ചെന്നപ്പോൾ അവളുടെ വന്ധ്യത്വം ഹേതുവാൽ പുരോഹിതർ അവരുടെ നേർച്ചയെ നിരസിച്ചതായും പറയപ്പെടുന്നു. ഇങ്ങനെയൊക്കെ സംഭവിച്ചു എങ്കിലും അവർ ദൈവഭക്തിയുള്ളവരായിരുന്നു. അവരുടെ നിന്ദക്കു് കാരണമായ ഹന്നായുടെ വന്ധ്യത്വം മാററിക്കിട്ടുന്നതിനു് അവർ ദൈവത്തോടു് നിരന്തരം പ്രാർത്ഥിച്ചിരുന്നു. അവർക്കുണ്ടാകുന്ന ആദ്യസന്താനത്തെ ദൈവത്തിനു് നേർച്ചയായി

---

ഇന്ത്യയിലുള്ളവർ മാത്രമേ ഇതിൽ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ രത്നയുടെ വിവാഹത്തോടെ, പെർററിയും ഞങ്ങളോടൊപ്പം ചേരുന്നതുകൊണ്ടു് ഈ ആദർശ കുടുംബ സമ്പ്രദായത്തിനു് സാർവലൗകികമാനങ്ങൾ കൈവരികയുമാണ്. അതൊരു അന്തർദേശീയ ആദർശ കുടുംബ സമ്പ്രദായമായി വളരുകയുമാണ്. ആദർശ കുടുംബാംഗങ്ങളായി കഴിയുന്നതോടൊപ്പം രക്തബന്ധമുള്ള കുടുംബാംഗങ്ങളുമായുള്ള ബന്ധം സാധാരണപോലെതന്നെ ഞങ്ങൾ തുടരുന്നുമുണ്ടു്. അതുകൊണ്ടു് എന്റെ ആദർശ കുടുംബത്തിലെ അംഗങ്ങളായിരിക്കുമ്പോൾതന്നെ മാലതിയും രത്നയും അവർക്കു് രക്തബന്ധമുള്ള കുടുംബങ്ങളുമായുള്ള ബന്ധങ്ങളും തുടരുന്നുണ്ടു്. ഇത്തരം ദ്വിമുഖങ്ങളുള്ള കുടുംബാംഗത്വം കൂടുതൽ വിശാല മനസ്ക്കരാവാനും സാർവലൗകിക കാഴ്ചപ്പാടു വളർത്തിയെടുക്കാനും രക്തബന്ധമുള്ള കുടുംബാംഗങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യും. 0

സമർപ്പിച്ചുകൊള്ളാമെന്ന് അവർ ദൈവത്തിങ്കൽ പ്രതിജ്ഞ ചെയ്തിരുന്നു. ദൈവം അവരുടെ പ്രാർത്ഥനകേട്ട അവർക്ക് ഒരു പുത്രിയെ നല്കി. ആ കുട്ടിക്ക് മറിയം എന്നു പേരിട്ടു. മറിയം എന്നാൽ പ്രകാശം എന്നാണ് അർത്ഥം. അവൾക്ക് മൂന്നു വയസ്സായപ്പോൾ അവളെ ദൈവാലയത്തിൽ സമർപ്പിച്ചു. അവൾക്കു പതി മൂന്നു വയസ്സായപ്പോൾ അവളെ ദൈവാലയത്തിൽനിന്നും മാററുവാൻ പുരോഹിതന്മാർ ചിന്തിച്ചു. എന്നാൽ മറിയം നേർച്ചപുത്രിയായിരുന്നല്ലോ. നേർച്ചപുത്രിയെ വിവാഹത്തിന് കൊടുക്കപ്പെടുന്നതു് ദേവാലയം കവർച്ച ചെയ്യുന്നതിന് തുല്യമായി ഗണിക്കപ്പെട്ടിരുന്നു. 'എന്നാൽ ദൈവത്തിൽനിന്നും കൽപ്പന കിട്ടിയതനുസരിച്ച് തച്ചുപണിക്കാരനായ ജോസഫിന് അവളെ വിവാഹം ചെയ്തു കൊടുക്കാൻ നിശ്ചയമായി. ജോസഫ് അവളേയും കൂട്ടി നസ്രത്തിലേക്കു പോയി'

(ഇതും കൂടി വായിക്കുക, ചിന്തിക്കുക)

നേർച്ചപുത്രിയെ വിവാഹം ചെയ്തുകൊടുക്കാൻ ദൈവം കൽപ്പിച്ചതിന്റെ കാരണം; ഈ രഹസ്യം സാത്താനിൽനിന്നും മറച്ചുവെക്കുന്നതിനായിരുന്നു. അതെന്തെന്നാൽ; ദൈവം പറുദീസായിൽവെച്ച് ആദാമിനോട്; സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതക്കുമെന്നു് അരുളിചെയ്തിരുന്നതു് സാത്താൻ ഒളിച്ചുനിന്നു കേട്ടിരുന്നു പുരുഷന്റെ സന്തതി എന്നുപറയാതെ സ്ത്രീയുടെ സന്തതി എന്നു പറഞ്ഞതിനാൽ വിവാഹബന്ധം കൂടാതെ കന്യകയിൽനിന്നും ജനിക്കുന്ന സന്തതി തന്റെ തല ചതക്കുമെന്നു് സാത്താൻ മനസ്സിലാക്കിയിരുന്നു.

(പുരുഷബന്ധം കൂടാതെയെന്നു ഇവിടെ പറഞ്ഞിട്ടില്ലെന്നു നാം ഓർക്കണം) അനന്തരം ഏശയ്യാപ്രവാചകന്റെ പ്രവചനത്തിൽനിന്നു് കന്യകയിൽനിന്നും ഒരു സന്തതി ജനിക്കുമെന്നു് സാത്താൻ മനസ്സിലാക്കി. (പിശാചിനും അക്കാലത്തു് ബൈബിൾ വായിക്കുമായിരുന്നു എന്നു് മനസ്സിലാക്കണം.) അതിനാൽ ഏതു കന്യകയിൽനിന്നാണു് സന്തതി ജനിക്കുന്നതെന്നു് സാത്താൻ നിരന്തരം അന്വേഷിച്ചുകൊണ്ടിരുന്നു. ഈ രഹസ്യം സാത്താൻ അറിയാതിരിക്കാൻ ജോസഫിനെക്കൊണ്ട് മറിയത്തിനെ വിവാഹം കഴിപ്പിക്കുവാൻ ദൈവം തിരുമനസ്സായി. ഈ നിശ്ചയം പുരോഹിതന്മാർക്ക് ദൈവം വെളിപ്പെടുത്തി കൊടുത്തതനുസരിച്ച് ആണ് നേർച്ചപുത്രിയായ മറിയം വിവാഹിതയായതു്.

അവിവാഹിതയായ സ്ത്രീ ഗർഭം ധരിച്ചാൽ അവളെ കല്ലെറിഞ്ഞുകൊല്ലണമെന്നുള്ള നിയമം നിലവിൽ ഉണ്ടായിരുന്നതിനാലാണു് മറിയത്തെ വിവാഹം ചെയ്തുകൊടുക്കുവാനുണ്ടായ മറെറാരു കാരണം.

ഇങ്ങനെയൊക്കെ ദൈവം അവളെ സാത്താനിൽനിന്നും രക്ഷിക്കുകയും അവളുടെ ഗർഭസ്ഥശിശുവിനെ കാത്തുകൊള്ളുകയും ചെയ്തുപോന്നു. എങ്കിലും അവൾ പീഡിതയും ദുഃഖിതയും ആയിരുന്നു. എന്തുകൊണ്ടെന്നാൽ സാത്താൻ അവളെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്നു. (ദൈവത്തെക്കാൾ വലിയവനായ പിശാചു തന്നെ) അതിനുകാരണം;-അവളുടെ പുത്രനെക്കുറിച്ചു സാത്താൻ ഭയപ്പെട്ടിരുന്നു എന്നതാണു്. എങ്കിലും മറിയത്തിനു് ദൈവം സർവ്വദാ തുണയായിരുന്നു,

അതിനാൽ സാത്താൻെറ ശ്രമം സാധിക്കാതെയും വന്നു. അപ്പോൾ പുത്രരോടുകൂടെ അവളെ കല്ലെറിഞ്ഞുകൊല്ലേണ്ടതിനു് യൂദന്മാരെ പ്രേരിപ്പിച്ചു. ഇതറിഞ്ഞ ദൈവം സാത്താനെ പരാജയപ്പെടുത്തുന്നതിനു് ആണു് ജോസഫിനെക്കൊണ്ടു് മറിയത്തെ വിവാഹം കഴിപ്പിച്ചതു്. ഇവിടെയും സാത്താൻ പരാജയപ്പെട്ടപ്പോൾ മറിയത്തെ വ്യഭിചാര കററം ചുമത്തി ഉപേക്ഷിക്കാൻ സാത്താൻ ജോസഫിനെ പ്രേരിപ്പിച്ചു. ഇതറിഞ്ഞു ദൈവം ജോസഫിനു് ദർശനം നൽകി. അതിനാൽ ജോസഫ് അവളെ ഉപേക്ഷിച്ചില്ല. അതിനാൽ സാത്താൻ അവിടേയും തോററു. അപ്പോൾ മറിയത്തിനു് പ്രസവിക്കാൻ സ്ഥലം കിട്ടാതിരിക്കാൻ സാത്താൻ ശ്രമിച്ചു. അതുകൊണ്ടാണു് നിന്ദ്യമായ കല്ലടാവിൽ വച്ചു് മറിയം പ്രസവിക്കേണ്ടിവന്നതു്. അവിടേയും സാത്താൻ പരാജയപ്പെട്ടപ്പോൾ ശിശുവായ യേശുവിനെ ഹേറോദോസിനെക്കൊണ്ടു് കൊല്ലിക്കാൻ സാത്താൻ പ്രേരിപ്പിച്ചു. ഇതറിഞ്ഞ ദൈവം ശിശുവിനെ ഈജിപ്തിൽ കൊണ്ടുപോയി രക്ഷിച്ചു. ഇവിടേയും സാത്താൻ പരാജയപ്പെട്ടപ്പോൾ ക്രൂശിച്ചു കൊല്ലുവാൻ സാത്താൻ യൂദന്മാരെ പ്രേരിപ്പിച്ചു.

യൗസേബിയൂസ് സഭാചരിത്രം ed യാക്കോബ്ബ് കശീശാ ചിങ്ങവനം' 1945. പേജ് 57-59, 62-63, 81-82.

(ഈജിപ്തിൽ സാത്താനു് പ്രവേശിക്കാൻ സാധ്യമല്ല എന്നും. ദൈവം പരാജയപ്പെടുകയും സാത്താൻ ജയിക്കുകയും ചെയ്തുവെന്നാണു് ഈ കുറിപ്പിൻെറ അവസാനഭാഗം കൊണ്ടു് മനസിലാകുന്നതു്.)

''നേർച്ച പുത്രിയെ വിവാഹം ചെയ്തുകൊടുക്കുന്നതു് ദേവാലയം കവർച്ച ചെയ്യുന്നതിനു് തുല്യമായി ഗണിക്കപ്പെട്ടിരുന്നു എന്നാണു് കശീശായുടെ വിവരണത്തിൽ നിന്നും മനസിലാകുന്നതു്. ഈ നിലക്കു് നേർച്ച പുത്രിയായ മറിയം വിവാഹിതയായതുതന്നെ നിയമവിരുദ്ധമായിട്ടായിരുന്നു. എന്നിട്ടും നേർച്ച പുത്രിയുടെ വിവാഹത്തെ ന്യായീകരിക്കാൻ കശീശ നടത്തിയ വിവരണം ശരിയാണെങ്കിൽ ഈ ദൈവ കല്പനയുടെ പിന്നിലുള്ള രഹസ്യവും ദൈവം പുരോഹിതർക്കു് വെളിപ്പെടുത്തിക്കൊടുത്തിരിക്കണം. ആ നിലക്കു് യേശുവിൻെറ ജനനം ദൈവികമാണെന്നും യേശുദൈവപുത്രനാണെന്നും പുരോഹിതർക്കു് അറിയാമായിരിക്കണം. എന്നാൽ ഇതു് വെറും നുണക്കഥയാണെന്നു് തുടർന്നുള്ള വിവരണത്തിൽ നിന്നും മനസിലാക്കാം.

(പുരോഹിതന്മാരാണല്ലോ യേശുവിനെതിരെ നിന്നു് പൊരുതിയതും കൊന്നതും)

അവിവാഹിതയായ സ്ത്രീഗർഭം ധരിച്ചാൽ അവളെ കല്ലെറിഞ്ഞുകൊല്ലണമെന്നുള്ള നിയമം അന്നു് നിലവിലുണ്ടായിരുന്നു. അതിനാൽ മറിയത്തേയും അവളുടെ ഗർഭസ്ഥ ശിശുവിനേയും രക്ഷിക്കാനാണു് മറിയത്തെ വിവാഹം ചെയ്യിപ്പിച്ചതു് എന്നുകൂടി കശീശാ പറയുന്നു.

ഇതു് സൂചിപ്പിക്കുന്നതു് മറിയം ദേവാലയത്തിൽവെച്ചു് പുരോഹിതന്മാരാൽ ഗർഭിണിയായിരുന്നു എന്നാണു്. എന്നാൽ അവളെ നിർഭയം പെരുവഴിയി

ലേക്ക് തള്ളാൻ പുരോഹിതന്മാർക്ക് കഴിയുമായിരുന്നില്ല. കാരണം, അവൾ പൊതുജനസമക്ഷം ഗർഭത്തിന് കാരണക്കാരായ പുരോഹിതന്മാരെ ചൂണ്ടിക്കാണിക്കുമെന്നുള്ള ഭയംതന്നെ. നിലവിലുള്ള മതനിയമത്തെപോലും മറികടന്നാണ് മറിയത്തെ വിവാഹംചെയ്തതു്. നിയമലംഘനത്തെ ചോദ്യം ചെയ്യാതിരിക്കാനുള്ള മാർഗ്ഗമായിരുന്നു ദൈവത്തിന്റെ അരുളപ്പാടുണ്ടായിഎന്നു പറഞ്ഞു പരത്തിയതും. ഏഴുമക്കളുടെ പിതാവും ദരിദ്രനും പടുകിളവനുമായ ജോസഫിനെ കൊണ്ടാണ് വെറും പതിമൂന്നുവയസ്സുമാത്രം പ്രായമുള്ള—കൗമാരപ്രായം കടന്നിട്ടില്ലാത്ത പെൺകുട്ടിയെ വിവാഹം കഴിപ്പിച്ചതെന്നും ഓർക്കണം. പുരോഹിതന്മാരുടെ സമ്മർദ്ദവും ഭീഷണിയും പാരിതോഷികവും ആയിരിക്കാം ജോസഫിനെ അതിലേക്ക അടുപ്പിച്ചതും. അതുപോലെതന്നെ മറിയത്തിന്റെ അനാഥാവസ്ഥയും പുരോഹിതന്മാരുടെ ഭീഷണിയുമാകാം കിളവനായ ജോസഫിന്റെ ഭാര്യയാകാൻ മറിയത്തെ പ്രേരിപ്പിച്ചതും. വ്യഭിചാര കുററം ചുമത്തി മറിയത്തെ കല്ലെറിഞ്ഞു കൊല്ലുന്നതിന് സാത്താൻ യൂദന്മാരെ പ്രേരിപ്പിച്ചു.' ഈ വിവരണത്തിൽനിന്നും മനസ്സിലാകുന്നതു് മറിയം ഗർഭിണിയായിരുന്നു എന്നറിയാതെയാണ് ജോസഫ് മറിയത്തെ വിവാഹം കഴിച്ചതെന്നും, അവൾ ഗർഭിണിയായിരുന്നു എന്നറിഞ്ഞപ്പോൾ ജോസഫ് ഉപേക്ഷിക്കുകയും വ്യഭിചാരക്കുററം ആരോപിച്ച് അവളെ ന്യായാധിപന്മാർ മുമ്പാകെ ഹാജരാക്കുകയും ചെയ്തുവെന്നും കശിശായുടെ വിവരണം വെളിപ്പെടുത്തിയിട്ടുണ്ട്. ഇതുകൊണ്ടാവാം മറിയം നിത്യദുഖിതയായിരുന്നുവെന്നും കശിശ പറഞ്ഞതു്. മറിയം വ്യഭിചാരകുററത്തിൽനിന്നും രക്ഷപ്പെട്ടു എന്നതും ശ്രദ്ധേയമാണ്. എന്നാൽ മറിയത്തിന് വധശിക്ഷയിൻനിന്നും രക്ഷപ്പെടാൻ രണ്ടുമാർഗ്ഗങ്ങൾ മാത്രമാണു

ഒരു നോവൽ എഴുതിയതിന്റെ പേരിൽ ഒരു സഭ (മലങ്കര മാർത്തോമ്മാ)
ഒരു പുരോഹിതനെ പുറത്താക്കി. ആ പുസ്തകമാണു്,

**ജോസഫ് എന്ന തച്ചൻ**

**By നെററിയാടൻ**

(റവ: ററി. സാമുവൽ വികാരി, മാർത്തോമ്മാ ഇടവക പേരയം)

**വില: 70 ക.**

**ഋഷി ബുക്ക്സ്, കൊട്ടാരക്കര-691 506**

ഏതാനും പുസ്തകം യുക്തിവിചാരം ഓഫീസിലും സ്റ്റോക്കുണ്ട്.
60 ക M. O. ആയി അയച്ചുതരുന്നവക്ക് പോസ്റ്റേജ് സൗജന്യമായി
അയച്ചു തരുന്നതാണ്. വി. പി. ഏർപ്പാടില്ല.

M. O. അയക്കേണ്ട വിലാസം:
**എ. വി. ജോസ്, കുററിപ്പുഴ നഗർ, തൃശ്ശൂർ-680 004.**

ണ്ടായിരുന്നതു്.

1) ദൈവനിശ്ചയപ്രകാരമാണു് മറിയം ഗർഭിണിയായതെന്നു് പുരോഹിതന്മാർ ന്യായാധിപന്മാർ മുമ്പാകെ മൊഴി നൽകണം. എന്നാൽ അതുണ്ടായില്ല എന്നതാണു് യേശുവിന്റെ ജീവിതകഥ തെളിയിക്കുന്നതു്. അതായതു് ദൈവത്തിന്റെ തിരുമൊഴിയാൽ ആണു് മറിയം ഗർഭിണിയായതെങ്കിൽ യേശുവിനെ പുരോഹിതന്മാർ ദൈവപുത്രനായി അംഗീകരിച്ചാരാധിക്കുമായിരുന്നുവല്ലോ. എന്നാൽ അതുണ്ടായില്ലതന്നെ. 2) മറിയത്തിന്റെ ഗർഭത്തിനു് ഉത്തരവാദി ജോസഫ് തന്നെയാണെന്നു് ന്യായാധിപന്മാർ മുമ്പാകെ മറിയവും ജോസഫും സമ്മതിച്ചിരിക്കണം. ഈ സമ്മതമാണു് മറിയത്തെ വധശിക്ഷയിൽനിന്നും രക്ഷിച്ചതെന്നു് തുടന്നുള്ള കഥ തെളിവു നല്കുന്നുമുണ്ടു്. ജോസഫും മറിയവും ഭാര്യാഭർത്താക്കന്മാരായിട്ടാണല്ലോ അറിയപ്പെടുന്നതും. ങ്ങനെയെങ്കിൽ ജോസഫും മറിയവും ന്യായാധിപന്മാർ മുമ്പാകെ കള്ള മൊഴിയാണു് നല്കിയതെന്നു ബൈബിൾ വചനമനുസരിച്ചു് വ്യക്തമാക്കുന്നുണ്ടു്. ന്യായാധിന്മാർ മുൻ പാതെ മറിയം തന്റെ ഗർഭത്തിനു ഉത്തരവാദി പരിശുദ്ധാത്മാവാണു് എന്നു പറഞ്ഞു് രക്ഷപ്പെട്ടതായി കരുതാനാവില്ലല്ലോ. അങ്ങിനെയായിരുന്നുവെങ്കിൽ നിയമവും പുരോഹിതരും യേശുവിനെതിരെ പടവാളെടുക്കുകയില്ലായിരുന്നുവല്ലോ.

മറിയം സ്വയംരക്ഷക്കുവേണ്ടിയും ജോസഫ് പുരോഹിതന്മാരെ ഭയന്നോ അവരിൽനിന്നു വാങ്ങിയ പണത്തിന്റെ പേരിലോ മറിയത്തെ രക്ഷിക്കാനുള്ള സ്വയം പ്രേരണകൊണ്ടോ ആവാം ജോസഫ് കള്ളം പറഞ്ഞതു്. എന്തുതന്നെയായാലും നുണ നുണതന്നെയാണു്. അതിനാൽ മറിയവും ജോസഫും വിശുദ്ധരല്ലെന്നും യേശു പുരോഹിത പുത്രനാണെന്നും കശിശായുടെ വിവരണം കൊണ്ടെത്തിച്ചിരിക്കുകയാണു്. ദൈവത്തിന്റെ പുത്രനായ യേശുവിനെ സാത്താനിൽനിന്നും രക്ഷിക്കാൻ ദൈവം തന്റെ സ്വന്തം രാജ്യമായ ഇസ്രായേലിൽനിന്നും സാത്താന്റെ നാടായ ഈജിപ്തിൽ കൊണ്ടുപോയി ഒളിപ്പിക്കേണ്ടിവന്നു എന്നതു് ദൈവത്തിന്റെ കഴിവുകേടിനെയാണു് കശിശ വെട്ടിത്തുറന്നു കാണിച്ചതു്. ദൈവവും ദൈവത്തിന്റെ സൃഷ്ടിയായ സാത്താനും തമ്മിലുള്ള പോരാട്ടത്തിൽ സൃഷ്ടാവായ ദൈവത്തെ പരാജയപ്പെടുത്തികൊണ്ടു് സാത്താന്റെ വിജയമാണു് ഇവിടെ തുറന്നു കാണിക്കുന്നതും.

യഹൂദന്മാരുടെ ആധികാരിക ഗ്രന്ഥമായ തൽമൂദിൽനിന്നും റവ: ഡോ: സേവ്യർ കോടംപുഴ തന്റെ സഭാചരിത്രത്തിൽ എടുത്തുകാണിച്ചിരിക്കുന്ന ഈ ഭാഗം കൂടി ശ്രദ്ധിക്കുക: (തിരുസഭാ ചരിത്രം റവ: ഡോ: സേവ്യർ കോടംപുഴ, കോട്ടയം-പേജ് 41)

'നോഡ്രിൻകാരൻ യേശു ഒരു മുടിമിനുക്കുകാരി മേരിയിൽനിന്നും ജനിച്ചു. മേരിയുടെ ഭർത്താവിന്റെ പേരു് പപ്പോസ് എന്നായിരുന്നു. എന്നാൽ യേശുവിന്റെ യഥാർത്ഥ പിതാവിന്റെ പേർ പന്തേറാ എന്നായിരുന്നു. ഈ പന്തേറയാണു് യേശുവിനെ ഈജിപ്തിൽ എത്തിച്ചതും ജോഷ്വാ എന്ന മാജിക്കുകാരന്റെ

# * "അന്ധമായ ഈ പ്രകൃതി"

ഭൂതലം വീണ്ടും വീണ്ടും കുലുങ്ങിയിളകിപ്പോ-
യാകയപ്രദേശവുമപ്പള്ളി സങ്കേതവും!
ഞായറിൻ പ്രഭാതത്തിൽ ഭക്തരക്കുർബ്ബാനയിൽ
സാദരം പങ്കാളിത്തം കൈക്കൊണ്ടു വണങ്ങുമ്പോൾ,
കെട്ടിട മേൽക്കൂരയിൽ തിരുകി ഘടിപ്പിച്ചു-
നിർത്തിയ ലോഹപ്പാളി ഭക്തരിൽ നിപതിക്കേ,
വീണ്ടുമപ്പള്ളിക്കുള്ളിൽ പ്രാർത്ഥനാ നിരതരാ-
യാണ്ടുനിന്നവർ ഭാവീഭൂകമ്പ സുരക്ഷയിൽ!!

ദിനങ്ങൾ സമാധാന പൂർണ്ണമായ്ത്തന്നേപോയി-
പ്പിന്നാലെ വന്നെത്തിയാ ഘോരമാം ദിനം വേഗം!
പള്ളിക്കെട്ടിടം തകർന്നടിഞ്ഞു നിപതിച്ച-
ങ്ങുള്ളിലുള്ളവർ സർവ്വം മരണം പ്രാപിക്കയായ്!!
വൃദ്ധരും കിടാങ്ങളും സുന്ദരീമണികളും,
ബദ്ധപൂരുഷന്മാരും മൃത്യുവിൻ കൈകളിലായ്!!
കഷ്ട,മാദൈവത്തിനും രക്ഷിക്കാൻ കഴിഞ്ഞീലാ-
ഭക്തരെ മരണത്തിൻ ഘോരവക്ത്രത്തിൽനിന്നും!!!

ദൈവവും മനുഷ്യരും ഹന്ത! തുല്യന്മാർ തന്നെ,
കാഴ്ചകേൾവികളില്ലാ ദൃഷ്ടമാം വിശ്വാക്ഷിയിൽ!!
വിശ്വചേതനക്കില്ലായിപ്പൊഴും 'തിരച്ചിലും',
കേൾക്കുവാനപ്രാർത്ഥന-ദൈവത്തിൻ നേർക്കുള്ളവ!!
(മാനവമനങ്ങളിൽ ദൈവത്തെ സൂക്ഷിച്ചവർ!)
കഷ്ട,മീമനുഷ്യരും ദൈവവുമൊരുപോലെ-
ചെററയാമിരകളീ വിശ്വത്തിൻ വിലാസത്തിൽ!!

* ഈയിടെ എൽസാവഡോർ, ഇന്ത്യ എന്നീ രാജ്യങ്ങളിലായി ആയിരക്കണക്കിനാളുകൾ ഭൂകമ്പാത്യാഹിതത്തിൽ മരണമടഞ്ഞു.

('Bizz Buzz' Magazine-ൽ പ്രസിദ്ധീകരണത്തിന് അയച്ചിട്ടുള്ള 'Blind the Nature' എന്ന ഇംഗ്ലീഷ് കവിതയുടെ പരിഭാഷ.)

മൂലവും പരിഭാഷയും — വർഗീസ് വട്ടക്കാവ്

---

കീഴിൽ മാജിക്കുവേലകൾ പഠിക്കാൻ സഹായിച്ചതും മാജിക്കു പഠിച്ചുകഴിഞ്ഞപ്പോൾ യേശു യെറുശലേമിൽ തിരിച്ചെത്തുകയും തുടർന്ന് മാജിക്കുവേലകൾ കാട്ടി അടിമവർഗ്ഗങ്ങളുടെ നേതാവാകുകയും, രാജ്യത്ത് അഭ്യന്തരകലഹം സൃഷ്ടിക്കാൻ തുടങ്ങി എന്നതിന്റെ പേരിൽ അറസ്റ്റുചെയ്തു തടങ്കലിൽ പാർപ്പിക്കുകയും യൂദാ എന്നൊരാൾ മാത്രമാണ് യേശുവിനെതിരെ സാക്ഷിപറഞ്ഞതെന്നും ഈ സാക്ഷിതെളിവിൽ പെസഹായുടെ തലേദിവസം യേശുവിനെ കല്ലെറിഞ്ഞു കൊന്നുവെന്നും.'

# പ്രശസ്ത യുക്തിവാദി പത്മനാഭൻ പള്ളത്ത് സർവ്വീസിൽ നിന്നും വിരമിച്ചു



പൊതുമരാമത്ത് വകുപ്പിൽ നിന്നു് 30 വർഷത്തെ പ്രശസ്ത സേവനത്തിനു് ശേഷം മഞ്ചേരി പി. ഡബ്ല്യു. ഡി. ബിൽഡിംഗ്സ് സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയർ പത്മനാഭൻ പള്ളത്ത് 2001 ഫെബ്രുവരി 28നു് സർവ്വീസിൽ നിന്നും വിരമിച്ചു.

മഞ്ചേരി റസ്റ്റ്ഹൗസിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സുന്ദരം പിള്ളയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യാത്രയയപ്പ് യോഗത്തിൽ പത്മനാഭൻ പള്ളത്തിൻെറ സഹപ്രവർത്തകരും സുഹൃത്തുക്കളും പങ്കെടുത്തു. എഞ്ചിനീയർമാരായ നാരായണൻ, സുധാകരൻ, കൃഷ്ണകുമാർ, ഗീത എന്നിവരും ഡോ: കെ. ആർ. വാസുദേവൻ, പി. ബാലകൃഷ്ണൻ (മാതൃഭൂമി) എന്നിവരും പ്രസംഗിച്ചു. കെ. മുഹമ്മദ് സ്വാഗതം പറഞ്ഞു. 1971ൽ തിരുവനന്തപുരത്ത് ജോലിയിൽ പ്രവേശിച്ച പത്മനാഭൻ കോഴിക്കോട്ട്, നിലമ്പൂർ, മഞ്ചേരി എന്നീ സ്ഥലങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്.

വിരമിക്കുമ്പോൾ നിലമ്പൂർ ബിൽഡിംഗ് സെക്ഷൻെറ അധികച്ചുമതലകൂടി വഹിച്ചിരുന്ന ഇദ്ദേഹം എടവണ്ണ, മമ്പാട്, അമരമ്പലം, കരുളായി എന്നീ പഞ്ചായത്തുകളിലെ ജനകീയാസൂത്രണ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും വഹിച്ചിരുന്നു. കേരള എൻ. ജി. ഒ. യൂണിയൻെറ കോഴിക്കോട് ജില്ലാ നേതൃനിരയിൽ പ്രവർത്തിച്ചിരുന്ന പത്മനാഭൻ യൂണിയൻെറ വെസ്റ്റ്ഹിൽ ബ്രാഞ്ച് സ്ഥാപക പ്രസിഡണ്ടാണു്. കേരള യുക്തിവാദി സംഘത്തിൻെറ സംസ്ഥാന സെക്രട്ടറിയായിരുന്നു. എ. ടി. കോവൂർ സ്മാരകട്രസ്റ്റിൻെറ സെക്രട്ടറിയാണു് ഇപ്പോൾ.

കോളേജ് വിദ്യാഭ്യാസ കാലത്ത് പട്ടാളത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പത്മനാഭനെ 1965ൽ കമ്യൂണിസ്റ്റാണെന്ന കാരണം പറഞ്ഞു് പിരിച്ചുവിടുകയായിരുന്നു. അതിൽ പിന്നെയാണു് കേരള സർക്കാർ സർവ്വീസിൽ പ്രവേശിച്ചതു്.

**ഉണ്ണി കാക്കനാട് അനുസ്മരണ സമ്മേളനം:-** പത്രപ്രവർത്തകനും യുക്തിവാദിയും സാമൂഹ്യ പ്രവർത്തകനും എം. സി. ക്കശേഷം കുറെകാലം യുക്തിവാദി മാസിക പ്രസിദ്ധീകരിക്കുകയും ചെയ്ത ഉണ്ണി കാക്കനാടിൻെറ 4-ാം ചരമ

വാർഷികത്തോടനുബന്ധിച്ച് 8-4-2001 ഞായറാഴ്ച പുല്ലൂർ S. N. B. S L. P. സ്കൂളിൽ (ഇരിങ്ങാലക്കുട-റെയിൽവേസ്റ്റേഷൻ റോഡ്) വെച്ച് രാവിലെ 9മണി മുതൽ അനുസ്മരണ സമ്മേളനം നടത്തുന്നതാണ്. ധനുവെച്ചപുരം സുകുമാരൻ, യു. കലാനാഥൻ, ശബരിഗിരീഷ്, സി. ജി. ജയശങ്കർ, പി. ബി. പ്രേമരാജൻ, കെ സി. രണദിവേ തുടങ്ങിയവർ സംബന്ധിക്കും. സമ്മേളനത്തോടനുബന്ധിച്ച് മെഡിക്കൽ ക്യാമ്പ്, കുടുംബസംഗമം, സെമിനാർ, അനുസ്മരണ സമ്മേളനം, ജാഥ, പൊതുയോഗം ദിവ്യാത്ഭുത അനാവരണ പരിപാടികൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**ജാതീയതയുടെ തിരിച്ചുവരവ് ഒരു സംവാദം:-** കേരള യുക്തിവാദി സംഘം പാലക്കാട് ജില്ലാക്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പാലക്കാട് അർച്ചന നേഴ്സിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജാതീയതയുടെ തിരിച്ചുവരവ് എന്ന വിഷയത്തിൽ സംവാദം നടത്തി. സി. ഗംഗാധരൻെറ അദ്ധ്യക്ഷതയിൽ സാബുഫിലിപ്പ് വിഷയം അവതരിപ്പിച്ചു. പി. കെ സുകുമാരൻ, വി. പി. പുരുഷോത്തമൻ, എസ്. രമണൻ, മുത്തുലാമണി, എൻ സതീഷ്കുമാർ, സദാനന്ദൻ എന്നിവർ സംസാരിച്ചു ജില്ലാ സെക്രട്ടറി ശബരിഗിരീഷ് സ്വാഗതവും പി. അനിൽ കുമാർ നന്ദിയും പറഞ്ഞു.

**ആധുനിക മനോരോഗ ചികിത്സയ്ക്ക് ഹിപ്പ്നോട്ടിസവും ആവശ്യം:-** പ്രശസ്ത മനോരോഗ ചികിത്സകനും റിട്ട: ഗവ: ഡോക്ടറുമായ ജി. രാമൻ (കായംകുളം) ആധുനിക മനോരോഗ ചികിത്സക്കും കൗൺസിലിംഗിനും ഹിപ്പ്നോട്ടിസത്തിൻെറ പ്രസക്തി ആവശ്യമാണെന്നു പ്രസ്താവിച്ചു.

ആലപ്പുഴ-കളർകോട്ട ഗവ: യു. പി. എസിൽ മാർച്ച് 11-ഞായറാഴ്ച രാവിലെ 10മണിക്ക് കേരളാ മന:ശാസ്ത്ര പ്രചരണവേദി സംഘടിപ്പിച്ച ഹിപ്പ്നോട്ടിസം പ്ലസ് പേർസണാലിററി ഡവലപ്പ്മെൻറ് കോഴ്സ് ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വേദിയിൽ ഇരുന്ന നൂറുകണക്കിനു ആൾക്കാരെ മാസ്ഹിപ്പ്നോടൈസ് ചെയ്തു ഉറക്കിക്കൊണ്ട്. സാമൂഹ്യപ്രവർത്തകനായ പി. പി. സുമനൻ ഹിപ്പ്നോട്ടിസത്തിൻെറ വിവിധതലങ്ങളെ വിശദീകരിച്ചുകൊണ്ട് ക്ലാസ് എടുത്തു.

ആദ്യബാച്ചിൽ പരിശീലനം നേടിയ എസ്. വേണു ആൾക്കാരെ ഹിപ്പ്നോട്ടൈസ് ചെയ്തു മിഥ്യാബോധം സൃഷ്ടിച്ചശേഷം അവരുടെ മരിച്ചുപോയ ബന്ധുക്കളുടെ ആത്മാക്കളേയും ഇഷ്ടദൈവങ്ങളേയും വരുത്തിക്കാണിച്ചുകൊടുത്തു.

അതിനുശേഷം പാവപ്പെട്ടവരുടെ ഇടയിലെ മദ്യപാനത്തിനും, മതാന്ധതക്കും വർഗ്ഗീയതക്കും എതിരേ പോരാട്ടം നടത്തുന്ന കളർകോട്ട ലക്ഷംവീട്ടിലെ എ രവീന്ദ്രനു യുക്തിവാദിസംഘത്തിൻെറ പേരിൽ പി പി. സുമനൻ, 5000 രൂപയുടെ കാഷ് അവാർഡും കീർത്തിപത്രവും നൽകി ആദരിച്ചു.

അന്നേദിവസം 2-30 P. Mനു ചേർത്തല നടന്ന ക്ലാസ് പ്രൊഫ: ഫ്രാൻസിസ് സേവ്യർ ഉദ്ഘാടനം ചെയ്തു. പി. പി. സുമനൻ, എസ്. വേണു തുടങ്ങിയവർ ക്ലാസ് എടുത്തു.

YUKTHIVICHARAM
Registration No. KL/CR/TCR/069/2001 Phone: 381020

ഒരു അനന്തമായ പാരമ്പര്യം. ഒരു ഇതിഹാസം

## കോട്ടക്കൽ ആര്യവൈദ്യശാല

(Ayurveda, The Authentic Way)

ദിവംഗതനായ വൈദ്യരത്നം പി. എസ്. വാരിയരുടെ ദീർഘ
ദർശനവും മാർഗ്ഗദർശിത്വവുമാണ് ഈ സ്ഥാപനത്തെ
ഇന്നത്തെ നിലയിലേക്ക് ഉയർത്തിയത്.

* ഇവിടെ മാറാരോഗികൾക്ക് ആശ്വാസം നല്കുന്ന ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമ്മിക്കുന്നു
* നവീന സൗകര്യങ്ങളോടുകൂടിയ ഇവിടത്തെ ആയുർവ്വേദിക് ഹോസ്പിററൽ [illegible]സർച്ച് സെൻററിൽ വസ്തി, നസ്യം മുതലായ പഞ്ചകർമ്മങ്ങളും, ധാര, പിഴിച്ചിൽ, നവരക്കിഴി മുതലായ മററു സ്നേഹ–സ്വേദ കർമ്മങ്ങളും നിർവ്വഹിച്ചു കൊടുക്കുന്നു.
* അവശർക്ക് ആശ്വാസകേന്ദ്രമായ ധർമ്മാശുപത്രി നടത്തുന്നു.
ആയുർവ്വേദ കോളേജിൻെറ നടത്തിപ്പിന്ന് ധനസഹായം നല്കി ആയുർവ്വേദ വിദ്യാഭ്യാസത്തിന് പ്രചോദനം നല്കുന്നു.
* ആയുർവ്വേദത്തിൻെറ വളർച്ചയ്ക്കായി ആയുർവ്വേദ സെമിനാറുകളും പ്രബന്ധമത്സരങ്ങളും നടത്തുകയും ആയുർവ്വേദ പുസ്തകങ്ങളും "ആര്യവൈദ്യൻ" (ഇംഗ്ലീഷ്) ത്രൈമാസികയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.
* കഥകളിയുടെ പരിപോഷണത്തിന്നായി പി. എസ്. വി. നാട്യസംഘം നടത്തുന്നു.

ESTD 1902

വൈദ്യരത്നം പി. എസ്. വാരിയരുടെ

## ആര്യവൈദ്യശാല

കോട്ടക്കൽ-676 503

Regd Trade Mark
Phone: HO (0493) 742216–19, 742561-64 & 742571
Fax: 0493-742210, 742572
Web Site : www.aryavaidyasala.com
E-mail : kottakal@vsnl.com
kottakal@md3.vsnl.net.in

ശാഖകൾ: കോഴിക്കോട്, പാലക്കാട്, തിരൂർ, എറണാകുളം, ആലുവ, തിരുവനന്തപുരം, ചെന്നൈ, കണ്ണൂർ, കോയമ്പത്തൂർ, ന്യൂഡൽഹി, കൽക്കത്ത, കോട്ടയം, സെക്കന്തരാബാദ് കൂടാതെ 850ൽ-പരം ഏജൻസികളും.

Edited, Printed & Published by A. V. Jose, Kuttipuzha Nagar, Thrissur-680 004 at Sulabha Printers, Calvari Road, Thrissur-680 004 (Ph : 384927)

# യുക്തിവിചാരം

2001 ഏപ്രിൽ




ഈയ്യിടെ അന്തർദേശീയമായി ആദർശവിവാഹിതരായ
പെർട്ടിയും രത്നയും (വാത്ത 30-ാം പേജിൽ)

യുക്തിവാദപ്രചരണവേദി, തൃശ്ശൂർ - 680004
വില : 5 രൂപ